**A. K. BALAN**
MINISTER FOR WELFARE OF SC/ST & BC, LAW,
CULTURE & PARLIAMENTARY AFFAIRS
GOVERNMENT OF KERALA


Thiruvananthapuram

Date: 21-10-2019



## ആശംസ

പട്ടികവർഗ്ഗ വികസന വകുപ്പ് പ്രസിദ്ധീകരിക്കുന്ന ഗോത്രജാലകം കൈപ്പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. കഴിഞ്ഞ മൂന്നര വർഷമായി ഈ സർക്കാർ പട്ടികവിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്കായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. വിദ്യാഭ്യാസ പുരോഗതി, തൊഴിൽ ലഭ്യത, സാമൂഹ്യ സുരക്ഷ എന്നിവ ലക്ഷ്യമിട്ടാണ് പ്രധാനമായും പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

സാമൂഹ്യപഠനമുറി, വാത്സല്യനിധി, ഗോത്രജീവിക, ഗോത്രബന്ധു തുടങ്ങിയ പുതിയ പദ്ധതികൾ ഈ വഴിക്കുള്ള ചുവടുവെയ്പാണ്. വകുപ്പിലെ എല്ലാ പദ്ധതികളും പൂർണമായി നടപ്പാക്കുന്നതിനും ഗുണഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനും ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ആത്മാർത്ഥമായ സഹകരണവും ഇടപെടലും ഒഴിച്ചുകൂടാനാവാത്തതാണ്. അതിന് അവരെ സഹായിക്കുന്നതാകണം ഈ കൈപ്പുസ്തകം. അതുപോലെ എല്ലാ പദ്ധതികളുടെയും വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഈ പുസ്തകം പട്ടിക വിഭാഗങ്ങളുടെ കൈകളിൽ എത്തുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം.

കൈപ്പുസ്തകത്തിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

എ.കെ. ബാലൻ



ബഹുമാന്യരേ,

പട്ടികവർഗ്ഗ വികസനവകുപ്പിനെക്കുറിച്ചും, വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധങ്ങളായ പദ്ധതികളെക്കുറിച്ചും പൊതു ജനങ്ങളിലും, പട്ടികവർഗ്ഗ ജനവിഭാഗത്തിനും അവബോധം സൃഷ്ടിക്കുന്നതിന് പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ അടിസ്ഥാനവിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയാണ്. ഈ കൈപ്പുസ്തകം അതിലെ ഉള്ളടക്കം കൊണ്ട് ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ ആളുകൾക്കും ഏറെ ഉപകാരപ്രദമായിരിക്കും എന്ന് കരുതുന്നു.

എക്കാലത്തും ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു ജനതയുടെ ഉയർത്തെഴുന്നേൽപ്പിന് വിദ്യാഭ്യാസവും വേണ്ടത്ര അവബോധവും കൂടിയേതീരു. ഇവ സാദ്ധ്യമാക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ് സർക്കാരും, വകുപ്പും. ഇവ കൈവരിക്കുന്നതിന് വകുപ്പിനോടൊപ്പം മറ്റ് ഇതര വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും വിശിഷ്യാ ഈ വിഭാഗത്തിലെ വിവിധ സംഘടനാനേതാക്കളുടെയും നിസീമമായ സഹകരണം പ്രതീക്ഷിച്ചു കൊണ്ട് 2019ൽ ഗോത്രജാലകം എന്ന പേരിൽ വകുപ്പ് പ്രസിദ്ധീകരിക്കുന്ന ഈ കൈപ്പുസ്തകത്തിന് എല്ലാവരുടെയും സഹകരണം ഉണ്ടാകുമെന്ന പ്രതീക്ഷയോടെ...

**ഡോ.പി.പുഗഴേന്തി. ഐ.എഫ്.എസ്.**

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

# ഉള്ളടക്കം


1. പട്ടികവർഗ്ഗ വികസനവകുപ്പ്- ഒരു ആമുഖം
2. പട്ടികവർഗ്ഗ വിഭാഗം കേരളത്തിൽ
   - (എ) അടിസ്ഥാനവിവരങ്ങൾ
   - (ബി) പട്ടികവർഗ്ഗ ജനസംഖ്യ – ജില്ലകളിലൂടെ
   - (സി) കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങൾ
3. പട്ടികവർഗ്ഗ വികസനത്തിന്റെ നാൾവഴികൾ
4. പട്ടികവർഗ്ഗ വികസനവകുപ്പ്
   - (എ) ഭരണ സംവിധാനം
   - (ബി) ഓഫീസുകൾ
   - (സി) സ്ഥാപനങ്ങൾ
5. പട്ടികവർഗ്ഗ വികസനപദ്ധതികൾ
   - (എ) വിദ്യാഭ്യാസ പദ്ധതികൾ
   - (ബി) ആരോഗ്യ പദ്ധതികൾ
   - (സി) സമൂഹ്യ – സാമ്പത്തിക ഉന്നമനപദ്ധതികൾ
   - (ഡി) സാംസ്കാരിക പദ്ധതികൾ
6. നിയമ പരിരക്ഷ
7. പട്ടിക വർഗ വികസന വകുപ്പ് – 2018–19 നേട്ടങ്ങൾ
8. പട്ടികവർഗ്ഗ വികസന വകുപ്പ് – പദ്ധതി വിഹിതം – 2019–20
9. പട്ടിക വർഗ്ഗ വികസന വകുപ്പ് പുതിയ സംരംഭങ്ങൾ
10. ഫോട്ടോ ഗ്യാലറി

# ആമുഖം

സ്വാതന്ത്ര്യലബ്ധിക്കുശേഷം പട്ടികവർഗക്കാർക്കു വേണ്ടിയുള്ള പദ്ധതികൾ ആദ്യകാലങ്ങളിൽ നടപ്പാക്കിയിരുന്നത് പട്ടികജാതി വികസനവകുപ്പിന്റെ പദ്ധതികളുടെ ഭാഗമായിട്ടായിരുന്നു. പട്ടികവർഗക്കാർക്കായിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ അവർ പരമ്പരാഗതമായി ആചരിച്ചു വന്നിരുന്ന പ്രത്യേക ഗോത്ര സംസ്കാരത്തിന് കോട്ടം തട്ടാത്ത രീതിയിലും അതേസമയം കാലത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ചും ആയിരിക്കേണ്ടതാണ്. ഇവരെ സമൂഹത്തിലെ ഇതര വിഭാഗത്തോടൊപ്പം വികസനകാര്യത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. പട്ടികവർഗക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനോ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനോ മേൽ സൂചിപ്പിച്ച സംവിധാനത്തിൽ കഴിഞ്ഞിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് അഞ്ചാം പദ്ധതിയുടെ ആദ്യവർഷം മുതൽ (1974-75) പട്ടികവർഗക്കാർക്ക് മാത്രമായിട്ടുള്ള പട്ടികവർഗ ഉപപദ്ധതി (റ്റി.എസ്.പി) സംസ്ഥാനത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കിത്തുടങ്ങിയത്. പട്ടികവർഗ ഉപപദ്ധതിയുടെ ഭാഗമായി സംസ്ഥാനബജറ്റിൽ വിവിധ വികസനവകുപ്പുകളുടെ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുമ്പോൾ പട്ടികവർഗ ജനസംഖ്യ 1.4% ആയിരുന്നെങ്കിലും 2% തുക വകയിരുത്തിയിരുന്നു. 2014-15 വർഷം മുതൽ സംസ്ഥാനപദ്ധതി വിഹിതത്തിന്റെ 3% ഓളം പട്ടികവർഗ ഉപപദ്ധതിക്കായി വകയിരുത്തിയിരിയിട്ടുണ്ട്. ഇതര ജനവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രത്യേകം ഗോത്രങ്ങളായി (ഊര്, കുടി, മുതലായവ) പട്ടികവർഗക്കാർ അധിവസിച്ചു വരുന്നതിനാൽ ജനസംഖ്യാനുപാതികമായി അവരുടെ ക്ഷേമ വികസനത്തിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് പട്ടികവർഗ ഉപപദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിപ്രകാരം ഓരോ പട്ടികവർഗ്ഗ പ്രദേശത്തിനും ആവശ്യംവേണ്ട ഭൗതിക സജ്ജീകരണങ്ങൾക്കും, സാമ്പത്തിക വികസനത്തിനും അവരുടെ തനതു സാംസ്കാരിക സവിശേഷതയ്ക്ക് കോട്ടം വരുത്താതെയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുവേണ്ടി 1975-ൽ പട്ടിക വർഗ്ഗ വികസനവകുപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

2011-ലെ ജനസംഖ്യാ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 4,84,839 പട്ടികവർഗ്ഗക്കാർ ഉള്ളതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 1.45 ശതമാനമാണ്. 2011-ലെ സെൻസസ് പ്രകാരം പട്ടികവർഗക്കാരുടെ സാക്ഷരതാ നിരക്ക് 64.35 ശതമാനമാണ്. എന്നാൽ ദേശീയ നിരക്ക് 47.08 ശതമാനം മാത്ര മാണ്. 621 കുടുംബങ്ങളിലായി 2278 പട്ടിക വർഗക്കാർ അധിവസി ക്കുന്ന ഇടുക്കി ജില്ലയിലെ ഇടമലക്കുടി എന്ന പ്രദേശത്ത് ആദ്യത്തെ ട്രൈബൽ പഞ്ചായത്ത് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. 2008-ൽ പട്ടികവർഗ്ഗ വികസനവകുപ്പ് നടത്തിയ സർവ്വേ പ്രകാരം കേരളത്തി ലാകെ 1,07,965-ൽ അധികം പട്ടികവർഗ കുടുംബങ്ങളാണ് സംസ്ഥാന ത്തുള്ളത്. പട്ടികവർഗ ലിസ്റ്റ് ഭേദഗതി വരുത്തിയപ്പോൾ നിലവിലുണ്ടാ യിരുന്ന മറാട്ടി വിഭാഗത്തെ ഒഴിവാക്കുകയും പട്ടികജാതി വിഭാഗക്കാ രായിരുന്നു മാവിലൻ, കരിമ്പാലൻ തുടങ്ങിയ വിഭാഗങ്ങളെ പട്ടിക വർഗ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തതിൻപ്രകാരം 30,000-ൽ കൂടുതൽ ആളുകൾ പട്ടികവർഗ ജനസംഖ്യയിൽ കൂടുതലായി വന്നിട്ടു ണ്ട്. അതേ സമയം 2014 മുതൽ മറാട്ടി സമുദായത്തെ വീണ്ടും പട്ടിക വർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തലമുറകളായി സാമൂഹ്യജീവിതത്തിന്റെ പൊതു ധാരയിൽ നിന്നും വേറിട്ട് കഴിയുന്നവരാണ് കേരളത്തിലെ പട്ടികവർഗക്കാർ. വനാന്തരങ്ങളിൽ ജീവിതവും ബാഹ്യലോകവുമായുള്ള അകൽച്ചയും മൂലം ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവർ പിൻനിരയിലായി ചരിത്രപരമായ കാരണങ്ങളാൽ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിലൊക്കെത്തന്നെ പിന്തള്ളപ്പെട്ടുപോയ ഈ കാടിന്റെ മക്കൾക്ക് സ്വതന്ത്രഭാരതം അതിന്റെ ഭരണഘടനയിൽ തന്നെ പ്രത്യേക അവകാശങ്ങൾ കൽപ്പിച്ചുനൽകിയിട്ടുണ്ട്. നൂറ്റാണ്ടുകളുടെ അകൽച്ച സൃഷ്ടിച്ച സമസ്ത മേഖലകളിലുമുള്ള പിന്നോക്കാവസ്ഥ മാറ്റിയെടു ക്കുവാൻ കേന്ദ്ര സംസ്ഥാനഗവൺമെന്റുകൾ പ്രതിജ്ഞാബദ്ധമാണ്. പട്ടികവർഗ്ഗവ ിഭാഗങ്ങളുടെസ മഗ്രവ ികസനത്തിനായിഇ തിനകം ഒട്ടേറെ പരിപാടി നടപ്പിലാക്കിയെങ്കിലും ലക്ഷ്യത്തിലെത്താൻ ഇനിയും ഏറെ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് ഏറെ പിന്തള്ളപ്പെട്ടുപോയ ഈ ദുർബല വിഭാഗത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് അജ്ഞത വിഘാതമാകുന്നുണ്ട്. ഈ വസ്തുത കണ ക്കിലെടുത്ത് ന്യൂനതകൾ പരിഹരിച്ച് വികസനപ്രവർത്തനങ്ങൾ നടപ്പി ലാക്കുന്നതിന് പട്ടികവർഗ്ഗ വികസനവകുപ്പ് പ്രത്യേക ശ്രദ്ധപതിപ്പിക്കു ന്നു.

സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിച്ചു പട്ടിക വർഗ്ഗ കുട്ടികളുടെ അദ്ധ്യയനനിലവാരം ഉയർത്തുന്നതിനും അവശേ ഷിക്കുന്ന 'ഡ്രോപ് ഔട്ട്' ഒഴിവാക്കുന്നതിനും ഭാവനാപൂർണ്ണമായ പദ്ധ തികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്കാർക്കു സമ്പൂർണ്ണവും സൗജന്യവുമായ ചികിത്സ ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതിയുടെ സേവനം അർഹരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നുവെന്നു ഉറപ്പു വരുത്തുന്നതാണ്. അതിനുപരി ചികിത്സയ്ക്കു സഹായം ആവശ്യമായവർക്കു ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും കാലതാമസമില്ലാതെ എ.റ്റി.എം മുഖേന തുക പിൻവലിക്കുന്നതിനുമുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

മദ്യം, മയക്കുമരുന്ന് തുടങ്ങി എല്ലാവിധ ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനു ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുന്നതിനോടൊപ്പം ഒഴിവു വേളയിൽ സാമൂഹ്യമായി ഒത്തു ചേരുന്നതിനു പരമ്പരാഗത കലാ സാംസ്ക്കാരിക വിനിമയ പ്രവർത്തനങ്ങൾക്കൊപ്പം നവീനആശയങ്ങൾ പങ്കു വെയ്ക്കുന്നതിനുള്ള വേദിയും ഒരുക്കുന്നതാണ്. 0-6 പ്രായമുള്ളവർ, കൗമാര പ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കിടപ്പുരോഗികൾ, 60 വയസിനു മേൽ പ്രായമുള്ളവർ, അഗതികൾ, ആലംബഹീനർ തുടങ്ങിയവർക്കായി സാമൂഹ്യനീതി വകുപ്പും ആരോഗ്യ വകുപ്പും പ്രാദേശിക സർക്കാരുകൾ എന്നിവയുടെ സഹകരണത്തോടെ പ്രത്യേക പരിചരണം ഉറപ്പു വരുത്തുന്നതാണ്.

എല്ലാ പട്ടികവർഗ്ഗകക്കാർക്കും വീടു ലഭ്യമാക്കുന്നതിനും പണി പൂർത്തിയാകാതെ കിടക്കുന്ന വീടുകളുടെ പൂർത്തീകരണവും ലൈഫ്മിഷൻ മുഖേനസമയബന്ധിതമായി നിർവ്വഹിക്കുന്നതാണ്. നിലവിലുള്ള വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും അധികസൗകര്യം ആവശ്യമായ സ്ഥലങ്ങളിൽ അനുവദിക്കുന്നതിനും ഘട്ടം ഘട്ടമായി നടപടി സ്വീകരിക്കുന്നതാണ്. അവശേഷിക്കുന്നവർക്കു കൂടി കുടിവെള്ളവും വൈദ്യുതിയും കക്കൂസും ലഭ്യമാക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

2006 ലെ വനാവകാശ നിയമപ്രകാരം ലഭിക്കുന്ന ഭൂമി ആദായകരമായി കൃഷി ചെയ്തു ശാശ്വതവരുമാനം ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം പട്ടികവർഗ്ഗക്കാരുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിനും അടിയന്തിര പ്രാധാന്യത്തോടെ നടപടി സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ യുവതീ യുവാക്കളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിച്ചു മൃഗസംരക്ഷണം, ക്ഷീരവികസനം, ഉൾനാടൻ മത്സ്യക്കൃഷി, പുഷ്പക്കൃഷി, ശീതകാല പച്ചക്കറി കൃഷി, ചെറുകിട വ്യവസായ സംരംഭങ്ങൾ, വംശീയ ഭക്ഷണം, പാരമ്പര്യ വൈദ്യം, പാരമ്പര്യ കലകൾ, സാംസ്ക്കാരിക തനിമ നിലനിർത്തുന്ന മറ്റു സംരംഭങ്ങൾ, സ്റ്റാർട്ട്-അപ്പുകൾ തുടങ്ങി അനുയോജ്യ സംരംഭകത്വ സാദ്ധ്യതകൾ ആവശ്യമായ മുൻ പിൻ സഹായങ്ങളോടും പിന്തുണാ സംവിധാനങ്ങളോടും കൂടി സ്ഥായിയായ വരുമാനവർദ്ധനവിനായി ആവിഷ്ക്ക

രിച്ചു നടപ്പാക്കുന്നതാണ്. പരമ്പരാഗതകൃഷി രീതികളും നവീനകൃഷി രീതികളും ജൈവകൃഷിയും സംയോജിപ്പിച്ചു വരുമാനവർദ്ധനവിനും ഭക്ഷ്യഭദ്രത ഉറപ്പു വരുത്തുന്ന തരത്തിലുമുള്ള പരിപാടികളും ലക്ഷ്യമിടുന്നു.

ഭിന്നശേഷിക്കാരുടെ അവസ്ഥ വിലയിരുത്തി ദൗർബല്യം പരിഹരിച്ചു നിത്യവൃത്തി നയിക്കാനാകും വിധം പ്രാപ്തമാക്കുന്നതിനു ആരോഗ്യവകുപ്പും, സോഷ്യൽ സെക്യൂരിറ്റി മിഷൻ, കുടുംബശ്രീ, പ്രാദേശിക സർക്കാരുകൾ ഇവയുമായി സഹകരിച്ചു പരിചരണ പാക്കേജ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതാണ്.

പട്ടികവർഗ്ഗക്കാരുടെ കടബാദ്ധ്യത ലഘൂകരിക്കുന്നതിനും അവരിൽ സമ്പാദ്യശീലം വളർത്തുന്നതിനും കുടുംബശ്രീ പ്രവർത്തനം വ്യാപകമാക്കുന്നതാണ്. തരിശുഭൂമി ആദായകരമായി കൃഷി യോഗ്യമാക്കുക, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ് തുടങ്ങിയുള്ള തൊഴിൽ സാദ്ധ്യതയുള്ള സംയുക്ത സംരംഭങ്ങൾ മതിയായ മുൻ പിൻ ബന്ധത്തോടെ ആവിഷ്ക്കരിക്കുന്നതിനും കുടുംബശ്രീ മുഖേന ഇടപെടലുകൾ നടത്തുന്നതാണ്. ലിംഗനീതി ഉറപ്പു വരുത്തുന്നതിനുള്ള പരിശ്രമങ്ങളും പ്രോത്സാഹിപ്പിക്കുന്നതാണ്.

തദ്ദേശീയ ജനതയുടെ അവകാശ സംരക്ഷണത്തിനും അതിജീവനത്തിനുംവേണ്ടി, അവരുടെ അന്തസും സംസ്ക്കാരവും നിലനിർത്തുന്നതിനും സത്വരസംരക്ഷണം, പാരമ്പര്യഭൂമി, സൗകര്യങ്ങൾ, വിഭവങ്ങൾ, പാരമ്പര്യ അറിവുകൾ എന്നിവയുടെ സംരക്ഷണം ലോകത്തിന്റെ കടമയാണെന്നും അതോടൊപ്പം പുതിയ കാലത്തെ വിദ്യാഭ്യാസം, സംസ്ക്കാരം, ആരോഗ്യപരിപാലനം, ആധുനികജീവിത സൗകര്യങ്ങൾ എന്നിവ തദ്ദേശിയ ജനതക്ക് അനുഭവവേദ്യമാക്കുന്നതിന് ലോകത്തിന് ഉത്തരവാദിത്വമുണ്ടെന്നും ഐക്യദാർഢ്യം പ്രഖ്യാപിച്ച് നമുക്കും അണിചേരാം.

പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഘടന, സ്ഥാനം, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവരങ്ങൾ, നാളിതുവരെ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്നിവ വിശദമായി ഈ ലഘുഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എല്ലാ വിഭാഗക്കാർക്കും ഈ കൈപ്പുസ്തകം പ്രയോജനപ്പെടും എന്ന് പ്രത്യാശിക്കുന്നു.

# പട്ടിക വർഗ്ഗ വിഭാഗം കേരളത്തിൽ

## എ. അടിസ്ഥാന വിവരങ്ങൾ

### പട്ടികവർഗ്ഗ ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം

| | |
|---|---|
| ആകെ ജനസംഖ്യ | 484839 |
| ആൺ | 238203 |
| പെൺ | 246636 |

### 2008 ലെ സർവ്വെ പ്രകാരം

| | |
|---|---|
| ആകെ പട്ടികവർഗ്ഗ കുടുംബങ്ങൾ | 107965 |
| ആകെ പട്ടികവർഗ്ഗ കോളനികൾ | 4762 |

## ബി. പട്ടികവർഗ്ഗ ജനസംഖ്യ ജില്ലകളിലൂടെ

| | | |
|---|---|---|
| 1. | തിരുവനന്തപുരം | 26759 |
| 2. | കൊല്ലം | 10761 |
| 3. | പത്തനംതിട്ട | 8108 |
| 4. | ആലപ്പുഴ | 6574 |
| 5. | കോട്ടയം | 21972 |
| 6. | ഇടുക്കി | 55815 |
| 7. | എറണാകുളം | 16559 |
| 8. | തൃശ്ശൂർ | 9430 |
| 9. | പാലക്കാട് | 48972 |
| 10. | മലപ്പുറം | 22990 |
| 11. | കോഴിക്കോട് | 15228 |
| 12. | വയനാട് | 151443 |
| 13. | കണ്ണൂർ | 41371 |
| 14. | കാസർഗോഡ് | 48857 |
| | ആകെ | 484839 |

# പട്ടിക വർഗ്ഗ ലിസ്റ്റ്

(As Amended by The Scheduled Castes and Scheduled Tribes Orders (Amendment)Act. 2002(Act 10 of 2003) Vide Part-VII-Kerala-Second Scheduled noticed in the Gazette of India. Dated 8/1/2003

| | | |
|---|---|---|
| 1 | Adiyan | അടിയാൻ |
| 2 | Aranadan, (Aranadan) | അരനാടൻ |
| 3 | Ervallan | ഇരവാലൻ |
| 4 | Hill Pulaya(Mala pulayan,Kurumba Pulayan, Karavazhi Pulayan, Pamba Pulayan)<br>ഹിൽ പുലയ, മല പുലയൻ, കുറുമ്പ പുലയൻ, കരവഴി പുലയൻ, പാമ്പ പുലയൻ | |
| 5 | Irular, Irulan | ഇരുളർ, ഇരുളൻ |
| 6 | Kadar,(Wayanad Kadar) | കാടർ, വയനാട് കാടർ |
| 8 | Kanikaran,Kanikkar | കാണിക്കാരൻ, കാണിക്കാർ |
| 9 | Kattunayakan | കാട്ടുനായ്ക്കാൻ |
| 10 | (Kochuvelan)5 | കൊച്ചുവേലൻ |
| 11 | Koraga | കൊറഗ |
| 12 | Kudiya,Melakudi | കുടിയ, മേലേക്കുടി |
| 13 | Kurichchan,(Kurichiyan)9 | കുറിച്ച്യാൻ, കുറിച്ചിയൻ |
| 14 | Kurumans.(Mullu Kuruman, | കുറുമർ, മുള്ളുകുറുമൻ, മുള്ളകുറുമൻ, മല കുറുമൻ |
| 15 | Kurumbas,(Kurumbar,Kurumban)' | -കുറുമ്പർ, കുറുമൻ |
| 16 | Maha Malasar | മഹാമലസർ (മലസർ) |
| 17 | Malai Arayan,(Mala Arayan)12 | മലൈ അരയൻ (മല അരയർ) |
| 18 | Malai Pandaram | മലൈ പണ്ടാരം |
| 19 | Malai Vedan,(Malavedan)" | മലൈ വേടൻ, മലവേടൻ |
| 20 | Malakkuravan | മലക്കുറവൻ |
| 21 | Malasar | മലസർ |
| 22 | (Malayan,Nattu Malayan, Konga Malayan (excluding the areas comprising the Kasargode Cannanore,Wayanad and Kozhikode Districts) )-മലയൻ, നാട്ടുമലയൻ,കൊങ്ങ മലയൻ<br>(കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകൾ ഒഴികെ ഇരുളർ, ഇരുളൻ) | |

| | | |
|---|---|---|
| 23 | Malayarayar | മലയരയൻ |
| 24 | Mannan"(to be spelt in Malayalam script in parethesis)- | മന്നാൻ |
| 25 | Marati (of the housdrug and Kasargode taluk of Kasargode district)" | - മറാട്ടി |
| 26 | Muthuvan,Mudugar.Muduval | മുതുവാൻ,മുഡുഗർ,മുഡുവാൻ |
| 27 | Palleyan,Palliyan,Palliyar,Palliyan)' | -പള്ളിയൻ, പള്ളിയാർ, പളിയൻ പള്ളേയൻ |
| 28 | Paniyan | പണിയൻ |
| 29 | Ulladan,(Ullatan)" | ഉള്ളാടൻ |
| 30 | Uraly | ഊരാളി |
| 31 | (Mala Vettuvan(in Kasargode and Kannur districts) | മലവേട്ടുവൻ (കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ |
| 32 | (Ten Kurumban. JenuKurumban) | -തേൻകുറുമ്പൻ, ജേനു കുറുമ്പൻ |
| 33 | (Thachanadan. Thachanadan Moopan | തച്ചനാടൻ, തച്ചനാടൻ മൂപ്പൻ |
| 34 | (Cholanaickan) | ചോലനായിക്കൻ |
| 35 | (Mavilan) | മാവിലൻ |
| 36 | (Karimpalan) | കരിംപാലൻ |
| 37 | (Vetta Kuruman) | വെട്ട കുറുമൻ |
| 38 | (Mala Panickar) | മല പണിക്കർ |

# കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങൾ

കേരളത്തിലെപട്ടികവർഗ്ഗവിഭാഗങ്ങൾപ്രധാനമായും അധിവസിക്കുന്നത് വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിലാണ്. പട്ടികവർഗ്ഗ ജനസംഖ്യയുടെ 35.85 ശതമാനവും അധിവസിച്ചു പോരുന്നത് വയനാട് ജില്ലയിലാണ്. 2002-ലെ ഭരണഘടനാ ഭേദഗതി അനുസരിച്ച് കേരളത്തിൽ 36 പട്ടിക വർഗ്ഗ വിഭാഗങ്ങളാണുള്ളത്. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 ആണ്. ഇത് കേരളത്തിന്റെ മൊത്തം ജനസംഖ്യയുടെ 1.45 ശതമാനമാണ്. എന്നാൽ 2002- ലെ ഭരണഘടനഭേദഗതിയുടെ ഫലമായി ചിലവിഭാഗങ്ങളെ ഒഴിവാക്കുകയും മറ്റു ചിലവിഭാഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1. അടിയാൻ

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ പനമരം,ബാവലി,കാട്ടിക്കുളം, തിരുനെല്ലി, തൃശ്ശിലേരി തുടങ്ങിയ സ്ഥലങ്ങളിലാണ് അടിയ സമുദായക്കാർ അധിവസിച്ചുവരുന്നത്. വയനാട്ടിലെ തോൽപ്പെട്ടി, കാരമേട് തുടങ്ങിയ വനാന്തർഭാഗങ്ങളിലാണ് ഇവർ താമസിക്കുന്നത്. ഇവരുടെ യഥാർത്ഥ ജാതി 'റാവുള്ളവർ' എന്നാണ്. എന്നാൽ മറ്റു വിഭാഗക്കാർ അടിമപ്പണി ജീവിതം അടിച്ചേൽപ്പിക്കുകയും അടിയാൻ എന്ന പേരു നൽകുകയുമാണുണ്ടായത്. ഇപ്പോഴാകട്ടെ കർഷകത്തൊഴിലാളികളാണ് ഇവരിലധികവും. 2008 ലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാനതല സർവ്വെ പ്രകാരം 11,221 ആണ് ഇവരുടെ ജനസംഖ്യ. ഇതിൽ 5389 പേർ പുരുഷന്മാരും 5832 പേർ സ്ത്രീകളുമാണ്. 1991നെഅപേക്ഷിച്ച് 1023 പേരുടെ വർദ്ധനവാണ് 2001 ലെ സെൻസസിൽ കാണുവാൻ സാധിക്കുന്നത്. അടിയരുടെ അനുഷ്ഠാനകലയായ ഗദ്ദികയെ ജനകീയമാക്കിയ പരേതനായ ശ്രീ. പി. കെ. കാളൻ ഈ സമുദായത്തിന്റെ പ്രതിനിധിയായിരുന്നു. ഇദ്ദേഹം കേരള ഫോക്‌ലോർ അക്കാദമിയുടെ ചെയർമാനായും സേവനമനുഷ്ഠിച്ചിരുന്നു.

## 2. അരനാടൻ

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ വഴിക്കടവ്, പുതിരിപ്പാടം, ഒരിലവെട്ടം, ചോക്കാട്, മൂത്തേടം, തീക്കടി, കാളികാവിലെ അടക്കാക്കുണ്ട് കരുളായിലെ മൈലംപ്പാറ, കൊട്ടുപ്പാറ തുടങ്ങിയ സ്ഥലങ്ങളിലാണ് അരനാടൻ വിഭാഗക്കാർ താമസിക്കുന്നത്. അംഗസംഖ്യയിൽ വളരെ കുറഞ്ഞ ഇവർ 2001 സെൻസസ് പ്രകാരം 153 പേരാണ്. ഇത് 1991 ലെ സെൻസസ് പ്രകാരം 196 ആയിരുന്നു. 70 പുരുഷന്മാരും 83 സ്ത്രീകളുമുള്ള ഈ ഗോത്രവർഗ്ഗക്കാരെ ഏറനാടൻ എന്നും വിളിക്കുക പതി

വുണ്ട്. 2008 ൽ കിലയും പട്ടികവർഗ്ഗ വികസനവകുപ്പും നടത്തിയ പട്ടികവർഗ്ഗ അടിസ്ഥാനതല സർവ്വെപ്രകാരം 247 ആണ് ഇവരുടെ ആകെ ജനസംഖ്യ. വേട്ടയാടിയും കേരളത്തിലെ പട്ടികവർഗ്ഗ സമുദായങ്ങൾ 17 വനവിഭവങ്ങൾ ശേഖരിച്ചും കാട്ടിലും നാട്ടിലുമായി ജീവിക്കുന്നതാണ് ഇവരുടെ ശൈലി. ഏറനാടിന്റെ ആദികാല സമുദായമായ അരനാടൻ ഇപ്പോൾ വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്.

### 3. ചോലനായ്ക്കൻ

മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖലയിലെ ചുങ്കത്തറ, കരുളായി ഫോറസ്റ്റ് റെയ്ഞ്ചുകളിലെ സംരക്ഷിത വനങ്ങളിലാണ് ചോലനായ്ക്കർ എന്ന പ്രത്യേക ദുർബല ഗോത്രവിഭാഗക്കാർ (പി.വി.ടി.ജി.) താമസിക്കുന്നത്. ചുങ്കത്തറ മേഖലയിൽ അളക്കൽ അമ്പിളിമല, ഒലിക്കാത്തോട്, മഞ്ചക്കടവ്, പാട്ടക്കരിമ്പ് തുടങ്ങിയവിടങ്ങളിലും കരുളായിലെ കരിമ്പുഴ, പാണപ്പുഴ, കുപ്പമല, പൂച്ചപ്പാറ, താളിപ്പുഴ, കോരമ്പുഴ, മീൻമുട്ടി എന്നീ സ്ഥലങ്ങളിലാണ് ഇവർ പ്രധാനമായും അധിവസിച്ചു വരുന്നത്. 2002ലെ ഭരണഘടനാ ഭേദഗതിയിലൂടെയാണ് ഇവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുക്കുന്നത്. അതിനാൽ 2001 സെൻസസിൽ ഇവരുടെ ജനസംഖ്യാ വിശദാംശങ്ങൾ ഒന്നുംതന്നെയില്ല. കിർടാഡ്സിന്റെ പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാനസർവ്വെ പ്രകാരം 363 ആണ് ഇവരുടെ ആകെ ജനസംഖ്യ. 202 പുരുഷന്മാരും 161 സ്ത്രീകളും. സ്ത്രീകളുടെ എണ്ണം ഈ വിഭാഗത്തിൽ വളരെ കുറവാണ്. ഉൾവനങ്ങളിൽ പ്രകൃതി ദത്തമായ കരിങ്കല്ല് ഗുഹകളിൽ (അളകൾ) ആയിരുന്നു മുൻകാലങ്ങളിൽ ഇവർ താമസിച്ചിരുന്നത്. ചെറുകിട വനവിഭവങ്ങളുടെ ശേഖരണവും വിൽപ്പനയുമാണ് ഇവരുടെമ ുഖ്യഉ പജീവനമാർഗ്ഗം.വ ികസനവുംവ ിദ്യാഭ്യാസവും വളരെ കുറഞ്ഞ വിഭാഗക്കാരാണിവർ. 2008 സർവ്വെ പ്രകാരം 409 ആണ് ഇവരുടെ ജനസംഖ്യ. 39.63 ശതമാനമാണ് ഇവരുടെ സാക്ഷരത നിരക്ക്.

### 4. ഇരവാലൻ

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ മൂലത്തറ വില്ലേജിലും മറ്റു സമീപപ്രദേശങ്ങളിലുമാണ് ഇരവാലൻ സമുദായക്കാർ താമസിക്കുന്നത്. 2001ലെ സെൻസസ് പ്രകാരം ഇവരുടെ ജനസംഖ്യ 3890 ആണ്. ഇതിൽ 1972 പേർ പുരുഷന്മാരാണ്. അവശേഷിക്കുന്ന 1918 പേർ സ്ത്രീകളും പരമ്പരാഗതമായി വേട്ടയറിയുന്നവരായിരുന്നു ഇരവാലർ. ഒരു കാലത്ത് 'വില്ലുവേടർ' എന്നും ഇവരെ വിശേഷിപ്പിച്ചിരുന്നു. കർഷകത്തൊഴിലാളികളായിരുന്ന ഇവർ മുൻകാലങ്ങളിൽ

ജന്മിമാർക്ക് അടിമപ്പണി ചെയ്യാൻ നിർബന്ധിക്കപ്പെട്ടവരായിരുന്നു. സാക്ഷരതയുടെ കാര്യത്തിൽ ഏറെ പുറകിലാണ് ഈ സമുദായം. പ്ലാച്ചിമട കൊക്കക്കോള കമ്പനിയ്ക്ക് എതിരായി ധീരമായി പൊരുതിയ മയിലമ്മ ഈ വിഭാഗത്തിലെ അംഗമായിരുന്നു. 2008 ലെ സർവ്വെ പ്രകാരം 4418 ആണ് ഇവരുടെ ജനസംഖ്യ.

## 5. ഹിൽപുലയ

ഇടുക്കി ജില്ലയിൽ അധിവസിക്കുന്ന ഒരു ഗോത്രവിഭാഗമാണ് ഹിൽപുലയ. വനവിഭവങ്ങൾ ശേഖരിക്കുന്ന കുറുമ്പ പുലയരും കർഷകത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന കരവഴി പുലയരും ഒന്നുചേർന്ന സമുദായമാണ് ഹിൽപുലയ. ദേവികുളം താലൂക്കിലെ അഞ്ചുനാട്, പാലപ്പെട്ടി, കരിമുട്ടി, അലംപെട്ടി, ചമ്പക്കാട്, ഈച്ചപ്പെട്ടി, പുരവയൽ, കൊട്ടപ്പാലം തുടങ്ങിയ അധിവാസ കേന്ദ്രങ്ങളിലാണ് ഇവരുടെ താമസം. 2001 ലെ സെൻസസ് പ്രകാരം 2893 ആണ് ഇവരുടെ ജനസംഖ്യ. ഇതിൽ 1437 പേർ പുരുഷന്മാരും 1456 പേർ സ്ത്രീകളുമാണ്. തമിഴ് സംസാര ഭാഷയായിട്ടുള്ള ഈ വിഭാഗക്കാരിൽ 'ഭൂരി'ഭാഗവും ഇപ്പോൾ കൃഷിത്തൊഴിലാളികളാണ്. ബാക്കിയുള്ളവർ വനവിഭവശേഖരണത്തിൽ ഏർപ്പെട്ടവരും. 49.94% ആണ് ഇവരുടെ സാക്ഷരതാ നിരക്ക്. 3,415 ആണ് 2008 ലെ സർവ്വെ അനുസരിച്ച് ഇവരുടെ ആകെ ജനസംഖ്യ.

## 6. ഇരുളർ, ഇരുളൻ

പാലക്കാട് ജില്ലയിലെ വാളയാർ റെയിഞ്ചിലെ അയ്യപ്പൻപൊട്ട, കരിത്താലിവട്ടം, കൊല്ലകുന്ന്, മൂപ്പൻചോല, പൂഴിക്കുന്ന്, ചാവിടിപാറ, ഇടശ്ശേരി, നടുപ്പതി, പാറപ്പെട്ടി തുടങ്ങിയയിടങ്ങളിലും അട്ടപ്പാടിയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലും അധിവസിച്ചുവരുന്ന ഒരു ഗോത്രവിഭാഗം. ഊരിലെ പാരമ്പര്യ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ ഏറെ ശ്രദ്ധ ചെലുത്തിയിരുന്ന സമുദായമാണ് ഇരുളർ. 2001ലെ സെൻസസ്പ്രകാരം 23998 അംഗസംഖ്യയുള്ള ഇരുള വിഭാഗക്കാർ സംഖ്യാ ബലം കൊണ്ട് മുമ്പിൽ നിൽക്കുന്ന ഗോത്ര വർഗ്ഗക്കാരാണ്. 12,038 പേർ പുരുഷൻമാരും 11960 പേർ സ്ത്രീകളുമാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നവരാണ് ഇരുളർ. 10,204 പേർ മാത്രമാണ് സാക്ഷരരായിട്ടുള്ളത്. മുൻകാലങ്ങളിൽ കൃഷിക്കാരായിരുന്ന ഇരുളസമുദായക്കാർ 'ഭൂമി അന്യാധീനപ്പെട്ടതോടെ നാമമാത്ര തൊഴിലാളികളോ കൃഷിത്തൊഴിലാളികളോ ആയി മാറി. 2008 ലെ സർവ്വെ പ്രകാരം 26525 ആണ് ഇവരുടെ ആകെ ജനസംഖ്യ.

## 7. കാടർ

കൊച്ചിയിലെ കാടർ എന്നറിയപ്പെട്ടിരുന്ന ഈ വിഭാഗക്കാർ പ്രധാനമായും പാലക്കാട്, തൃശൂർ ജില്ലകളിലാണ് താമസിച്ചുവരുന്നത്. പാലക്കാട് ജില്ലയിലെ കുരിയാർകുട്ടി, പറമ്പിക്കുളം ഡാം സൈറ്റ്, എർത്ത് ഡാം, തേക്കടി,കൽച്ചാടി, ചെറുനീലി, തളിയക്കല്ല് എന്നിവിട ങ്ങളിലും തൃശ്ശൂരിലെ മലക്കപ്പാറ, ഷോളയാർ, ആനക്കയം, വാച്ചുമരം, പൊരിങ്ങൽകുത്ത്, പൊകയിലപ്പാറ, വാഴച്ചാൽ, ആനപന്തം എന്നിവിട ങ്ങളിലുമാണ് ഇവർ പ്രധാനമായും താമസിക്കുന്നത്. 2001ലെ സെൻസസ് പ്രകാരം 2145 ആണ് ഇവരുടെ അംഗസംഖ്യ. ഇവരിൽ 1067 പുരുഷൻമാരും 1078 സ്ത്രീകളുമാണ്. തടിയേതര വന വിഭവ ശേഖര ണത്തിലൂടെയാണ് ഇവരിൽ 'ഭൂരി'ഭാഗവും ഉപജീവനം കണ്ടെത്തുന്ന ത്. 2007ൽ കിർടാഡ്സ് നടത്തിയ സർവ്വെപ്രകാരം 1695 ആണ് ഇവരുടെ ജനസംഖ്യ. കാടർ വിഭാഗവും പ്രത്യേക ദുർബല ഗോത്രവിഭാഗ ക്കാരുടെ പട്ടികയിലും കൂടി ഉണ്ട്.'"2008 ലെ പട്ടികവർഗ്ഗ സർവ്വെ പ്രകാരം 1974 ആണ് ഇവരുടെ ആകെ ജനസംഖ്യ.

## 8. കാണിക്കാരൻ, കാണിക്കാർ

കേരളത്തിന്റെ തെക്കേയറ്റത്ത് താമസിക്കുന്ന ഒരു ഗോത്രവർഗ്ഗ മാണ് കാണിക്കാർ. തെക്കേയറ്റം എന്നു പറഞ്ഞാൽ പഴയ പുനസംഘട നയ്ക്ക് മുമ്പുള്ള തിരുവിതാംകൂറിൽ. ഇപ്പോഴവർ തമിഴ്നാട്ടിലെ കന്യാ കുമാരിയിലും കേരളത്തിലെ തിരുവനന്തപുരത്ത് പരുത്തിപ്പള്ളി, കുള ത്തൂപ്പുഴ, പാലോട് റെയ്ഞ്ചിലെ കോട്ടൂർ, കല്ലാമല, പാലോട് റിസർവ് വനം, കൊല്ലം ജില്ലയിലെ ഏരൂർ റിസർവ് വനം എന്നിവിടങ്ങളിലാണ് ഇവർ താമസിക്കുന്നത്. 2001 സെൻസസ് പ്രകാരം 21,677 പേരാണ് കാണിക്കാർ. 10325 പുരുഷൻമാരും 11352 സ്ത്രീകളും. ഇവരിൽ പാതി യിലേറെ പേർ വനാന്തരങ്ങളിലാണ് ജീവിക്കുന്നത്. എങ്കിലും ഇവരിൽ 15364 പേർ സാക്ഷരരായി കാണപ്പെടുന്നു. കാലങ്ങൾ കഴിഞ്ഞപ്പോൾ അവരിൽ പലരും കൃഷിത്തൊഴിലാളികളോ നാമമാത്ര കൃഷിയിൽ ഏർപ്പെടുന്നവരോ ആയിത്തീർന്നു. കൂറേപേർ സംവരണാനുകൂല്യ ത്തിന്റെ ഫലമായി വിവിധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി നേടിയിട്ടുണ്ട്. 2008 ലെ സർവ്വെ പ്രകാരം 19,455 ആണ് ഇവരുടെ ആകെ ജനസംഖ്യ.

## 9. കരിമ്പാലൻ

കോഴിക്കോട് ജില്ലയിലെ കാക്കൂർ, നന്മ, ചേളന്നൂർ, പൂനൂർ, താമരശ്ശേരി എന്നിവടങ്ങളിലും കണ്ണൂരിലെ തളിപ്പറമ്പ്, ആലക്കോട് ഭാഗങ്ങളിലും വയനാട് ജില്ലയിലെ ചില ഭാഗങ്ങളിലും താമസിക്കുന്ന ഒരു പട്ടികവർഗ്ഗ വിഭാഗം. 2002 ഭരണഘടനാ ഭേദഗതി നിലവിൽ വരും വരെ ഇവർ പട്ടികജാതിക്കാരായിരുന്നു. 2001ലെ സെൻസസ് പ്രകാരം 13629 ആണ് മൊത്തം കരിമ്പാലരുടെ എണ്ണം. 6767 പുരുഷന്മാരും 6862 സ്ത്രീകളും. മറ്റു പട്ടികവർഗ്ഗങ്ങളെ അപേക്ഷിച്ച് സാമൂഹ്യമായും സാമ്പത്തികമായും രാഷ്ട്രീയ പരമായും ശാക്തീകരിക്കപ്പെട്ട വിഭാഗ മാണ് ഇവർ. കാടു വെട്ടിയും കൃഷി ചെയ്തും വേട്ടയാടിയുമാണ് ഇവർ ജീവിച്ചിരുന്നത്. അതിനുശേഷം നാടുവാഴികളുടെ അടിയാന്മാ രായി. ഇന്ന് ഇവരിൽ ഭൂരിഭാഗംപേരും കൃഷിക്കാരും കർഷകത്തൊഴി ലാളികളും പ്ലാന്റേഷൻ തൊഴിലാളികളുമാണ്. പട്ടികജാതിയെന്ന പരിഗണനയിലും ഇപ്പോൾ പട്ടികവർഗ്ഗമെന്ന നിലയ്ക്കും സർക്കാർ സർവ്വീസുകളിൽ ജോലി ചെയ്യുന്നവരുന്നുണ്ട്. 14,768 ആണ് 2008 ലെ പട്ടികവർഗ്ഗ സർവ്വെ പ്രകാരം ഇവരുടെ ആകെ ജനസംഖ്യ.

## 10. കാട്ടുനായ്ക്കൻ

പ്രത്യേക ദുർബല ഗോത്രവർഗ്ഗത്തിൽ ഉൾപ്പെടുത്തിയ കാട്ടു നായ്ക്കർ വയനാട് ജില്ലയിൽ കൽപ്പറ്റയിലെ മേപ്പാടി, മുട്ടിൽ, പടിഞ്ഞാ റത്തറ, പൊഴുതന, തരിയോട്, വേങ്ങപ്പള്ളി, വൈത്തിരി, മാനന്തവാടി യിൽ പനമരം, തവിഞ്ഞാൽ, തിരുനെല്ലി, വെള്ളമുണ്ട്, സുൽത്താൻ ബത്തേരിയിൽ അമ്പലവയൽ, മീനങ്ങാടി, മുള്ളൻകൊല്ലി, നെന്മേനി, നൂൽപ്പുഴ, പൂതാടി, പുൽപ്പള്ളി, മലപ്പുറം ജില്ലയിലെ നിലമ്പൂർ, പോത്തുകല്ല്, കരുളായ്, ചോക്കാട്, മൂത്തേടം, അമരമ്പലം, കാളികാവ്, വൂർ, പെരിന്തൽമണ്ണ, പാലക്കാട് ജില്ലയിലെ അലനല്ലൂർ, മണ്ണാർക്കാട് എന്നിവിടങ്ങളിലാണ് താമസിക്കുന്നത്. തേൻകുറുമ്പൻ/ജേനുകുറു മ്പൻ എന്നീ പേരിൽ പട്ടികവർഗ്ഗ ലിസ്റ്റിൽ 37-ാമതായ് ഉൾപ്പെടുത്തിയ ഗോത്രവർഗ്ഗവും കാട്ടുനായ്ക്കർ തന്നെയാണ്. 2001 സെൻസസ് പ്രകാരം 14,715 പേരിൽ 7425 പേർ പുരുഷന്മാരും 7290 പേർ സ്ത്രീകളു മാണ്. വേട്ടയാടിയും നായാടിയുമാണ് ആദിമകാലങ്ങളിൽ അവർ ഉപ ജീവനമാർഗ്ഗം കണ്ടെത്തിയിരുന്നത്. തേൻ, മറ്റു വനവിഭവങ്ങൾ ശേഖ രിക്കുന്നതിലും ഇവർ വിദഗ്ധർതന്നെ. ഇന്ന് ഇവരിൽ ഭൂരിഭാഗവും

കർഷകത്തൊഴിലാളികളാണ്. സാമൂഹികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന സമുദായമാണ് ഇവരുടേത്. 2007ലെ കിർടാഡ്സ് നടത്തിയ സർവ്വെപ്രകാരം ഇവരുടെ ജനസംഖ്യ 18,576 ആണ്. എന്നാൽ 2008 ലെ പട്ടികവർഗ സർവ്വെ പ്രകാരം 19,995 ആണ് ഇവരുടെ ജനസംഖ്യ.

## 11. കൊറഗർ

കേരളത്തിൽ കാസർഗോഡ് ജില്ലയിലാണ് പ്രത്യേക ദുർബല ഗോത്രവർഗ്ഗ വിഭാഗമായ കൊറഗർ അധിവസിക്കുന്നത്. മധൂർ, കാറഡുക്ക, കുറ്റിക്കോൽ, ബേഡഡുക്ക, ദേലമ്പാടി, പൈവളിഗെ പുത്തിഗ, എൻമകജെ, ബദിയടുക്ക, കുമ്പള, ബെള്ളൂർ, മഞ്ചേശ്വരം, വോർക്കടി, മംഗൽപ്പാടി, മീഞ്ച എന്നീ പ്രദേശങ്ങളിലാണ് ഇവരിൽ ഭൂരിഭാഗവും താമസിച്ചുവരുന്നത്. കൊറഗർ ദക്ഷിണ കർണ്ണാടകയിലും താമസിച്ചുവരുന്നു. വളരെയധികം ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും വിധേയരായിട്ടുള്ളവരാണ് കൊറഗർ. തൊട്ടുകൂടായ്മയുടെയും തീണ്ടിക്കൂടായ്മയുടെയും തിക്തഫലങ്ങൾ അനുഭവിച്ച് പോന്നവർ. 2001 സെൻസസ് പ്രകാരം 1152 ആണ് ഇവരുടെ ആകെ ജനസംഖ്യ. ഇതിൽ 590 പേർ പുരുഷന്മാരും 562 പേർ സ്ത്രീകളുമാണ്. ആദ്യകാലത്ത് സാക്ഷരതയും വിദ്യാഭ്യാസവും ഇവർക്കിടയിൽ വളരെ പരിതാപകരമായ അവസ്ഥയിലായിരുന്നു. എന്നാൽ ഇന്ന് അതിൽ നേരിയ ഒരു ഉയർച്ച കുടിവരുന്നുണ്ട് എന്നാൽ ആരോഗ്യപരമായി വളരെ പിന്നിലാണ്. 2007ലെ കിർടാഡ്സ് സർവ്വെപ്രകാരം 1572 ആണ് ഇവരുടെ ജനസംഖ്യ. ഇതിൽ 800 പേർ പുരുഷന്മാരും 772 പേർ സ്ത്രീകളുമാണ്. 2008 ലെ സർവ്വെ പ്രകാരം 1644 ആണ് ഇവരുടെ ആകെ ജനസംഖ്യ.

## 12. കുടിയ, മേലേക്കുടി

കാസർഗോഡ് ജില്ലയിൽ അധിവസിക്കുന്ന ഒരു ഗോത്രവിഭാഗമാണ് കുടിയ. മലക്കുടി, മലയക്കുടി, മലൈക്കുടി, മലഗുഡിയ എന്നീ പേരുകളിലെല്ലാം പ്രാദേശികമായി ഇത് അറിയപ്പെടുന്നു. കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും അതിർത്തി പ്രദേശങ്ങളായ പനത്തടിയിലെ കമ്മാടി, മഞ്ചേശ്വരത്തെ പൈവളികെ എന്നീ സ്ഥലങ്ങളിലാണ് ഇവരിൽ ഭൂരിഭാഗവും താമസിക്കുന്നത്. 2001 ലെ സെൻസസ് പ്രകാരം 447 പേരാണ് ഈ ഗോത്രവിഭാഗത്തിൽ ഉള്ളത്. അതിൽ 237 പേർ പുരുഷന്മാരും 210 പേർ സ്ത്രീകളുമാണ്. പരമ്പരാഗതമായി പൂനംകൃഷിക്കാരും കാട്ടുമൃഗങ്ങളെ വേട്ടയാടുന്നവരുമായിരുന്നു ഇവർ. ഇപ്പോൾ

ഉപജീവനത്തിനായ് പ്രധാനമായും കൃഷിയെ ആശ്രയിക്കുന്നു. 2008 ലെ പട്ടികവർഗ്ഗ സർവ്വെ പ്രകാരം 911 ആണ് ഇവരുടെ ജനസംഖ്യ.

## 13. കുറിച്ച്യൻ / കുറിച്ചിയൻ

കേരളത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി, തിരുനെല്ലി, കുഞ്ഞോം, പേരിയ എന്നിവിടങ്ങളിലും കണ്ണൂർ കോഴിക്കോട് എന്നീ ജില്ലകളുടെ ചില ഭാഗങ്ങളിലും അധിവസിക്കുന്ന ഒരു ഗോത്രവിഭാഗ മാണ് കുറിച്യർ. മറ്റു ഗോത്രസമുദായങ്ങളെ അപേക്ഷിച്ച് സാമൂഹി കമായി കുറച്ചുകൂടി ഉയർന്നു നിൽക്കുന്ന കൂട്ടരാണ് ഇവർ. മറ്റു സമുദാ യങ്ങളുമായി 'അയിത്തം' തുടർന്നിരുന്ന സമ്പ്രദായം ഇവർക്കിടയി ലുണ്ടായിരുന്നു. ഭൂരിഭാഗം കുറിച്യരും കൃഷിക്കാരാണ്. ഇവരിൽ പലർക്കും സ്വന്തമായി കൃഷിഭൂമിയുണ്ട്. ഇന്നും കൃഷിതന്നെയാണ് ഇവരുടെ മുഖ്യ ജീവനോപാധി. 2001 സെൻസസ് പ്രകാരം 32,746 പേർ (16474 പുരുഷന്മാർ, 16272 സ്ത്രീകൾ) ഈ വിഭാഗത്തിൽ അംഗങ്ങളായി ട്ടുണ്ട്. ബ്രിട്ടീഷ്കാർക്കെതിരായി പഴശ്ശി രാജാവിനോടൊപ്പം യുദ്ധം ചെയ്തു വീരമൃത്യു വരിച്ച തലയ്ക്കൽ ചന്തു ഈ വിഭാഗത്തിലെ അംഗമാണ്. 35,909 ആണ് 2008 ലെ ഇവരുടെ ആകെ ജനസംഖ്യ.

## 14. കുറുമർ/മുള്ളു കുറുമൻ/മുള്ള കുറുമൻ/മല കുറുമൻ

2002 വരെ വയനാട് ജില്ലയിലെ മുള്ളു കുറുമരെയും വെട്ട കുറു മരെയും (ഊരാളി കുറുമർ) കുറുമർ എന്ന പൊതുപേരിലാണ് പട്ടിക വർഗ്ഗ ലിസ്റ്റിൽ കൊടുത്തിരുന്നത്. എന്നാൽ 2002 ലെ ഭരണഘടനാ ഭേദ ഗതിപ്രകാരം മുള്ളു കുറുമനെയും ഊരാളി കുറുമ നെവെട്ടക്കുറുമനെന്ന പേരിലും ഒരു വ്യത്യസ്ത വിഭാഗങ്ങളായി കണ ക്കാക്കുന്നു. 2001 സെൻസസിൽ ഇവയുടെ ജനസംഖ്യ കണക്കുകൾ ഒന്നായിട്ടുതന്നെയാണ് കൊടുത്തിരിക്കുന്നത്. 26177 പേരിൽ 13123 പേർ പുരുഷന്മാരും 13054 പേർ സ്ത്രീകളുമാണ്. മുള്ളു കുറുമൻ, മല കുറു മൻ, മുള്ള കുറുമൻ എന്നീ പേരുകളിൽ അറിയപ്പെടുന്നു. വയനാടിന്റെ കിഴക്കൻ പ്രദേശങ്ങളിലും ഗൂഡല്ലൂരിന്റെ പടിഞ്ഞാറുഭാഗത്തുമാണ് ഇവർ പ്രധാനമായും താമസിക്കുന്നത്. (ബത്തേരി, മീനങ്ങാടി, പൂതാടി, മുള്ളൻകൊല്ലി, പുൽപ്പള്ളി, നൂൽപ്പുഴ, നെന്മേനി, മേപ്പാടി, കല്പറ്റ, മുപ്പെനാട്). പുകാലത്ത് മുള്ളു കുറുമൻ കൃഷി ചെയ്തും വേട്ടയാ ടിയും മീൻപിടിച്ചുമാണ് ഉപജീവനമാർഗ്ഗം കണ്ടെത്തിയിരുന്നത്. എന്നാലിന്ന് ഇവരിൽ ഭൂരിഭാഗവും കൃഷിയെയും കാർഷികേതര തൊഴിലിനെയും ആശ്രയിക്കുന്നു. വയനാട്ടിലെ ഇതര പട്ടികവർഗ്ഗ

വിഭാഗങ്ങളുമായി താരതമ്യപ്പെടുത്തിയാൽ മുള്ളുക്കുറുമർ സമുദായം നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതായി കാണാം. 2008 ലെ പട്ടികവർഗ്ഗ സർവ്വെ പ്രകാരം 21,375 ആണ് ഇവരുടെ ആകെ ജനസംഖ്യ.

## 15. കുറുമ്പർ

പാലക്കാട് ജില്ലയിൽ അട്ടപ്പാടി മലനിരകളിൽ താമസിച്ചുവരുന്ന ഒരു പ്രത്യേക ദുർബല ഗോത്രവർഗ്ഗമാണിവർ. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗമാണിത്. 2001ലെ സെൻസസ് പ്രകാരം 2174 കുറുമ്പരാണുള്ളത്. 1132 പുരുഷന്മാരും 1042 സ്ത്രീകളും ഇവരിൽ ഏതാണ്ട് 847 പേർ മാത്രമേ സാക്ഷരരായിട്ടുള്ളു. മഴയെ ആശ്രയിച്ച് മാറ്റകൃഷി (Shifting Cultivation) നടത്തിയാണ് ഇവർ ജീവിച്ചുവരുന്നത്. ആദ്യകാലത്ത് തടിയേതര വിഭവശേഖരണവും ചെറുനായാട്ടും നടത്തുമായിരുന്നു. എന്നാൽ ഇന്ന് നായാട്ട് ഇവർ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. കേരളത്തിലെ പ്രാക്തനഗോത്രവിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള ഒരു വിഭാഗമാണിവർ. 2007ലെ കിർടാഡ്സ് സർവ്വെപ്രകാരം 2079 ആണ് ഇവരുടെ ആകെ ജനസംഖ്യ. ആനവായ്, മേലെ ഭൂതയാർ, താഴെ ഭൂതയാർ, കടുകമണ്ണ, ഗലസി, തുടുക്കി, ഗൊട്ടിയാർകിണ്ടി, തടിക്കുണ്ട്, മുരുഗള, തുടങ്ങിയവയാണ് ഇവരുടെ പ്രധാന ഊരുകൾ. മാറ്റകൃഷി ചെയ്യുന്നതിൽ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ഒരു സമുദായമാണ്. 2251 ആണ് 2008 ലെ സർവ്വെ പ്രകാരം ഇവരുടെ ജനസംഖ്യ.

## 16. മഹാമലസർ

2001 സെൻസസ് വിശകലനം ചെയ്യുമ്പോൾ മഹാമലസരുടെ അംഗസംഖ്യ 116 ആണ്. ഇതിൽ 64 പേർ പുരുഷന്മാരും 52 പേർ സ്ത്രീകളുമാണ്. പാലക്കാട് ജില്ലയിലെ പറമ്പിക്കുളം വനത്തിൽ നാടർതോട് റേഞ്ചിനു പടിഞ്ഞാറ് നെന്മാറയിലെ കൊല്ലങ്കോട് നെല്ലിയാമ്പതി എന്നിവിടങ്ങളിലാണ് ഇവർ താമസിച്ചുവരുന്നത്. പരമ്പരാഗതമായി വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചുമാണ് ഇവർ ജീവിച്ചുപോന്നത്. ഇപ്പോഴും ഉപജീവനത്തിനായി തേനും മറ്റ് വനോത്പന്നങ്ങളും ശേഖരിക്കുന്നു. 2008 ലെ പട്ടികവർഗ്ഗ സർവ്വെ പ്രകാരം 143 ആണ് മഹാമലസരുടെ ജനസംഖ്യ.

## 17. മലൈ അരയൻ, മല അരയൻ

മലൈ അരയനും മല അരയനും ഒരു വ്യത്യസ്ത സമുദായങ്ങളായാണ് പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവരും ഒരു സമുദായത്തിന്റെ 2 വ്യത്യസ്ത പേരുകൾ മാത്രമാണ് കേരളത്തിലെ പ്രധാനപട്ടികവർഗ്ഗവിഭാഗമായ മല അരയൻ കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ കാഞ്ഞിരപ്പള്ളി, മുട്ടം, മേലുകാവ്, തൊടുപുഴ, കോതമംഗലം എന്നിവിടങ്ങളിലാണ് അധിവസിക്കുന്നത്. 2001 ലെ സെൻസസ് പ്രകാരം ഇവരുടെ അംഗസംഖ്യ 32332+2299= 34631 ആണ്. ഇതിൽ 17062 പേർ പുരുഷന്മാരും 17569 പേർ സ്ത്രീകളുമാണ്. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ മുൻപന്തിയിൽ നിൽക്കുന്ന സമുദായമാണ് ഇവരുടേത്. മലയരയരിൽ ഭൂരിഭാഗവും ക്രിസ്തുമത വിശ്വാസികളാണ്. കൃഷിയാണ് മുഖ്യതൊഴിൽ. വലിയ ഭൂവുടമകളും ഇവർക്കിടയിലുണ്ടായിരുന്നു. ഇന്നും കേന്ദ്ര സംസ്ഥാനസർക്കാറിലെ ഐ.എ.എസ് ഉൾപ്പെടെയുള്ള തസ്തികകളിൽസംവരണത്തിന്റെമുഴുവൻഫലങ്ങളുംഅനുഭവിച്ച് കൊണ്ടിരിക്കുന്ന സമുദായമാണ് മലഅരയൻ. 2008 ൽ നടത്തിയ സർവ്വെ പ്രകാരം 29,399 ആണ് ഇവരുടെ ജനസംഖ്യ.

## 18. മലൈ പണ്ടാരം

കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അച്ചൻകോവിൽ, മുള്ളുമല, ഗവി, മൂഴിയാർ, ആങ്ങമൂഴി, ചാലക്കുടി, പമ്പ എന്നിവിടങ്ങളിൽ താമസിച്ചുവരുന്ന ഒരു ഗോത്രവിഭാഗം. വളരെ കുറഞ്ഞ അംഗസംഖ്യയുള്ള സമുദായമാണിത്. 1991ലേക്കാളും കുറവാണ് 2001ലെ അംഗസംഖ്യ. ഏതാണ്ട് 2694 ഓളം വരും ഇവരുടെ ജനസംഖ്യ. (1342 പുരുഷന്മാർ, 1362 സ്ത്രീകൾ). 56.57 ശതമാനമാണ് ഇവരുടെ സാക്ഷരതാ നിരക്ക്. വനവിഭവശേഖരണമാണ് ഇവരുടെ പ്രധാനതൊഴിൽ. കാട്ടിൽനിന്നും തേൻ, മെഴുക് ശേഖരിക്കുന്നതിനൊപ്പം ആദ്യകാലത്ത് ചെറുമൃഗങ്ങളെ ഭക്ഷണത്തിനായി ഇവർ വേട്ടയാടാറുണ്ടായിരുന്നു. ഇപ്പോഴും സ്ഥിരമായി ഒരു സ്ഥലത്തുതന്നെ താമസിക്കുവാൻ ഇവർ വിമുഖത കാണിക്കുന്നു. 1662 ആണ് 2008 ലെ സർവ്വെ അനുസരിച്ച് ഇവരുടെ ജനസംഖ്യ.

## 19. മലൈ വേടൻ, മല വേടൻ

പത്തനംതിട്ട, ഇടുക്കി, കൊല്ലം, കോട്ടയം എന്നീ ജില്ലകളിലെ നാരായണമൂഴി, കുമാരപുരം, ഒറ്റക്കാൽ, ഒരുകുന്ന്, തെങ്കാശി, അച്ചൻകോവിൽ, തെന്മല റേഞ്ചിലെ കൂറുകുന്ന്, റാന്നി വനം, റാന്നി റെയ്ഞ്ചിലെ ചെളാനാവയൽ, കടുമീൻചിറ, വടശ്ശേരിക്കര റെയ്ഞ്ചിലെ ഒളിക്കല്ല് എന്നിവിടങ്ങളിലാണ് ഇവർ താമസിക്കുന്നത്. 2001 ലെ സെൻസസ് പ്രകാരം 6186 അംഗങ്ങളുണ്ട് ഈ സമുദായത്തിൽ. 3005 പേർ പുരുഷൻമാരും 2181 സ്ത്രീകളുമാണ്. പരമ്പരാഗതമായി തടിയേതര വിഭവങ്ങൾ ശേഖരിച്ചു ഉപജീവനം കണ്ടെത്തിയവരായിരുന്നു മല വേടർ. ഇന്ന് നാമാത്ര തൊഴിലിലേർപ്പെട്ടിരിക്കുന്നവരോ തൊഴിൽരഹിതരോ ആണിവരിൽ ഭൂരിഭാഗവും. 2008 ൽ കിലയും പട്ടികവർഗ വികസനവകുപ്പും നടത്തിയ സർവ്വെ പ്രകാരം 4728 ആണ് ഇവരുടെ ആകെ ജനസംഖ്യ.

## 20. മലക്കുറവൻ

2001ലെ സെൻസസ് പ്രകാരം ഇവരുടെ ജനസംഖ്യ 260 മാത്രമാണ്. 124 പേർ പുരുഷന്മാരും 135 പേർ സ്തീകളും. 1991നെഅപേക്ഷിച്ച് ജനസംഖ്യയിൽ സാരമായ കുറവ് കാണപ്പെടുന്നുണ്ട്. അന്വേഷണത്തിൽ യഥാർത്ഥ മലക്കുറവൻ സമുദായക്കാരെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. മലക്കുറവൻ സമുദായമാണെന്ന് അവകാശപ്പെട്ടവരിൽ ഭൂരിഭാഗവും പട്ടികജാതിയൽ ഉൾപ്പെട്ട കുറുവൻ സമുദായ ക്കാരായിരുന്നു.

## 21. മലപണിക്കർ

2002ലെ ഭരണഘടനാ ഭേദഗതിയിലൂടെ ലിസ്റ്റിൽ ചേർക്കപ്പെട്ട ഒരു ഗോത്രവർഗ്ഗമാണിവർ. മലപ്പുറം ജില്ലയിലെ ഏറനാട്ടിൽ വണ്ടൂർ ബ്ലോക്കിലും നിലമ്പൂർ ബ്ലോക്കിലും, എടക്കര, താഴത്തുപാടം, വേങ്ങര, അമരമ്പലം, മഞ്ചേരി, കാളികാവ്, മൂത്തേടം, വാഴക്കാട്, നിലമ്പൂർ, വൂർ, ആനക്കയം, മമ്പാട്, കാവനൂർ എന്നിവിടങ്ങളിൽ ഇവർ താമസിച്ചുവരുന്നു. 2002 ൽ കിർടാഡ്സ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 850ഓളമാണ് മലപണിക്കരുടെ ജനസംഖ്യ. 180 കുടുംബങ്ങളിലായി 395 പുരുഷന്മാരും 415 സ്ത്രീകളുമാണുള്ളത്. പരമ്പരാഗതമായി

വേട്ടയാടലും കിഴങ്ങുശേഖരണവുമായിരുന്നു ഇവരുടെ തൊഴിലുകൾ. പിന്നീട് പുനംകൃഷിയിലേക്കും അവിടെനിന്ന് കോവിലകം ജന്മിമാരുടെ അടിമപ്പണിക്കാരായും മലപണിക്കൻമാർ മാറി. 2008 ലെ സർവ്വെ പ്രകാരം 982 ആണ് ഇവരുടെ ആകെ ജനസംഖ്യ.

## 22. മലസർ

പാലക്കാട് ജില്ലയിലെ നെന്മാറയിൽ നെല്ലിയാമ്പതി, പോത്തുമുടി, തൂത്തൻപാറ, കൊല്ലങ്കോട്, ചിറ്റൂർ താലൂക്കിലെ ചില ഭാഗങ്ങൾ പറമ്പിക്കുളം വന്യമൃഗസംരക്ഷണ കേന്ദ്രത്തിലെ സുങ്കം റേഞ്ച് എന്നിവിടങ്ങളിൽ മലസർ താമസിക്കുന്നു. 2001ലെ കണക്കനുസരിച്ച് 1720 ആണ് മലസരുടെ അംഗസംഖ്യ (859 പുരുഷന്മാർ, 861 സ്ത്രീകൾ). ജനസംഖ്യയുടെ മൂന്നിലൊന്നുമാത്രമാണ് സാക്ഷരരായിട്ടുള്ളവർ. എന്നാൽ 2008 ലെ സർവ്വെ അനുസരിച്ച് 4201 ആണ് ഇവരുടെ ജനസംഖ്യ.

## 23. മലവേട്ടുവൻ(കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ)

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ ചെറുപുഴ, വയക്കര, തിരുമേനി, കോഴിച്ചാൽ, തടിക്കടവ്, പടിയൂർ, പ്രാപൊയിൽ, രാജഗിരി എന്നിവിടങ്ങളിലും കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക, കുറ്റിക്കോൽ, പനത്തടി, കള്ളാർ, ബളാൽ, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി, കോടാംബേളൂർ എന്നിവിടങ്ങളിൽ താമസിച്ചുവരുന്ന ഒരു ഗോത്രവിഭാഗമാണിവർ. 2002 വരെ ഇവർ ഒ.ഇ.സി. ലിസ്റ്റ് (1964 മുതൽ) ലാണ് ഉൾപ്പെട്ടിരുന്നത്. ഇതുകൊണ്ടു തന്നെ കൃത്യമായ ജനസംഖ്യ ലഭ്യമല്ല. എങ്കിലും ജില്ലാ പഞ്ചായത്തിന്റെ രേഖകളിൽ ഏകദേശം 16000 ആണ് ഇവരുടെ ജനസംഖ്യ. തേൻശേഖരണം, വേട്ടയാടൽ, മീൻപിടുത്തം എന്നിവയിൽ മലവേട്ടുവർക്ക് പ്രത്യേക വിരുത് തന്നെയുണ്ട്. ചൂരൽ, കാട്ടുവള്ളി എന്നിവകൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കുവാനും ഇവർക്കറിയാം. പുനംകൃഷിയായിരുന്നു മറ്റൊരു ജീവിതോപാധി. 2008 ൽ കിലയും പട്ടികവർഗ്ഗ വികസനവകുപ്പും നടത്തിയ സർവ്വെ പ്രകാരം 19,728 ആണ് ഇവരുടെ ജനസംഖ്യ.

## 24. മലയൻ/നാട്ടുമലയൻ/കൊങ്ങമലയൻ

കൊങ്ങ മലയനും നാട്ടുമലയനുംകൂടി ചേർന്നതാണ് മലയൻ. കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളിലെ പട്ടിക ജാതി മലയരുമായി ഇവർക്ക് ബന്ധമില്ല. തൃശൂർ ജില്ലയിലെ ചാലക്കു ടി, പീച്ചി തുടങ്ങിയവിടങ്ങളിലും എറണാകുളം പാലക്കാട് ജില്ലക ളിലും എറണാകുളത്തെ മലമ്പ്രദേശങ്ങളിലും ഇവർ താമസിക്കുന്നു. 2001 സെൻസസ് പ്രകാരം ഇവരുടെ ജനസംഖ്യ 5696 (2816 പുരുഷന്മാർ, 2876 സ്ത്രീകൾ) ആണ്. 1981ലെ സെൻസസിൽ 2394 ആയിരുന്ന അംഗ സംഖ്യ 1991ൽ മൂന്നിരട്ടിയിലധികമായ് വർദ്ധിച്ചു. ഇതിനു കാരണം അർഹതയില്ലാത്ത സമുദായങ്ങളുടെ നുഴഞ്ഞുകയറ്റമാകാം. ചീനി ക്കായ, തേൻ, പച്ചമരുന്നുകൾ, മുള, വിറക് എന്നിവയുടെ ശേഖരണം തന്നെയാണ് ഇന്നും ഇവരുടെ പ്രധാനജീവനോപാധി. 5550 ആണ് 2008 ലെ സർവ്വെ പ്രകാരം ഇവരുടെ ജനസംഖ്യ.

## 25. മന്നാൻ

ഇടുക്കി ജില്ലയിലാണ് ഭൂരിഭാഗം മന്നാൻമാരും താമസിക്കുന്ന ത്. 2001 സെൻസസ് പ്രകാരം 7764ലാണ് ഇവരുടെ ജനസംഖ്യ. 3814 പുരുഷന്മാരും 3950 സ്ത്രീകളും. തൊടുപുഴ, ഉടുമ്പൻചോല, പീരുമേട്, ചാറ്റുപ്പാറ, മച്ചിപ്ലാവ്, അടിമാലി, കട്ടപ്പന, കോഴിമല, മുറിക്കാശ്ശേരി, നെടുംങ്കണ്ടം, കുമളി പ്രദേശങ്ങളിലാണ് 6859 ഓളം പേർ താമസിക്കു ന്നത്. കൃഷി തന്നെയാണ് പ്രധാനതൊഴിൽ. കൊട്ടയും വട്ടിയും പായും നെയ്തും ജീവിതമാർഗ്ഗം കണ്ടെത്തുന്നവരുംഇവരിലുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ രാജപദവി എപ്പോഴും നിലനിർത്തുന്ന സമുദായമാണ് മന്നാൻ. കിലയും പട്ടികവർഗ്ഗ വകുപ്പും നടത്തിയ സർവ്വെ പ്രകാരം 9345 ആണ് ഇവരുടെ ജനസംഖ്യ.

## 26. മാവിലൻ

കണ്ണൂർ ജില്ലയിലെ പെരിങ്ങോം, വയക്കര, ആലപ്പടപ്പ്, ഉദയഗി രി, നടുവിൽ, ശ്രീകണ്ഠാപുരം, പയ്യാവൂർ, എരുവശ്ശേരിയിലും കാസർ

ഗോഡ് ജില്ലയിലെ പനത്തടി, കള്ളാർ, കോടോം, ബേളൂർ, ബളാൽ, കുറ്റിക്കോൽ, ബന്തടുക്ക, എളേരി (ഈസ്റ്റ്, വെസ്റ്റ്) അജാനൂർ, കിനാനൂർ, ചീമേനി എന്നിവടങ്ങളിൽ അധിവസിക്കുന്ന ഒരു ഗോത്രവിഭാഗം. 2002 ലെ ഭരണഘടനാ ഭേദഗതിയിലൂടെ പട്ടികജാതിക്കാരായിരുന്ന മാവിലർക്ക് പട്ടികവർഗ്ഗ പദവി ലഭിച്ചു. 2001 സെൻസസ് പ്രകാരം 14546 പുരുഷന്മാരും 15044 സ്ത്രീകളും ചേർന്ന് 25590 പേരാണ് ഈ സമുദായത്തിൽ ഉള്ളത്. കെണിവെച്ച് മൃഗങ്ങളെയും പക്ഷികളെയും പിടിക്കുകയും മീൻ പിടുത്തവും തേൻ ശേഖരണവും 'കൂമേറ്' എന്ന പുനം കൃഷിയുമായിരുന്നു ആദ്യകാലത്തെ മുഖ്യ ജീവനോപാധി. ഈറ്റ, മുള എന്നിവ ഉപയോഗിച്ചു വസ്തുക്കളുാക്കുവാനും പച്ചമരുന്നു ചികിത്സയിലും ഇവർ വിദഗ്ധരാണ്. ഇവരിൽ പലരും മികച്ച തെയ്യം കലാകാരന്മാരാണ്. 31,166 ആണ് 2008 ലെ സർവ്വെ അനുസരിച്ച് ഇവരുടെ ആകെ ജനസംഖ്യ.

## 27. മുതുവാൻ

കേരളത്തിൽ പശ്ചിമഘട്ടത്തിൽ പ്രത്യേകിച്ച് ഇടുക്കി, എറണാകുളം ജില്ലകളിലാണ് ഇവർ അധിവസിക്കുന്നത്. കോട്ടഗിരി, കുള, ചെങ്കുളം, മുട്ടം, കൊപ്പക്കാട്, പാലക്കാടുപെട്ടി, കോട്ടപ്പാറ, കാന്തല്ലൂർ, ഇടമലക്കുടി, കത്തുകുടി, ചീങ്കുത്തി, കുറത്തി കുടി, നാച്ചിവയൽ, വാരിയംകുടി, കമ്പനിക്കുടി, വെള്ളിയാംപാറ, വട്ടവട, ലക്കം, സൂര്യനെല്ലി, അടിമാലി, മൂന്നാർ, നേരിയമംഗലം, ചിന്നക്കനാൽ, മാങ്കുളം തുടങ്ങിയവയാണ് അധിവാസ കേന്ദ്രങ്ങൾ. കൃഷിയാണ് പ്രധാനഉപജീവനമാർഗ്ഗം. പുനംകൃഷി രീതിയായിരുന്നു മുൻകാലങ്ങളിൽ. കൃഷിയോടൊപ്പം വേട്ടയാടലും വനവിഭവശേഖരണവും ഉണ്ട്. എന്നാൽ കോഴിക്കോട് മലപ്പുറം ജില്ലകളിലെ കിഴക്കൻഭാഗത്ത് വസിക്കുന്നവരും മുതുവാൻ സമുദായമാണെന്ന് കണക്കാക്കപ്പെടുന്നു. 2008 ലെ സർവ്വെ പ്രകാരം 19,163 ആണ് ഇവരുടെ ജനസംഖ്യ.

## 28. മുഡുഗർ

പാലക്കാട് അട്ടപ്പാടിയിൽ ഭവാനിപ്പുഴയുടെ തീരത്തു താമസിക്കുന്ന ഒരു ജനവിഭാഗം. പുനംകൃഷിയായിരുന്നു ആദ്യകാലത്തെ മുഖ്യ ഉപജീവ നമാർഗ്ഗം. നായാട്ടു നടത്തിയും, വനവിഭവങ്ങൾ ശേഖ

രിച്ചും ജീവിതം ഭദ്രമാക്കുവാൻ ഇവർ ശ്രമിച്ചിരുന്നു. 2001 സെൻസസ് പ്രകാരം മുതുവാനും മുഡുഗനും ഒരുമിച്ചുള്ള ജനസംഖ്യയാണ് ലഭ്യമായിട്ടുള്ളത്. ഇതുപ്രകാരം 21,266 (10764 പുരുഷന്മാർ, 10502 സ്ത്രീകൾ) ആണ് ഇവരുടെ ആകെ ജനസംഖ്യ. ജില്ല തരംതിരിച്ചുള്ള സെൻസസ് വെച്ച് മുതുവാന്റെയും മുഡുഗരുടെയും ഏകദേശം അംഗസംഖ്യ കണ്ടെത്താവുന്നതാണ് ഇതുപ്രകാരം ഇടുക്കിയിൽ 11026 മുതവാൻമാരും പാലക്കാട് 4223 മുഡുഗരുമാണുള്ളത്. എന്നാൽ 2008 ലെ സർവ്വെ പ്രകാരം 4,668 ആണ് ഇവരുടെ ആകെ ജനസംഖ്യ.

## 29. പള്ളിയൻ/പള്ളിയാർ/പളിയൻ

2002ലെ ഭരണഘടനാ ഭേദഗതി നിലവിൽ വരുംവരെ പള്ളിയൻ, പള്ളിയാർ, പളിയൻ എന്നിവരെ മൂന്നു വ്യത്യസ്ത ഗോത്രവിഭാഗമായാണ് കണക്കാക്കിയിരുന്നത്. 2001 സെൻസസിൽ അതിനാൽ ഇവർ 3 വിഭാഗമായി കാണപ്പെടുന്നു. എന്നാൽ പള്ളിയരുടെ ആകെ ജനസംഖ്യ 1709 ആണ്. ഇതിൽ 852 പേർ പുരുഷന്മാരും 857 പേർ സ്ത്രീകളുമാണ്. ഇടുക്കി ജില്ലയുടെ കിഴക്കു ഭാഗങ്ങളിൽ പ്രത്യേകിച്ച് കുമളി റേഞ്ചിലെ ചക്കുപ്പള്ളം, ആനക്കര, പുളിയൻമലയിലും, തേക്കടി റേഞ്ചിലും പീരുമേട്, ഉടുമ്പുൻചോല എന്നിവിടങ്ങളിലുമാണ് ഇവർ താമസിക്കുന്നത്. പുനംകൃഷി, വേട്ടയാടൽ, മീൻപിടുത്തം, വനവിഭവ ശേഖരണം എന്നിവയായിരുന്നു ആദ്യകാലത്തെ ജീവനോപാധി. ഇന്നാകട്ടെ ഭൂരിപക്ഷം പേരും തേയില പ്ലാന്റേഷൻ തൊഴിലാളികളാണ്. 1484 ആണ് 2008 സർവ്വെ പ്രകാരം ഇവരുടെ ജനസംഖ്യ.

## 30. പണിയൻ

പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പട്ടികവർഗ്ഗ വിഭാഗങ്ങിൽ ഏറ്റവുമധികം അംഗങ്ങളുള്ള ജനവിഭാഗങ്ങളാണിവർ (40001 പുരുഷന്മാർ, 41939 സ്ത്രീകൾ) വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ അധിവസിക്കുന്ന ഗോത്രവർഗ്ഗ വിഭാഗം. മാനന്തവാടി, വൈത്തിരി, സുൽത്താൻബത്തേരി, തൊിർനാട്, കല്പറ്റ, പൂതാടി, പനമരം, കൊട്ടത്തറ, പേരിയ കുപ്പാടിത്തറ, എടവക തുടങ്ങിയവയാണ് പ്രധാനഅധിവാസകേന്ദ്രങ്ങൾ. വയനാട്ടിലെ ഭൂപ്രഭുക്കരുടെ വയലുകളിലും കാപ്പിത്തോട്ടങ്ങളിലും മറ്റും വളരെ അടുത്ത കാലംവരെ 'അടിമ

പ്പണി' ചെയ്യേണ്ടിവന്ന വിഭാഗമാണ് ഇവർ. ഇപ്പോൾ ഇവരിൽ പലരും കൃഷിചെയ്തും കൃഷിത്തൊഴിലാളികളായും തൊഴിൽരഹിതരായും ജീവിച്ചുവരുന്നു. 2008 ലെ പട്ടികവർഗ്ഗ സർവ്വെ പ്രകാരം 92,787 ആണ് ഇവരുടെ ആകെ ജനസംഖ്യ.

## 31. തച്ചനാടൻ, തച്ചനാടൻ മൂപ്പൻ

വയനാട്ടിലെ മേപ്പാടി, അമ്പലവയൽ, കല്പറ്റ, മുട്ടിൽ എന്നീ പഞ്ചായത്തുകളിലാണ് ഇവർ താമസിച്ചുവരുന്നത്. 2002ലെ ഭേദഗതിയിലൂടെ പട്ടികവർഗ്ഗ ലിസ്റ്റിൽ ചേർക്കപ്പെട്ടതിനാൽ 2001 സെൻസസ് പ്രകാരമുള്ള കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. 1999ലെ കണക്കനുസരിച്ച് 1402 ആണ് ഇവരുടെ അംഗസംഖ്യ. കൃഷി, വേട്ടയാടൽ, മീൻപിടുത്തം, തേൻശേഖരണം, കൊട്ട മെടയൽ, പക്ഷിപിടുത്തം എന്നിവയിൽ ഇവർ മിടുക്കന്മാരായിരുന്നു. 2008 ലെ കണക്കനുസരിച്ച് 1649 ആണ് ജനസംഖ്യ.

## 32. ഉള്ളാടൻ/കൊച്ചുവേലൻ

ഇവരിൽ ഭൂരിഭാഗവും പത്തനംതിട്ട റാന്നിയിലെ എരുമേലി, പരുവ, വടശ്ശേരിക്കര, കരിമല, പമ്പ, കൊടുമുടി, രാജ്മ്പാറ, പെരുത്താനരുവി, പൊന്നമ്പലമേട്, പമ്പക്കടവ്, ചിറ്റമ്പലമേട്, മങ്കല, ആലുങ്കൽ എന്നിവിടങ്ങളിലും, ഇടുക്കിയിൽ തൊടുപുഴ, എന്നിവിടങ്ങളിലും, കൊല്ലത്തും, ആലപ്പുഴയിലും, എറണാകുളത്തും, തൃശ്ശൂരും താമസിക്കുന്നവരുണ്ട് ഭക്ഷണശേഖരണം, മൃഗങ്ങളെ കെണിയലകപ്പെടുത്തൽ, വനവിഭവശേഖരണം, ചെറുവള്ളങ്ങൾ, കൊട്ട, ചവിട്ടി എന്നിവയുടെ നിർമ്മാണം തുടങ്ങിയവയാണ് ഇവരുടെ പരമ്പരാഗത തൊഴിലുകൾ. പട്ടികവർഗ്ഗ ലിസ്റ്റിൽ 34 ആയി ചേർത്തിട്ടുള്ള ഉള്ളാടൻ സമുദായവും കൊച്ചുവേലനും തമ്മിൽ വളരെയധികം സാദൃശ്യമുണ്ട്. എന്നാൽ ഇന്ന് ഭൂരിഭാഗം ആളുകളും കർഷകത്തൊഴിലാളികളായി മാറിയിരിക്കുന്നു. 2001 സെൻസസ് പ്രകാരം ഇവരുടെ ജനസംഖ്യ 16,777 ആണ്. എന്നാൽ 2008 പട്ടികവർഗ്ഗ സർവ്വെ പ്രകാരം 17,557 ആണ് ഇവരുടെ ജനസംഖ്യ.

## 33. ഊരാളി

ഇടുക്കി ജില്ലയിലാണ് ഇവർ താമസിക്കുന്നത്. വയനാട്ടിലെ വെട്ടക്കുറുമ (ഊരാളിക്കുറമർ) രുമായി ഇവർക്കു യാതൊരു ബന്ധവുമില്ല. ഈ വ്യത്യാസം മനസ്സിലാക്കാതെ വയനാട്ടിലെ 'ഊരാളി' വിഭാഗത്തെ ഇടുക്കി ഊരാളിയുടെ കൂടെ ചേർത്ത് സെൻസസ് നടത്തുകയുണ്ടായി. 2001 സെൻസസ് പ്രകാരം ഇവരുടെ ആകെ ജനസംഖ്യ 11103 ആണ് (5545 പുരുഷൻമാർ, 5538 സ്ത്രീകൾ). ഇതിൽ വയനാട്ടിൽ 3455 പേർക്കൂടി ഉൾപ്പെട്ടിട്ടുണ്ട്. സ്വാഭാവികമായും ഇവർ വയനാട്ടിലെ വെട്ടകുറുമൻ തന്നെയായിരിക്കണം. 7559 ആണ് 2008 ലെ ഇവരുടെ ജനസംഖ്യ.

## 34. വെട്ടക്കുറുമൻ

2002 ഭരണഘടനാ ഭേദഗതി പ്രകാരം ലിസ്റ്റിൽ വന്ന സമുദായമാണ് വെട്ടക്കുറുമൻ. ഇവർ പ്രാദേശികമായി ചില ഭാഗങ്ങളിൽ ഊരാളിക്കുറുമനെന്ന പേരിലുംകൂടി അറിയപ്പെടുന്നു. വയനാട്ടിൽ തിരുനെല്ലി പനമരം, പൂതാടി, നൂൽപ്പുഴ, മുള്ളൻകൊല്ലി, കണിയാമ്പറ്റ, അമ്പലവയൽ, നെന്മേനി പഞ്ചായത്തുകളിലാണ് ഇവർ താമസിക്കുന്നത്. ജില്ലയിലെ പട്ടികവർഗ്ഗ വകുപ്പ് നടത്തിയ കണക്കെടുപ്പനുസരിച്ച് 3163 ആണ് വെട്ടക്കുറുമരുടെ ജനസംഖ്യ. ഇതിൽ 1544പേർ പുരുഷന്മാരും 1619 പേർ സ്ത്രീകളുമാണ്. മൺപാത്രനിർമ്മാണം, ഇരുമ്പ് പണി, മരപ്പണി, കൊട്ടനിർമ്മാണം എന്നിവയിൽ അതീവ വൈദഗ്ധ്യമുള്ളവരാണ് ഇവർ. കുറിച്യർ, മുള്ളുക്കുറുമർ തുടങ്ങിയവർക്കും കൃഷിക്കും മറ്റുമുള്ള ആയുധങ്ങൾ, മൺപാത്രങ്ങൾ, അമ്പ് തുടങ്ങിയവയും ഉണ്ടാക്കിക്കൊടുത്തിരുന്നത് വെട്ടക്കുറുമരാണ്. എന്നാൽ ഇന്ന് ഇത്തരം കുലത്തൊഴിലിനെപുതിയ തലമുറക്കാർ കയ്യൊഴിഞ്ഞിരിക്കുന്നു. ഭൂരിഭാഗവും കാർഷികതൊഴിലോ കൂലിവേലയോ ചെയ്താണ് ജീവിതമാർഗ്ഗം കണ്ടെത്തുന്നത്. 2008 ലെസർവ്വെ പ്രകാരം 6,482 ആണ് ഇവരുടെ ജനസംഖ്യ.

## 35. വയനാട് കാടർ

വയനാട്, കോഴിക്കോട് ജില്ലകളിൽ താമസിക്കുന്ന ഒരു ആദിവാസി വിഭാഗമാണ് വയനാടൻ കാടർ അഥവാ വയനാട് കാടർ.

നീഗ്രിറ്റോ വിഭാഗത്തിൽപ്പെടുന്ന കൊച്ചിയിലെ കാടൻമാരുമായ് ഇവർക്ക് യാതൊരു ബന്ധവുമില്ല. 1948ൽ മദ്രാസ് ഗവൺമെന്റ് വയനാട് കാടരെ ഗോത്രവർഗ്ഗമായി കരുതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു.1 976ലെ ഭേദഗതിയിൽഇ വരെഒ ,.ഇ.സി.വ ിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 2002ലെ ഭരണഘടനാ ഭേദഗതിയിൽ വയനാട് കാടരെ പട്ടികവർഗ്ഗ ലിസ്റ്റിൽ 6-ാമതായ് കാടരൊടൊപ്പം ചേർത്തിരിക്കുന്നു. കോഴിക്കോട് കോടഞ്ചേരി, കൂടരഞ്ഞി എന്നിവിടങ്ങളിലും വയനാട് വെള്ളമു, പടിഞ്ഞാറത്തറ, തരിയോട്, പൊഴുതന, പിണങ്ങോട്, ഏടവക തൊണ്ടർനാട് എന്നിവിടങ്ങളിലുമാണ് ഇവർ അധിവസിച്ചു വരുന്നത്. 1991 വരെയുള്ള സെൻസസുകളിൽവയനാട് കാടരുടെ ജന സംഖ്യാ വിവരങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ 2000ത്തിൽ കിർടാഡ്സ് നടത്തിയ ഒരു പഠനത്തിൽ 720 ആണ് ഇവരുടെ ജന സംഖ്യയെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 371 പേർ പുരുഷന്മാരും 349 പേർ സ്ത്രീകളുമാണ്. എന്നാൽ 2008 ൽ കിലയും പട്ടികവർഗ വികസന വകുപ്പും നടത്തിയ സർവ്വെ പ്രകാരം 673 ആണ് ഇവരുടെ ആകെ ജന സംഖ്യ.

## 36. മറാട്ടി

2001 ലെ സെൻസസ് കണക്കുകൾ പ്രകാരം കേരളത്തിലെ മറാട്ടി ജനസംഖ്യ 27824 ആണ്. കാസർഗോഡ് ജില്ലയിലാണ് മറാട്ടി വിഭാഗം കൂടുതലായും അധിവസിക്കുന്നത്. കർണ്ണാടകത്തോടു ചേർന്നു കിടക്കുന്ന പഞ്ചായത്തുകളായ കള്ളാർ, പനത്തടി, ദേലംപാടി, മഞ്ചേശ്വരം, അഡൂർ, എൻമകജെ തുടങ്ങിയവിടങ്ങളിലാണ് മുഖ്യമായും അവർ അധിവസിക്കുന്നത്. മുൻകാലങ്ങളിൽ പുനം കൃഷി നടത്തിയും വേട്ടയാടിയുമായിരുന്നു ഇവർ ഉപജീവനം കഴിച്ചിരുന്നത്. ഇന്ന് പ്രധാനമായും കാർഷികത്തൊഴിലാളികളായും, കാർഷികേതര തൊഴിലാളികളായും, കൃഷിക്കാരായും ജോലി ചെയ്യുന്നു. ഇവരിൽ ചെറിയൊരു വിഭാഗം സർക്കാർ ജോലിക്കാരാണ്. ഗോന്തോൾ പൂജ, തുളസിപൂജ തുടങ്ങിയ ആചാരങ്ങൾ അവരുടെ ഇടയിൽ നിലനിൽക്കുന്നു. മറാട്ടി വിഭാഗത്തിന് സ്വന്തമായി ഒരു സംസാരഭാഷയുണ്ട്.

## പട്ടികവർഗ വികസനത്തിന്റെ നാൾവഴികൾ

- 1955 – പൗരാവകാശനിയമം
- 1961 – ധേബർ കമ്മീഷൻ റിപ്പോർട്ട്
- 1961–കേരള ഫോറസ്റ്റ് ആക്ട് – ആദിവാസികളുടെ കുടി സംരക്ഷണവും പുരോഗതിയും ലക്ഷ്യമിട്ടിരുന്നു.
- 1962–ആദ്യത്തെ ട്രൈബൽ ബ്ലോക്ക് – അട്ടപ്പാടി
- 1964–1961ലെ കേരള ഫോറസ്റ്റ് ആക്ടിൽ പറഞ്ഞിട്ടുള്ള ഗിരിജനങ്ങൾക്കുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കി വനത്തിൽ ആളൊന്നിന് 0.4 ഹെക്ടർ എ തോതിൽ 0.6 ഹെക്ടർ കവിയാതെ കൃഷി ചെയ്യാം. ചെറുകിട വനവിഭവ ശേഖരണം, ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് സംരക്ഷണം തുടങ്ങിയവ.
- 1970–1964 ലെ ചട്ടങ്ങൾ ഉണ്ടാക്കാൻ സംസ്ഥാനസർക്കാരിന് ഭരണഘടനാപരമായ അവകാശങ്ങളില്ല എന്ന് കാണിച്ച് ഒരു ആദിവാസിയെക്കൊണ്ട് നൽകി ഹർജി കേരള ഹൈക്കോടതി ശരിവെക്കുകയുണ്ടായി
- 1970–അരബിൾ ഫോറസ്റ്റ് ലാൻഡ് സ്കീം – വനത്തിൽ നിന്ന് കൃഷിക്ക് ഉപയോഗിക്കാൻ സാധിക്കുന്ന ഭൂമി തിട്ടപ്പെടുത്തി. 1960 –ലെ കേരള സർക്കാർ ഭൂമി പതിച്ചുനൽകൽ ആക്ടിന് വിധേയമായി 1970–ലെ ചട്ടങ്ങളിൽ ഓരോ ജില്ലയിലും പതിച്ച് നൽകു ആകെ ഭൂമിയുടെമ ൂന്നിൽഒ ന്ന്പ ട്ടികജാതിപ ട്ടികവർഗത്തിന്ന ൽകാൻ വ്യവസ്ഥ ചെയ്തു.
- 1971–കേരള സ്വകാര്യ വനഭൂമി പതിച്ച് കൊടുക്കൽ ആക്ട് പ്രകാരം സ്വകാര്യ വനഭൂമി ഏറ്റെടുത്ത് നൽകാൻ സർക്കാരിൽ നിക്ഷിപ്തമാക്കി. ഈ നിക്ഷിപ്ത വനത്തിൽ പകുതി ആദിവാസികളെ കുടിയിരുത്താൻ അനുവദിക്കാമെന്ന് കേന്ദ്രം സമ്മതിച്ചു.
- 1971–വാസകേന്ദ്രങ്ങളിൽ പൊതുസമൂഹത്തിലുള്ളവർ കടന്നുചെന്ന് ഭൂമിയും കൃഷിയും കൈവശപ്പെടുത്തിയത് ഒഴിപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകി.
- 1972–വന്യജീവി സംരക്ഷണനിയമം ആദിവാസികളുടെ ആഹാരസമ്പാദനത്തെ ബാധിച്ചു
- 1973–സർക്കാർ ഇടപെട്ട് ഒഴിപ്പിക്കൽ നടപടി സ്റ്റേ ചെയ്തു. മാത്രമല്ല ആദിവാസി അല്ലാത്തവർക്ക് ഗിരിജനസെറ്റിൽമെന്റിൽ പട്ടയം നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

- 1973–ദേശീയതലത്തിൽ സ്ഥാപിക്കപ്പെട്ട പട്ടികവർഗ ഗവേഷണ പരിശീലനകേന്ദ്രം മാനന്തവാടിയിൽ സ്പെഷ്യൽ ആഫീസറുടെ നേതൃത്വത്തിൽ ആരംഭിച്ചു
- 1974–1971ലെ കേരള സ്വകാര്യ വനഭൂമി പതിച്ചുകൊടുക്കൽ ആക്ടിന് ചട്ടങ്ങൾ ഉണ്ടാക്കി ആദിവാസികൾക്ക് മുന്തിയ പരിഗണനയും നൽകി.
- 1975–പട്ടികവർഗ ഉപപദ്ധതി (5–ാം പഞ്ചവത്സര പദ്ധതി മുതൽ)
- 1976–പട്ടികവർഗ വികസനവകുപ്പ് പ്രത്യേക ഡയറക്ടറേറ്റ് ആയി നിലവിൽ വന്നു
- 1975–അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുതിനും അന്യാധീനപ്പെടുതിന് നിയന്ത്രണം ഏർപ്പെടുത്തുതിനും ഉദ്ദേശിച്ചുള്ള നിയമം കേരള നിയമസഭ പാസാക്കി
- 1976–അടിമപ്പണി നിരോധനനിയമം നിലവിൽവന്നു
- 1976– അടിമപ്പണിക്ക് വിധേയരായ 750 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻവേണ്ടി 1500 ഹെക്ടർ നിക്ഷിപ്തവനം വയനാട്ടിലെ സുഗന്ധഗിരി കാർഡമം പ്രോജക്ടിനുവേണ്ടി ഉപയോഗപ്പെടുത്തി. വയനാട്ടിലെ പൂക്കോട് പ്രിയദർശിനി, കോഴിക്കോട് ജില്ലയിലെ വട്ടച്ചിറ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിലും കൂട്ടുകൃഷി ഫാമുകൾ ആരംഭിക്കുകയുണ്ടായി. പശ്ചിമഘട്ട പദ്ധതിയുടെ ഭാഗമായി കേന്ദ്രസഹായം ലഭിക്കുകയുണ്ടായി
- 1976–ഉപപദ്ധതിയുടെ ആശയത്തിൽ അട്ടപ്പാടി സ്റ്റേറ്റാക്കിൽ ആദ്യത്തെ സംയോജിത ഗിരിവർഗ പ്രോജക്ട് (ITDP) ആരംഭിച്ചു.
- 1979–കേരള പട്ടികജാതി, പട്ടികവർഗ, പരിശീലന, ഗവേഷണ, വികസന പഠനവകുപ്പ് (കിർത്താഡ്സ്) പ്രത്യേക ഡയറക്ടറേറ്റ് ആയി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ചു.
- 1980–വനസംരക്ഷണനിയമം: വനം വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല. അതിജീവനമാർഗത്തിന് നിയന്ത്രണം.
- 1983–84 ജില്ലാതല വികേന്ദ്രീകരണം ഉപപദ്ധതിക്കും ബാധകമാക്കി
- 1986–1975ലെ ഭൂമി അന്യാധീനപ്പെടൽ നിയമത്തിന് 1986ൽ ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു. 1982 മുതൽ മാത്രമേ നിയമപ്രാബല്യമുള്ളൂവെന്ന് തീരുമാനിച്ചു
- 1989–അതിക്രമം തടയൽ നിയമം–നഷ്ടപരിഹാരത്തിന് വ്യവസ്ഥകൾ

- 1996–1975ലെ ഭൂമി അന്യാധീനപ്പെടൽ നിയമത്തിന് ഭേദഗതി ഒരേക്കറിൽ കുറയാത്ത അന്യാധീനപ്പെട്ടഭൂമിക്ക് പകരം ഭൂമി. ഭേദഗതി രാഷ്ട്രപതി അംഗീകാരം നൽകിയില്ല.
- 1996–അട്ടപ്പാടിയിൽ മുതൽ (73&74 ഭരണഘടനഭേദഗതി) അധികാരവികേന്ദ്രീകരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുകൂടി പട്ടികവർഗ വികസനത്തിൽ പങ്കാളിത്തം
- 1996 – ജപ്പാന്റെ വിദേശഫണ്ട് സഹായത്തിൽ പരിസ്ഥിതി പുന:സ്ഥാപനപ്രോജക്ട് 'അഹാഡ്സ്'
- 1996–കേരള പട്ടികജാതി, പട്ടികവർഗ സമുദായ സർട്ടിഫിക്കറ്റ് ക്രമപ്പെടുത്തൽ നിയമം
- –വ്യാജ സമുദായ സർട്ടിഫിക്കറ്റ് സമ്പാദനം കുറ്റമാക്കി
- 1996–പെസ–പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ദി ഷെഡ്യൂൾഡ് ഏരിയ നടപ്പിലാക്കി (കേരളം പെസ നടപ്പിലാക്കാൻ വേണ്ടിയുള്ള പ്രാഥമിക നടപടി ക്രമങ്ങൾ 2015ൽ പൂർത്തിയാക്കി)
- 1999–കേന്ദ്രസർക്കാരിന്റെ ട്രൈബൽ മന്ത്രാലയം നിലവിൽ വന്നു
- 1999–1975ലെ ഭൂമി അന്യാധീനപ്പെടൽ നിയമനത്തിന് വീണ്ടും ഭേദഗതി. പകരം ഭൂമി അന്യാധീനപ്പെട്ട ഭൂമിയുടെ തുല്യ വിസ്തീർണ്ണം, ഒരേക്കർ ഭൂമി ഇല്ലാത്തവർക്കും ഒരേക്കറെങ്കിലും ഭൂമി
- 2001–1999ലെ ഭൂമി അന്യാധീനപ്പെടൽ നിയമനത്തിന് ചട്ടങ്ങൾ. 1960 -ലെ കേരള ഭൂമി പതിച്ചു നൽകൽ ആക്ടിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം ചട്ടങ്ങൾ
- 2001–ആദിവാസി പുനരധിവാസ വികസനമിഷൻ രൂപവൽക്കരിച്ചു.
- 2002–പുനരധിവാസ മിഷനുവേണ്ടി 'ആദിവാസി വികസനഊരുകൂട്ടം' അവ രജിസ്റ്റർ ചെയ്യാനുള്ള ചട്ടങ്ങൾ ഉണ്ടാക്കി അംഗങ്ങളുടെ സമഗ്ര സാമ്പത്തിക വികസനം ലക്ഷ്യമിട്ടിരുന്നു.
പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റു ദുരിതം അനുഭവിക്കുന്നവർക്കും ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി യിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബ വാർഷികവരുമാനം 1,00,000/- രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സക്ക് 1 ലക്ഷം രൂപവരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50,000/- രൂപവരെയും ധനസഹായം ഈ പദ്ധതി മുഖേന അനുവദിക്കാ വുന്നതാണ്. കുടുംബത്തിന്റെ ഏകവരുമാനദായകന്റെ അപകടമരണം സംഭവിച്ചാൽ ടിയാന്റെ/ടിയാളുടെ കുടുംബത്തിന് നിബന്ധനകൾക്ക് വിധേയമായി 50,000/- രൂപവരെ ഈ പദ്ധതിവഴി അനുവദിക്കാവുന്നതാ ണ്. അസുഖങ്ങളെകൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗക്കാർക്ക് 1 ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാർശയിന്മേൽ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായം നൽകിവരുന്നു. കൂടാതെ പ്രകൃതിക്ഷോഭം, തീപിടുത്തം മുതലായവ മൂലം വീടിനും വസ്തുവകകൾക്കും നാശ നഷ്ടം ഉണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000/- രൂപ വീതം നിബന്ധന കൾക്ക് വിധേയമായി നൽകി വരുന്നു. മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം, രോഗിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുവാൻ സഹായിക്കുക, ഡോക്ടറുടെ നിർദ്ദേശപ്രകാരം പോഷകമൂല്യങ്ങളുള്ള ആഹാരം നൽകുക, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കുക, പോസ്റ്റ്മോർട്ടത്തിന് ആവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ / അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സഹായ നിധി തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ

## 28. സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ

പട്ടികവർഗ്ഗ വികസനവകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്ത പുരം, ഇടുക്കി ജില്ലകളിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനു പുറമെ ഹിന്ദുസ്ഥാൻ ലൈവ് കെയർ ലിമിറ്റഡുമായി സഹകരിച്ചുകൊണ്ട് മലപ്പുറം, പാലക്കാട്, വയനാട് ജില്ല കളിൽ 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് കൊല്ലം, ഇടുക്കി

ജില്ലകളിൽ 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

### 29. ഒ.പി ക്ലിനിക്കുകൾ

മാനന്തവാടി, ഇടുക്കി, അട്ടപ്പാടി, ചാലക്കുടി എന്നീ പ്രദേശങ്ങളിലെ പട്ടികവർഗക്കാർക്കിടയിൽ സാധാരണ ഉണ്ടാകുന്ന ക്ഷയം , കുഷ്ഠം, ത്വക്ക് രോഗങ്ങൾ സിക്കിൾസെൽ അനീമിയ എന്നിവ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനായി 1989-90ൽ ആരംഭിച്ചതാണ് ഈ പദ്ധതി നിലവിൽ അട്ടപ്പാടിയിൽ 2 ഒ.പി.ക്ലീനിക്കുകളും ഇടുക്കിയിൽ 2 ഒ.പി.ക്ലിനിക്കും, ചാലക്കുടി പട്ടികവർഗ വികസന ആഫീസറുടെ കീഴിൽ ഒരു ഒ.പി.ക്ലിനിക്കും പ്രവർത്തിക്കുന്നു. ഈ പ്രേജക്ടുകൾ ഇപ്പോൾ ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലാണ്.

### 30. വൈദ്യസഹായ പദ്ധികൾ

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി പട്ടിക വർഗ്ഗ വികസനവകുപ്പിന്റെ കീഴിൽ 4 മിഡ്വൈഫറി സെന്ററുകളും ,ഒരു ആയൂർവ്വേദാശുപത്രിയും, 17 ആയൂർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്.

## സാമൂഹ്യ-സാമ്പത്തിക ഉന്നമന പദ്ധാതികൾ

### 31. അടിയ പണിയ പ്രാക്തനവർഗ്ഗങ്ങൾ, വനത്തിനുള്ളിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ്

മറ്റ് പട്ടിക വർഗ്ഗ വിഭാഗങ്ങളേക്കാൾ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള അടിയൻ, പണിയൻ, പ്രാക്തനഗോത്രവർഗ്ഗക്കാർ എന്നിവരുടെ പിന്നോക്കവസ്ഥ കണക്കിലെടുത്ത് അവർക്ക് വിദ്യാഭ്യസപരവും സാമ്പത്തികവുമായി മുന്നേറാൻ ഈ പദ്ധതികൾ സഹായിക്കുന്നു. ഈ വിഭാഗക്കാരുടെ ആരോഗ്യ പരിപാലനത്തിനും പദ്ധതി പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. അട്ടപ്പാടി മാനന്തവാടി, സുഗന്ധഗിരി (വയനാട്) എന്നിവിടങ്ങളിൽ 3 അഗതി മന്ദിരങ്ങളും ഈ പദ്ധതിയിൽ പ്രവർത്തിക്കുന്നു. വനത്തിനുള്ളിലോ പരിസരപ്രദേശങ്ങളിലോ ജീവിക്കുന്ന പട്ടികവർഗ്ഗ സമൂഹത്തിന് പ്രയോജനപ്പെടുന്ന തൊഴിലുകൾ നൽകി ജീവിത നിലവാരം മെച്ചപ്പെടുത്തുക, ആരോഗ്യപരിരക്ഷ ഉറപ്പാക്കുക എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

## 32. ഭക്ഷ്യ സഹായ പരിപാടി

വർഷകാലത്ത് പട്ടികവർഗ്ഗക്കാർക്ക് ജോലിസാദ്ധ്യതയുടെ അഭാവം അവർക്കിടയിൽ മൺസുൺകാലത്ത് പട്ടിണിയും കഷ്ടപ്പാടും വർദ്ധിക്കുവാൻ ഇടയാക്കുന്നു.. ഈ കാലയളവിൽ അവർക്ക് പോഷകാഹാരവും ഭക്ഷണവും ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്.ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള 4 മാസങ്ങളിലാണ് ഊരുകൂട്ടങ്ങൾ മുഖേനപ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ദേവികളും ഗിരിജൻ സർവ്വീസ് സംഘം മുഖേനവിതരണം ചെയ്യുന്ന റേഷൻ സാധങ്ങളുടെ ചുമുട്ടുകൂലിയും ഈ പദ്ധതി പ്രകാരമാണ് നൽകിവരുന്നത്.

## 33.കൈത്താങ്ങ് (അനാഥർക്കുള്ള ധനസാഹായം)

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും - അശരണരുമായ പട്ടിക വർഗ്ഗ കുട്ടികൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ കുട്ടികളെ സംരക്ഷിക്കുകയും അവരെ പരിപാലിച്ച് വളർത്തുകയും ചെയ്യുന്നതിനാവശ്യമായ ചെലവ് ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു.പ്രായപൂർത്തിയാകുന്നതുവരെയോ, സ്വന്തമായി വരുമാനം ഉണ്ടകുന്നതുവരെയോ ജീവിക്കാനും, വിദ്യാഭ്യാസത്തിനും ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ സർവ്വെ ചെയ്തു കണ്ടെത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപ വീതം 18 വയസ്സുവരെയോ സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതുവരെയോ അനുവദിച്ചു വരുന്നു.

## 34.പൂൾഡ് ഫണ്ട് പദ്ധതികൾ

പട്ടികവർഗ്ഗ സമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി സർക്കാർ വകുപ്പുകളോ / സ്ഥാപനങ്ങളോ / ഏജൻസികളോ / എൻ.ജി.ഒ കളോ നിർദ്ദേശിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുന്നു. ടി സ്ഥാപനങ്ങൾ സർക്കാർ ഉത്തരവ് നം. 2964/201/7 പജപവവിവ തീയതി 21/11/2017 പ്രകാരം ടി പദ്ധതിയ്ക്ക് അടങ്കലിന്റെ 10% തുക വകയിരുത്തേണ്ടതാണ്. പട്ടികവർഗ്ഗ വികസനത്തെ ലക്ഷ്യം വച്ചുള്ള പ്രോജക്ടുകൾ തങ്ങളുടെ വിഹിതം ഉൾപ്പെടെ സംസ്ഥാന ആസൂത്രണ ബോർഡിന് സമർപ്പിക്കുകയും സംസ്ഥാന ആസൂത്രണ ബോർഡ് പ്രോജ്ക്ട് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി നട

പ്പിലാക്കുന്നു. പട്ടികവർഗ്ഗ വികസനത്തിന് മുൻഗണന നൽകേണ്ട വൈദ്യുതി , കുപ്പിവെള്ളം, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ പ്രോജക്ടുകൾക്ക് മുൻഗണന നൽകേണ്ടതാണ്.

## 35 അംബേദ്കർ സെറ്റിൽമെന്റ് വികസനപദ്ധതി (പുതുക്കിയ എ.റ്റി.എസ്. പി പദ്ധതി)

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. അടിയന്തരമായി നടപ്പാക്കേണ്ട അടിസ്ഥാനസൗകര്യങ്ങൾ, സാമ്പത്തിക വികസനപ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള അടിസ്ഥാനആവശ്യങ്ങൾ, പട്ടികവർഗ്ഗ സങ്കേതത്തിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണം, കുടിവെള്ളം, ശുചിത്വം, ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.

## 36. ട്രൈബൽ കോംപ്ലക്സ്

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത കലാപ്രദർശനത്തിനും ഉൽപ്പന്നങ്ങളുടെ വിപണനത്തിനും വംശീയ ചികിത്സ, വംശീയ ഭക്ഷണം എന്നിവയ്ക്കെല്ലാമുള്ള സൗകര്യങ്ങളും താല്ക്കാലിക വിശ്രമ സൗകര്യവും ഒരുക്കുന്നതിന് കൊച്ചി നഗരത്തിൽ 1.18 ഏക്കർ സ്ഥലത്ത് 2229ച.കി.മീ വിസ്തൃതിയിൽ 7.18 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തീകരിച്ച് 2019 സെപ്റ്റംബർ 2ന് ഉദ്ഘാടനം നിർവ്വഹിച്ച് പ്രവർത്തനം ആരംഭിച്ചു.

## 37. ആദിവാസി പുനരധിവാസ വികസനമിഷൻ (ടി.ആർ.ഡി.എം)

ഭൂരഹിത പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 3 ഏക്കർ മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1 ഏക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് 1 ഏക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങളെ ഇതിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനുമായി ട്രൈബൽ റിഹാബിലിറ്റലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം) രൂപികരിച്ചിട്ടുണ്ട്.

1) ഭവനനിർമ്മാണം ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യവികസനം
2) ജലസേചനവും കൃഷിയും ഉൾപ്പെടെയുള്ള ഭൂവികസന പരിപാടികൾ

3) സ്വയംതൊഴിൽ പദ്ധതികൾ

4) മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിപാടികൾ.

പുനരധിവാസ പ്രവർത്തനങ്ങളിൽ താല്ക്കാലിക വാസസ്ഥലങ്ങൾ,കാർഷിക സാമഗ്രികൾ, ഭവനനിർമ്മാണം, ഊർജ്ജം, കുടിവെള്ളം, റോഡ് നിർമ്മാണം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, അംഗൻവാടി, കമ്മ്യുണിറ്റിഹാൾ, വയനാട്, പാലക്കാട് ജില്ലകളിൽ ഭൂമി വാങ്ങൽ എന്നിവ പ്രധാനപദ്ധതികളാണ്. ഈ പദ്ധതിയിൽ ഇതുവരെ ഭൂരഹിതർക്ക് ഏക്കർ ഭൂമി വിതരണം ചെയ്തു കഴിഞ്ഞു. വിതരണം ചെയ്ത ഭൂമിയിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളും തദ്ദേശ സ്വയംഭരണ വകുപ്പുകളുടെയും ഏകോപനത്തോടെ വികസനപദ്ധതികൾ പുരോഗമിച്ചുവരുന്നു.

## 38. പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

നിർദ്ധനരും മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ മരണപ്പെടുകയും പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. വിവാഹ ധനസഹായം 1 ലക്ഷം രൂപ നിരക്കിലാണ് നൽകിവരുന്നത്. എന്നാൽ അനാതരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1.50 ലക്ഷം രൂപ ആനുകൂല്യമായി ലഭിക്കും. വിവാഹ തീയതിക്ക് ഒരു മാസത്തിന് മുൻപ് ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട റ്റി.ഇ.ഒ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്ക് ഉള്ളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് ഡയറക്ടറുടെ / സർക്കാർ ഉത്തരവിൻ പ്രകാരം ആനുകൂല്യം അനുവദിച്ചു നൽകുന്നു.

## 39.ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം

പട്ടികവർഗ്ഗ ഉപപദ്ധതി സ്കീമുകളിൽ ഉണ്ടാകുന്ന ഗുരുതരമായ ( വിടവുകൾ നികത്തുന്നതിനുവേണ്ടിയാണ് കോർപ്പ്സ് ഫണ്ട് ഉപയോഗിക്കുന്നത്. പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് സ്വയംതൊഴിൽ, നൈപുണ്യവികസനം, ശുദ്ധജല വിതരണം, ശുചിത്വം, നടപ്പാലങ്ങളുടെ നിർമ്മാണം, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യ പരിപാടികൾ, വൈദ്യുതീകരണം, എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ ഗതാഗത സൗകര്യങ്ങൾ പട്ടിക വർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതിയുടെ കുറവ് പരിഹരിക്കൽ, സോഫ്റ്റ് സ്കിൽ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ വികസനം കമ്മ്യൂണിറ്റിഹാൾ, ലൈബ്രറി , പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഇന്റർനെറ്റ്, ഡി.റ്റി.പി. , ഫോട്ടോസ്റ്റാറ്റ്, ഫാക്സ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

## 40.പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

പട്ടികവർഗക്കാർ കുടുതലായി അധിവസിക്കുന്ന മേഖലകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക. പട്ടികവർഗ്ഗ വികസനവകുപ്പും മറ്റു വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രർത്തിക്കുക. ഗുണഭോക്തക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1182 പട്ടികവർഗ യുവതീയുവാക്കളെ നിയമിച്ചിരുന്നു. കൂടാതെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗക്കാരെ സഹായിക്കുന്നതിന് ആവശ്യമായ ഹെൽത്ത് പ്രൊമോട്ടർമാരെയും മേൽ പറഞ്ഞ പ്രൊമേട്ടർമാരിൽ നിന്നും പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്.ഇവർക്ക് പ്രതിമാസം 9,000 /- രൂപ ഹോണറേറിയവും, 1000 രൂപ യാത്രാചെലവും നൽകി വരുന്നു.

## 41. ഊരുകൂട്ടങ്ങൾ

എല്ലാ പട്ടികവർഗ സങ്കേതങ്ങളിലും ഊരുകൂട്ടങ്ങൾ കൂടുന്നതിനും ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഭാഗമായി പരീശിലനം നൽകുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. സൂക്ഷ്മ തലത്തിലുള്ള ആസൂത്രണം, പ്രാഥമിക ആരോഗ്യ പരിപാലനം, സർക്കാരിന്റെ വികസനപ്രവർത്തനങ്ങൾ, നിർവഹണത്തിലും മോണിറ്ററിംഗിലും പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും പരിശീലനം നൽകുന്നത്. ഊരുകൂട്ടങ്ങൾ 4 മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. ഓരോ ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിന്റെ ചെലവിലേക്കായി 2500 രൂപ വീതം അനുവദിച്ചുവരുന്നു.

## 42.പ്രത്യേക കേന്ദ്ര സഹായ പദ്ധതി

പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സ്വയംതൊഴിൽ പദ്ധതികൾ, പരിശീലനപരിപാടികൾ, കാർഷിക പദ്ധതികൾ തുടങ്ങിയ സാമ്പത്തിക ഉന്നമനപരിപാടികൾ പ്രത്യേകം തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൽ നടപ്പിലാക്കുന്നു. ഇതിനായി തയ്യാറുക്കുന്ന പദ്ധതികൾ സംസ്ഥാനജില്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് നടപ്പിലാക്കി വരുന്നത്.

## 43.ഭവനരഹിതർക്ക് ഭവനം

ഭവനരഹിതരായ പട്ടികവർഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഭവനനിർമ്മാണ ധനസഹായ ഗ്രാന്റ് നിലവിൽ 4 ലക്ഷം രൂപയാണ്. വിദൂര സ്ഥിത സങ്കേതങ്ങളിലെ ഭവന നിർമ്മാണത്തിന് 6 ലക്ഷം രൂപയും നൽകിവരുന്നു. ടി തുക 4 ഗഡുക്കളായാണ് നൽകിവരുന്നത്. 2018-19 വർഷം മുതൽ ഭവന

നിർമ്മാണ ധനസഹായം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നൽകിവരുന്നത്. ടി. പദ്ധതിയിൽ സങ്കേതങ്ങൾക്ക കത്ത് താമസിക്കുന്ന പട്ടികവർഗ്ഗകക്കാർക്ക് 6 ലക്ഷം രൂപയും സങ്കേത ങ്ങൾക്ക് പുറത്ത് തമാസിക്കുന്നവർക്ക് 4 ലക്ഷം രൂപയുമാണ്ഭവന നിർമ്മാണ ധനസഹായം. അതീവ ദുർഘടപ്രദേശങ്ങളിൽ 20% വരെ അധികമായി ധനസഹായം അനുവദിക്കാവുന്നതാണ്.

## 44. ഇടമലക്കുടി പാക്കേജ്

2010 നവംബർ 1-ാം തീയതി രൂപീകൃതമായ ഇടമലക്കുടി കേരള ത്തിലെ ഏക പട്ടികവർഗ ഗ്രാമപഞ്ചായത്താണ്. പുതുക്കുടി എന്ന സൊസൈറ്റിക്കുടി ആസ്ഥാനമായ ഈ ഗ്രാമപഞ്ചായത്തിൽ 28 കുടികളി ലായി 621 കുടുംബങ്ങൾ അധിവസിച്ചുവരുന്നു. ഇടമലക്കുടി സമഗ്ര വികസനത്തിനായി1 0.35േ കാടിര ൂപയുടെസ ്പെഷ്യൽപ ാക്കേജ് പദ്ധതി തയ്യാറാക്കുകയും ആദ്യഘട്ടം തുക 4.33 കോടി രൂപ പദ്ധതി നിർവ്വഹണ വകുപ്പായ വനം വകുപ്പിനെ ഏൽപ്പിക്കുകയുമുണ്ടായി.

## 45. വീടുകളുടെ അറ്റകുറ്റപ്പണികൾ

2008ലെ ബേസ്‌ലൈൻ സർവ്വേയിൽ 55% പട്ടികവർഗ ഭവനങ്ങൾ തകർന്നതും 44% അടുക്കള ഇല്ലാത്തതുമാണെന്ന് കണ്ടെത്തി. 51% വീടുകൾ സ്ഥല സൗകര്യങ്ങൾ ഇല്ലാത്തവയാണെന്നും കണ്ടെത്തി. ആയതിനാൽ വീടുകളുടെ പുനരുദ്ധാരണത്തിനും അധിക മുറികൾ നിർമ്മിക്കുന്നതിനും തകർന്ന ഭവനങ്ങളുടെ പുനർനിർമ്മാണത്തിനും ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരം പരമാവധി 1.5 ലക്ഷം രൂപ വരെ ഈ പദ്ധതിയിൽ പ്രകാരം നിലവിൽ അനുവദിച്ചു നൽകി വരുന്നു.

## 46. പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

പട്ടികവർഗ ക്ഷേമ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന തിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രകാരം മാനന്തവാടി യിലെ പ്രിയദർശിനി തേയില തോട്ടത്തിന് കാർഷിക വൃത്തിക്കുള്ള ധന സഹായം വയനാട് ജില്ലയിൽ അംബേദ്ക്കർ സ്മാരക ഗ്രാമവിക സനഇൻസ്റ്റിറ്റ്യൂട്ടിന് തൊഴിൽ വൈദഗ്ദ്ധ്യം പരിശീലനത്തിനുള്ള ധനസ ഹായം, അട്ടപ്പാടി കോ- ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിക്കുള്ള ധന സഹായം, അട്ടപ്പാടിയിലെ ചിണ്ടക്കി സ്കൂൾ, ഹോസ്റ്റൽ എന്നിവയുടെ പ്രവർത്തനത്തിനാവശ്യാമായ ധനസഹായം പട്ടികവർഗ മേഖലയിലെ പട്ടികവർഗ സഹകരണ സംഘങ്ങൾക്ക് നൽകുന്ന പ്രവർത്തനധനസ ഹായം എന്നിവ ഈ പദ്ധതിയിൽ വരുന്നു.

## 47. ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റിൽ നടപ്പിലാക്കുന്ന പദ്ധതികൾ.

വിദ്യാഭ്യാസം, വരുമാനദായക പരിപാടികൾ, ആരോഗ്യം, കൃഷി, മൃഗസംരക്ഷണം, സാങ്കേതിക തൊഴിൽ മേഖലയിലുള്ള മാനവ വിഭവശേഷി വികസനം, കായിക വികസനം, സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും പരിപാലനം തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മേഖലകളുടെ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുന്നു. ടി പദ്ധതി കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ചാണ് നടപ്പിലാക്കുന്നത്.

## 48. ഏറ്റവും പിന്നോക്കമായ പട്ടികവർഗക്കാർക്കുള്ള തൊഴിൽ പരിശീലനം.

പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വകുപ്പ് ധാരാളം പരിപാടിയും നടപ്പിലാക്കിവരുന്നു. ഒരു കുടുംബത്തിലെ ഒരാളെങ്കിലും ജോലി ലഭ്യമാക്കുക എന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രഖ്യാപിതലക്ഷ്യമാണ്. പട്ടിക വർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യവികസനവും പരിമ്പരാഗത തൊഴിൽ പ്രോത്സാഹനവുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിനകത്തും പുറത്തുമായുള്ള പ്രശസ്ത തൊഴിൽ നൈപുണ്യവികസന സ്ഥാപനങ്ങളുമായി ചേർന്ന് വർഷം തോറും ഏകദേശം 2000 അഭ്യസ്ഥവിദ്യർക്ക് പരിശീലന പരിപാടികൾ സംഘടിച്ച് വരുന്നു.

## 49. ഇൻഫോർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ

പട്ടികവർഗക്കാരുടെ സാംസ്ക്കാരിക പരിപാടികൾ, നാടൻകലോൽസവങ്ങൾ, എന്നിവ പ്രോത്സാഹിപ്പിക്കുവാനും പട്ടിക വർഗക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പ്രദർശനവിപണനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ഗദ്ദിക സംഘടിപ്പിക്കുന്നതിനും ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ, വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഡോക്യുമെന്റേഷൻ, പട്ടികവർഗ ഉപദേശക സമിതി യോഗം ചേരൽ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനവസ്തുക്കൾ നൽകൽ.

## 50. വകുപ്പ് ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതി.

പട്ടികവർഗ്ഗ വികസനവകുപ്പിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമഗ്രമായ ആധുനിക സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും കമ്പ്യൂട്ടർവൽക്കരണത്തിനും, ഇന്റർനെറ്റ് / ഇ-മെയിൽ കണക്ഷൻ ഏർപ്പെടുത്താനും പഴയ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനും ആവശ്യമെങ്കിൽ പഴയ വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

## 51. പ്രതിബദ്ധതയുള്ള സാമൂഹ്യപ്രവർത്തകരുടെ സേവനം.

പ്രതിബദ്ധതയുള്ള സാമൂഹ്യ പ്രവർത്തർകരുടെ സേവനം ഉപയോഗപ്പെടുത്തി പട്ടികവർഗക്കാർക്കിടയിൽ കൗൺസിലിംഗ് നടത്തുക, സെമിനാറുകൾ സംഘടിപ്പിക്കുക, മദ്യം മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗത്തിന്റെ ദോഷവശങ്ങൾ മനസിലാക്കി കൊടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തുടക്കത്തിൽ ഈ പദ്ധതി വയനാട് ജില്ലയിലും അട്ടപ്പാടിയിലും മാത്രം നടപ്പിലാക്കുകയും അതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗക്കാർ ധാരാളമായുള്ള മറ്റു ജില്ലകളിലേക്കുകൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## 52. പട്ടികജാതി/പട്ടികവർഗ വികസനസഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാനഫെഡറേഷൻ

കേരള സംസ്ഥാനപട്ടികജാതി/ പട്ടികവർഗ സഹകരണ ഫേഡറേഷന് ചെറുകിട വനവിഭവങ്ങളുടെ ശേഖരവുമായി ബന്ധപ്പെട്ട പരിപാടികൾക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം നൽകാറുണ്ട്. ധനസഹായം ഓഹരി മൂലധനം നിക്ഷേപം ചെറുകിട വനവിഭവ ഉൽപ്പന്നങ്ങളുടെ ശേഖരണം ഗോഡൗൺ വെയർഹൗസ് എന്നിവയുടെ നിർമ്മാണം മുതലായ ഘടകങ്ങൾക്കായാണ് നൽകുന്നത്.

## 53 കേരള സംസ്ഥാനപട്ടികജാതി/ പട്ടികവർഗ്ഗ കോർപ്പറേഷൻ

പട്ടികവർഗ വിഭാഗത്തിൽപ്പെടുന്നവരുടെ സാമ്പത്തിക ഉന്നമനപരിപാടികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സംസ്ഥാനപട്ടികജാതി/ പട്ടികവർഗ വികസനകോർപ്പറേഷന് ഓഹരി മൂലധനം നൽകുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ട്.

## 54. ഗിരിവർഗ പ്രദേശത്തുളള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

വളരെ പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ പ്രദേശങ്ങളിലുള്ള സ്കൂളുകളിലും ആശുപത്രികളിലും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും ചികിത്സ ലഭ്യമാക്കാനും ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്. കുറഞ്ഞത് 20%ൽ കൂടുതൽ പട്ടികവർഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലും പട്ടികവർഗ മേഖലകളിലും ആശുപത്രികളിലെയും പട്ടികവർഗ ഹോസ്റ്റലുകളിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ പദ്ധതിമൂലം സാധിക്കുന്നു.

## 55. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗക്കാരുടെ വികസനം

സംസ്ഥാനത്ത് 73500 പട്ടികവർഗക്കാർ വനത്തിനുള്ളിൽ 18560 കുടുംബങ്ങളിലായി അധിവസിക്കുന്നതായി കാണക്കാക്കിയിട്ടുണ്ട്. ഇവർക്ക് തൊഴിൽ നൽകി സ്ഥിരവരുമാനം ഉണ്ടാക്കി കൊടുക്കുക, അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകുക. ആരോഗ്യ പരിരക്ഷ നൽകുക ഇവരുടെ പ്രാദേശികമായ വാസസ്ഥലങ്ങൾ നശിപ്പിക്കുന്നത് തടയുക എന്നീ പരിപാടികളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതി വനം വകുപ്പും പട്ടികവർഗ വികസനവകുപ്പും സംയുക്തമായിട്ടാണ് നടപ്പാക്കുന്നത്.

## 56. ട്രൈബൽ ബോർഡ് അംഗങ്ങളുടെ യാത്രാചെലവ്

സംസ്ഥാനജില്ലാ പട്ടികവർഗ ഉപദേശക സമിതി അംഗങ്ങൾക്ക് ഉപദേശകസമിതി യോഗത്തിൽ പങ്കെടുക്കുന്നതിന് യാത്രാചെലവ് നൽകുന്ന പദ്ധതി

## 57. കടം എഴുതി തള്ളുന്ന പദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും, 1-4-2014 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും, പിഴപ്പലിശയും മറ്റു ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി സ.ഉ.(അ) നം.71/2015 പജ. പവ.വി

വ. തീയതി, 1-10-2015 പ്രകാരം അനുവദിച്ചു വരുന്നു. ആയതിൻപ്രകാരം 3275 ഗുണഭോക്താക്കൾക്കായി 91773153 രൂപയുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ട്.

## 58. കമ്മ്യൂണിറ്റി കിച്ചൻ

പട്ടികവർഗ്ഗ ശിശുമരണനിരക്ക് വർദ്ധിച്ച സാഹചര്യത്തിൽ പോഷകഹാര കുറവ് പരിഹരിക്കുന്നതിനായിട്ടാണ് കുടുംബശ്രീ മുഖേന ഭക്ഷണം പാകം ചെയ്ത് നൽകുന്ന പദ്ധതി ആരംഭിച്ചത്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, വിധവകൾ, വൃദ്ധർ, മാനസികരോഗികൾ, കൗമാരപ്രായക്കാർ എന്നിവർ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## 59. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്ന പദ്ധതി

സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ സർക്കാർ ധനസഹായമായി നൽകുന്ന പദ്ധതി

## 60. വംശീയ വൈദ്യൻമാർക്ക് ധനസഹായം

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10000/-രൂപ വാർഷിക ഗ്രാന്റായി ഈ പദ്ധതി വഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടെ വൈദ്യൻമാരെ തെരഞ്ഞെടുക്കുകയും തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നു.

## 61. വയനാട് ഗോത്രഭാഷ പഠനകേന്ദ്രം

വിവരണാത്മക രീതിയിലും അപഗ്രഥനാപരമായ പ്രവർത്തനസമ്പ്രദായങ്ങളിലൂടെയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്ക്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക പ്രാഥമിക ദ്വിതീയ തലത്തിലുള്ള ഔദ്യോഗിക രേഖകൾ, സർവ്വെ വ്യക്തിഗത അഭിമുഖം ഫീൽഡ് വർക്ക് എന്നിവയുടെ സഹായത്തോടെ ശേഖരിച്ച് സമാഹരിക്കുന്ന പഠനകേന്ദ്രം. ടി പഠനകേന്ദ്രം കിർത്താഡ്സ് മുഖേനയാണ് നടത്തിവരുന്നത്.

## 62. പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി

പട്ടികവർഗ്ഗ കോളനികൾക്ക് പുറത്ത് ചിന്നിച്ചിതറി താമസിക്കുന്ന ഗോത്രവിഭാഗക്കാരുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി. ഊരുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന കുടുംബശ്രീമിഷന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

## 63 പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ഇൻഷുറൻസ് പദ്ധതി (ഗോത്ര വാത്സല്യ നിധി)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കൽ, കഴിവ് മെച്ചപ്പെടുത്തുക, സാമൂഹ്യ പദവി ഉയർത്തുക, കൊഴിഞ്ഞു പോകുന്നത് തടയുക എന്നീ കാര്യങ്ങൾക്ക് വേണ്ടി ഒരു ഇൻഷുറൻസ് ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. ഇൻഷ ൪ർ ചെയ്യപ്പെടുന്ന പട്ടികവർഗ്ഗ പെൺകുട്ടികൾ 10-ാം ക്ലാസ് എത്തുമ്പോഴോ 18 വയസ്സ് ആകുമ്പോഴോ ആണ് ഈ ദീർഘകാല നിക്ഷേപ പദ്ധതി പൂർത്തിയാവുന്നത്. ഇത് അനുസരിച്ച് പെൺകുഞ്ഞിന്റെ ജനനരജിസ്ട്രേഷൻ തുടങ്ങി പ്രതിരോധ കുത്തിവയ്പ് സ്കൂൾ പ്രവേശനം തുടങ്ങിയ നടപടികളിലൂടെ പെൺകുട്ടി പത്താം ക്ലാസിൽ എത്തുന്നതോടെ സ്വയം പര്യാപ്തത കൈവരിക്കുന്നത്. ഇൻഷുറൻസ് തുക ജീവിത നിലനിൽപ്പിനായോ ഉന്നത വിദ്യാഭ്യാസത്തിനായോ ഉപയോഗിക്കാവുന്നതാണ്.2017-18 - 2018-19 സാമ്പത്തിക വർഷങ്ങളിൽ 1076 പെൺകുട്ടികളെ എൽ.ഐ.സി മുഖേന ഇൻഷുർ ചെയ്തിട്ടുണ്ട്.

## 64. ആറളം സമഗ്ര പാക്കേജ്

കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നബാർഡ് ആർ.ഐ.ഡി.എഫ് ധനസഹായത്തോടെ 42.67 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.

# നിയമപരിരക്ഷ

## പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും

### 1. 1989 ലെ അതിക്രമം തടയൽ നിയമം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17-ൽ പറയുന്ന 'Abolition of untouchability"(തൊട്ടുകൂടായ്മ നിർത്തലാക്കൽ) എന്നതിനെഅടിസ്ഥാന മാക്കി ഇന്ത്യൻ പാർലമെന്റ് 11-09-1989-ൽ പാസ്സാക്കി 10-01-1990 മുതൽ നിലവിൽ വന്ന നിയമമാണ് പട്ടികജാതി / പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17-ൽ പറയുന്ന untouchability is abolished and its practice in any form is forbidden. The enforcement of any disability arising out of "untouchability shall be an offence punishable in accordance with law. അതായത് തൊട്ടുകൂടായ്മ നിർത്തലാക്കുകയും അതിന്റെ ഏതു രൂപത്തിലും ഉള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു. തൊട്ടുകൂടായ്മയിൽ നിന്നും ഉളവാകുന്ന ഏതെങ്കിലും അവശത നിർബന്ധിച്ച് ഏൽപ്പിക്കുന്നത് നിയമ പ്രകാരം ശിക്ഷിക്കാവുന്ന ഒരു കുറ്റമായിരിക്കുന്നതാണ്. ഇന്ത്യയിൽ ജമ്മുകാശ്മീർ ഒഴികെയുള്ള സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും ഈ നിയമം ബാധകമാണ്. നിയമത്തിന്റെ chapter 2, ആർട്ടിക്കിൾ -3ൽ കുറ്റകരമായ അതിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നിയമത്തിന്റെ പ്രധാനപ്പെട്ട പ്രത്യേകതകളാണ്.

1. ഇന്ത്യൻ പീനൽ കോഡ്, പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്ട് എന്നിവയിൽ പറയാത്തതും എന്നാൽ പട്ടികജാതി / പട്ടിക വർക്ഷ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നു.
2. അതിക്രമങ്ങൾ ഓരോന്നും തരം തിരിച്ച് വ്യക്തമായി പറഞ്ഞിരിക്കുന്നു.
3. ഓരോ അതിക്രമത്തിനും നൽകേണ്ട'"കർശനശിക്ഷകൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിരിക്കുന്നു.
4. നിയമം പരിരക്ഷിക്കേണ്ട ഉദ്യോഗസ്ഥരുടെ 'ഭാഗത്തു നിന്ന് വീഴ്ചയുണ്ടായാൽ അവരും ശിക്ഷാർഹരായിരിക്കും.
5. വിചാരണ വേഗത്തിൽ പൂർത്തിയാക്കി കാലവിളംബം കൂടാതെ നിയമ നടപടികൾ സ്വീകരിക്കുതന്നതിലേയ്ക്ക് പ്രത്യേക കോടതികൾ രൂപീകരിക്കും.

6. എല്ലാ പ്രത്യേക കോടതികളിലും പ്രത്യേക പബ്ളിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുവാൻ നിയമം അനുശാസിക്കുന്നു.

7. പ്രതികളുടെ മുൻകൂർ ജാമ്യം തടയുന്നു.

8. അതിക്രമത്തിനിരയാകുന്നവർക്ക് ആശ്വാസവും പുനരധിവാസവും ഉറപ്പാക്കുന്നു.

9. ഗുരുതരമായ അതിക്രമത്തിന് ഇരയാകുന്നവർക്കോ, അവരുടെ ആശ്രിതർക്കോ സർക്കാരിലോ, സർക്കാരിന്റെ കീഴിലുള്ള സ്ഥാപനത്തിലോ ജോലി ഉറപ്പാക്കുന്നു.

10. നിയമത്തിന്റെ പരിരക്ഷയ്ക്കും നടത്തിപ്പിനുമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും മോണിറ്ററിംഗ് സംവിധാനം.

മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി 6 മാസത്തിലൊരിക്കൽ കൂടി ഈ നിയമനടത്തിപ്പിനെവിശദമായി പരിശോധിക്കുന്നു. ഈ പരിശോധനയിൽ അതിക്രമത്തിന് ഇരയായവർക്ക് നൽകുന്ന സഹായവും അവരുടെ പുനരധിവാസവും ചർച്ച ചെയ്യുന്നതോടൊപ്പം തന്നെ കേസ് നടത്തിപ്പിന്റെ പുരോഗതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വവും സ്വീകരിച്ച നടപടികളും വിശദമായി വിലയിരുത്തുന്നു. അതോടൊപ്പം തന്നെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ ലഭിച്ചിട്ടുള്ള റിപ്പോർട്ടുകളും അവയിൽ കൈക്കൊണ്ടിട്ടുള്ള നടപടികളും പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾക്കു വേണ്ടി തീരുമാനങ്ങൾ കൈക്കൊള്ളുന്നു.

ഈ കമ്മിറ്റിയിൽ പട്ടികജാതി / പട്ടികവർഗ്ഗം, ആഭ്യന്തരം, ധനകാര്യം എന്നീ വകുപ്പു മന്ത്രിമാർ, പട്ടികജാതി / പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എം.പി.മാർ, എം.എൽ.എമാർ, സംസ്ഥാനചീഫ് സെക്രട്ടറി , ആഭ്യന്തരവകുപ്പ് സെക്രട്ടറി ഡി.ജി.പി, ദേശീയ പട്ടികജാതി / പട്ടികവർഗ കമ്മീഷന്റെ ഡയറക്ടറോ അല്ലെങ്കിൽ ഡെപ്യൂട്ടി ഡയറക്ടറോ എന്നിവർ അംഗങ്ങളും പട്ടികജാതി/ പട്ടികവർഗ വികസനവകുപ്പിന്റെ സെക്രട്ടറി കൺവീനറുമാണ്.

ജില്ലാ മജിസ്ട്രേട്ടുമാർ (ജില്ലാ കളക്ടർമാർ) അദ്ധ്യക്ഷനായുള്ള ജില്ലാതലേ മാണിറ്ററിംഗ്ക മ്മിറ്റി3 മ ാസത്തിൽഒ രിക്കൽേ യാഗം ചേരണം. അതാതു ജില്ലകളിലെ ഈ നിയമവുമായി ബന്ധധപ്പെട്ട കേസുകളുടെ നടത്തിപ്പാണ് അവിടെ പരിശോധിക്കപ്പെടുന്നത്. ജില്ലാ മജിസ്ട്രേട്ടുമാർ രൂപീകരിക്കുന്ന ഈ കമ്മിറ്റിയിൽ അതാതു ജില്ലകളിൽ നിന്നും തെരഞ്ഞെടു ക്കപ്പെട്ടിട്ടുള്ള എം.പി.മാരും എം.എൽ.എ മാരും

കൂടാതെ പോലീസ് സൂപ്രണ്ട്, പട്ടികജാതി/ പട്ടികവർഗ വിഭാഗ ത്തിൽപ്പെട്ട മൂന്ന് സീനിയർ ഗസറ്റഡ് ഓഫീസർമാർ, പട്ടികജാതി/പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളിൽ നിന്നും 5-ൽ കൂടാത്ത അംഗങ്ങൾ, പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരുടെ നോൺ ഗവൺമെന്റ് ഓർഗനൈസേഷനുകളിൽ നിന്ന് 3-ൽ കൂടാത്ത അംഗ ങ്ങൾ എന്നിവർ അംഗങ്ങളായിരിക്കും. ജില്ലാ പട്ടികജാതി വികസന ഓഫീസറായിരിക്കും ഈ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി.

ഈ നിയമത്തിന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട് ഓരോ സംസ്ഥാനവും വാർഷിക റിപ്പോർട്ട് ജൂലൈ ഒന്നിനു മുൻപായിത്തന്നെ കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിലെ ഈ Ministry of Social Justice & Empowerment ഈ റിപ്പോർട്ടുകൾ സമാ ഹരിച്ച് പാർലമെന്റിന്റെ ഇരു സഭകളുടെയും മേശപ്പുറത്ത് വയ്ക്കു കയും ചെയ്യുന്നുണ്ട്.

അതിക്രമത്തിന് ഇരയാകുന്നവർക്ക് അല്ലെങ്കിൽ ആശ്രിതർക്ക് ഓരോന്നിനും ലഭിക്കേണ്ടസാമ്പത്തിക ആനുകൂല്യം എത്രയാണെന്നും അത് ഏത് ഘട്ടത്തിലാണ് നൽകേണ്ടതെന്നും വ്യക്തമായി ഈ നിയമ ത്തിൽ പറഞ്ഞിട്ടുണ്ട്. നേരത്തേ 90,000/- രൂപ ലഭിച്ചു കൊണ്ടിരുന്നത് 1,00,000/- രൂപയായും 75,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 85,000/- രൂപ യായും 1,80,000/-രൂപ ലഭിച്ചു കൊണ്ടിരുന്നത് 2,00,000/- രൂപയായും, 3,75,000/- രൂപ ലഭിച്ചുകൊണ്ടിരുന്നത് 4,25,000/- രൂപയായും 7,50,000/- രൂപ ലഭിച്ചു കൊണ്ടിരുന്നത് 8,25,000/- രൂപയായും വർദ്ധിപ്പിച്ചു കൊണ്ട് 14-04-2016 മുതൽ പ്രാബല്യത്തിൽ വരുത്തി കേന്ദ്ര സർക്കാർ നോട്ടിഫി ക്കേഷൻ പുറപ്പെടുവിച്ചിണ്ട്.

അന്വേഷണത്തിനോ, ഹിയറിംഗിനോ, വിചാരണയ്ക്കോ ആയി താമസസ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് യാത്ര ചെയ്യേണ്ടി വരുമ്പോൾ അതിക്രമത്തിന് ഇരയാകുന്നവർക്കും ആശ്രിതർക്കും സാക്ഷികൾക്കുംഅനുവദനീയമായ യാത്രാബത്ത, ദിനബത്ത എന്നിവ ലഭിക്കുന്നതിന് അർഹതയുണ്ട്.ഇത് എങ്ങിനെയൊക്കെയാണ് ലഭിക്കു ന്നത് എന്നതിനെസംബന്ധിച്ച് ചട്ടം 11-ൽ വ്യക്തമായ പറയുന്നു.

ഈ നിയമപ്രകാരം എടുക്കുന്ന കേസുകളിൽ അന്വേഷണം നട ത്തേണ്ടത് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിൽ കുറയാത്ത റാങ്കുള്ള

ഒരു ഉദ്യോഗസ്ഥനായിരിക്കണം. ടി ഉദ്യോഗസ്ഥൻ ഇത്തരം കേസുകൾക്ക് മുന്തിയ പരിഗണനനൽകി 30 ദിവസങ്ങൾക്കുള്ളിൽ തന്നെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് പോലീസ് സൂപ്രണ്ടിന് സമർപ്പിച്ചിരിക്കണം. സൂപ്രണ്ട് ടി റിപ്പോർട്ട് താമസംവിനാ സംസ്ഥാനപോലീസ് മേധാവിക്ക് (ഡി.ജി.പി)അയച്ചു കൊടുക്കേണ്ടതുണ്ട്.

കേരളത്തിൽ എല്ലാ ജില്ലാ സെഷൻസ് കോടതികളും ഈ കേസുകൾക്കുള്ള പ്രത്യേക കോടതികളായി പരിഗണിക്കപ്പെടുന്നതിനു പുറമെ കൽപ്പറ്റയിലും മഞ്ചേരിയിലും കൊട്ടാരക്കരയിലും പ്രത്യേക കോടതികൾ തുടങ്ങാൻ സർക്കാർ അനുമതി നൽകുകയുണ്ടായി. ഇതു കൂടാതെ മറ്റു ചില ജില്ലകളിലും പുതുതായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. 3 എസ്.എം.എസ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് നടപ്പിലാക്കി വരുന്നു. പോലീസ് ആസ്ഥാനത്ത് ഐജി മാർ, എസ്.പിമാർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് ഇത്തരം കേസുകളുടെ നടത്തിപ്പിലെ പുരോഗതി ഡി.ജി.പിയും അവലോകനം നടത്തുന്നു.

ഇതിനെല്ലാം പുറമേ പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പു സെക്രട്ടറിയെ നോഡൽ ഓഫീസറായി നോമിനേറ്റ് ചെയ്തു കൊണ്ട് ജില്ലാ മജിസ്ട്രേട്ടുമാരുടെയും പോലീസ് സൂപ്രണ്ട്മാരുടെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഈ നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യാൻ ചുമതലപ്പെടുത്തിയിരിക്കുന്നു. ഓരോ ത്രൈമാസ അവസാനത്തിലും നോഡൽ ഓഫീസർമാർ നടത്തുന്ന റിവ്യൂ മീറ്റിംഗിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച റിപ്പോർട്ടുകളും ഈ നിമമനുസരിച്ച രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകളും പ്രത്യേകമായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിലെ നിയമപാലനസംവിധാനങ്ങളും അതിക്രമത്തിന് ഇരയായവർക്കും ആശ്രിതർക്കും നൽകിയിട്ടുള്ള ആശ്വാസ നടപടികളും അടിയന്തിരമായി നൽകേണ്ട അടിസ്ഥാനആവശ്യങ്ങളും മറ്റും പരിശോധിക്കുന്നതോടൊപ്പം തന്നെ പട്ടികജാതി-പട്ടികവർഗ്ഗ നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകളുടെയും പ്രൊട്ടക്ഷൻ സെല്ലിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ നിർദ്ദേശിക്കുന്നു.

## നിയമം അനുസരിച്ച് കുറ്റകരമാകുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

I പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തെകൊണ്ട് ഭക്ഷ്യയോഗ്യമല്ലാത്തതോ നിന്ദ്യമായതോ ആയ ഏതെങ്കിലും സാധനം തീറ്റിക്കുന്നതിനോ കുടിപ്പിക്കുന്നതിനോ ബലപ്രയോഗം നടത്തുന്നത്.

II പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ ഏതെങ്കിലും അംഗത്തിന്ക്ഷതിയോ അപമാനമോ അല്ലെങ്കിൽ അലട്ടലോ ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടുകൂടി വിസർജ്ജനവസ്തുക്കളോ പാഴ്വസ്തുക്കളോ, ജന്തുക്കളുടെ ശവശരീരങ്ങളോ മറ്റ് ഏതെങ്കിലും നിന്ദ്യമായ സാധനമോ അയാളുടെ പരിസരങ്ങളിലോ അയൽപക്കത്തോ കൂട്ടിയിടുക വഴി പ്രവർത്തിക്കുന്നത്.

III പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തിന്റെ ശരീരത്തിൽ നിന്ന് ബലൽക്കാരമായി വസ്ത്രങ്ങൾ മാറ്റുകയോ അല്ലെങ്കിൽ മുഖത്തോ ശരീരത്തിലോ ചായം തേച്ചോ നടത്തുന്നതോ, അല്ലെങ്കിൽ മനുഷ്യന്റെ അന്തസ്സിന് ന്യൂനതയുണ്ടാകുന്ന അതേപോലെയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നത്.

IV പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തിന് ഉടമസ്ഥാവകാശം ഉള്ളതോ അലോട്ടുമെന്റ് ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥനാൽ അലോട്ടു ചെയ്യുന്നതിനു വേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ളതോ ആയ ഭൂമി അന്യായമായി കൈവശപ്പെടുത്തുകയോ കൃഷി ചെയ്യുകയോ അല്ലെങ്കിൽ അയാൾക്ക് അലോട്ട് ചെയ്ത ഭൂമി കൈമാറ്റം ചെയ്ത് എടുക്കുകയോ ചെയ്യുന്നത്.

V പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തിന്റെ ഭൂമിയെയോ പരിസര പ്രദേശത്തേയോ അയാളുടെ കൈവശത്തു നിന്നും അന്യായമായി നീക്കം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ഭൂമിയിന്മേലോ, പരിസര പ്രദേശത്തിന്മേലോ വെള്ളത്തിന്മേലോ ഉള്ള അയാളുടെ അവകാശങ്ങൾ അനുഭവിക്കുന്നതിൽ കൈകടത്തുകയോ ചെയ്യുന്നത്.

VI പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തെ പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നിർബന്ധിത സേവനം ഒഴികെ, ബിഗാർ അല്ലെങ്കിൽ അതേ രൂപത്തിലുള്ള മറ്റു നിർബന്ധിത തൊഴിലോ, അല്ലെങ്കിൽ അടിമപ്പണിയോ ചെയ്യാൻ നിർബന്ധിക്കുകയോ ചെയ്യുന്നത്.

VII പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തെ വോട്ട് ചെയ്യാതിരിക്കുന്നതിനോ ഒരു പ്രത്യേക സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുന്നതിനോ അല്ലെങ്കിൽ നിയമം മൂലം വ്യവസ്ഥ ചെയ്തിട്ടുള്ളതല്ലാത്ത വിധത്തിൽ വോട്ട് ചെയ്യുന്നതിനോ നിർബന്ധിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത്.

VIII പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തിനെതിരായിവ്യാജമായതോ, ദുരുദ്ദേശപരമായതോ, ശല്യപ്പെടുത്തുന്നതോ ആയ വ്യവഹാരമോ ക്രിമിനൽ നടപടികളോ മറ്റു നിയമനടപടികളോ ആരംഭിക്കുന്നത്.

IX ഏതെങ്കിലും വ്യാജമായതോ നിസ്സാരമായതോ ആയ വിവരം ഏതെങ്കിലും പബ്ളിക് സർവന്റിന് നൽകുകയും അതുവഴി അങ്ങനെയുള്ള പബ്ളിക് സർവന്റിന്റെ നിയമാനുസൃതമായ അധികാരം പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ ഒരംഗത്തിന് ക്ഷതിയോ അലട്ടോ ഉണ്ടാക്കത്തക്കവിധം ഉപയോഗിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നത്.

X പട്ടിക ജാതിയിലേയോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെ പൊതുജന ദൃഷ്ടിയിൽപ്പെടുന്ന ഏതെങ്കിലും സ്ഥലത്ത് വച്ച് അവഹേളിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഉദ്ദേശപൂർവ്വം അപമാനിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത്.

XI പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലോപ്പെടുന്ന ഏതെങ്കിലും സ്ത്രീയെ അനാദരിക്കുകയോ മാനഭംഗപ്പെടുത്തുകയോ

ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി അവളുടെ നേരെ കയ്യേറ്റം നടത്തുകയോ ബലം പ്രയോഗിക്കുകയോ ചെയ്യുന്നത്.

XII പട്ടികജാതിയിലേയോ പട്ടികവർഗ്ഗത്തിലോ പെട്ട ഒരു സ്ത്രീയുടെ ഇച്ഛയെ സ്വാധീനപ്പെടുത്താവുന്ന ഒരു സ്ഥാനത്തായിരിക്കുകയും അങ്ങനെ അല്ലായിരുന്നുവെങ്കിൽ അവൾ സമ്മതിക്കില്ലായിരുന്ന - ലൈംഗിക ചൂണഷത്തിന് ആ സ്ഥാനം ഉപയോഗിക്കുകയും ചെയ്യുന്നത്.

XIII പട്ടിക ജാതിയിലേയോ, പട്ടിവകവർഗ്ഗത്തിലേയോ അംഗങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന ഏതെങ്കിലും നീരുറവയിലേയോ ജലസംഭരണിയിലേയോ അല്ലെങ്കിൽ മറ്റേതെങ്കിലും - സ്രോതസ്സിലേയോ ജലം, അഃ സാധാരണയായി ഉപയോഗിക്കുന്ന ആവശ്യത്തിനുള്ള അനുയോജ്യത കുറയത്തക്കവിധം ദുഷിപ്പിക്കുകയോ മലിനമാക്കുകയോ ചെയ്യുന്നത്.

XIV പട്ടികജാതിയിലേയോ, പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തിന് ഒരു പൊതുസങ്കേത സ്ഥലത്തേക്ക് കടക്കുവാൻ കീഴ്നടപ്പുപ്രകാരമുള്ള അവകാശം നിഷേധിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള അംഗത്തെ പൊതുജനങ്ങളിലെ മറ്റ് അംഗങ്ങൾക്കോ അഃിന്റെ ഏതെങ്കിലും സ്വഭാവത്തിനോ ഉപയോഗിക്കുവാനോ പ്രവേശിക്കുവാനോ പൊതുസങ്കേത സ്ഥലം ഉപയോഗിക്കുന്നതിൽ നിന്നോ അവിടേക്ക് പ്രവേശിക്കുന്നതിൽ നിന്നോ അയാളെ തടയത്തക്ക വിധം ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നത്.

XV പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലേയോ ഒരംഗത്തെ തന്റെ വീടോ ഗ്രാമമോ അല്ലെങ്കിൽ മറ്റു വാസസ്ഥലമോ വിട്ടുപോകുന്നതിന് നിർബന്ധിക്കുകയോ ഇടയാക്കുകയോ ചെയ്യുന്നത്. അതിക്രമങ്ങൾക്ക് വിധേയരാകുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ധനസഹായം അനുവദിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷയിൽ ജില്ലാകളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നഷ്ടം തിട്ടപ്പെടുത്തിക്കൊണ്ടുള്ള തഹസീൽദാരുടെ സർട്ടിഫിക്കറ്റും പോലീസിന്റെ ക്രൈം റിപ്പോർട്ടും ഹാജരാക്കണം.

## അതിക്രമങ്ങൾക്ക് വിധേയരാവുന്നവർക്ക് അനുവദിക്കാവുന്ന ആനുകൂല്യങ്ങൾ ഭാരത സർക്കാരിന്റെ (14–04–2016 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം

**ജി.എസ്.ആർ 424 (ഇ) പ്രകാരം പരിഷ്കരിച്ചത്.**

| ക്രമ നം. | കുറ്റകൃത്യത്തിന്റെ പേര് | നഷ്ടപരിഹാരമായി ലഭിക്കുന്ന തുക |
|---|---|---|
| 1 | ഭക്ഷ്യയോഗ്യമല്ലാത്തതോ നിന്ദ്യമായതോ ആയ എന്തെങ്കിലും സാധനം തീറ്റിക്കുകയോകുടിപ്പിക്കുകയോ ചെയ്യുന്നത് (വകുപ്പ് 3 (i)(i)) | കുറ്റകൃത്യത്തിന്റെ തീവ്രതയും സ്വഭാവവും അനുസരിച്ച് കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും 1,00,000 രൂപയോ അതിൽ കൂടുതലോ ഇതു കൂടാതെ കുറ്റകൃത്യത്തിനിരയായ വ്യക്തിയ്ക്ക് നേരിട്ട അപമാനം, പരിക്ക്, മാനഹാനി എന്നിവയ്ക്ക് ആനുപാതികമായ തുക താഴെ പറയുന്ന പ്രകാരം നഷ്ടപരിഹാരം നൽകേണ്ടതാണ്.<br><br>(i) F.I.R സമർപ്പിക്കുമ്പോൾ 10%<br>(ii) ചാർജ്ഷീറ്റ് കോടതിയിൽ സമർപ്പിക്കുമ്പോൾ 50 %<br>(iii!) പ്രതിയ്ക്കെതിരെ കീഴ്ക്കോടതി കുറ്റസ്ഥാപനം നടത്തുമ്പോൾ ബാക്കി 40%. |
| | ഹാനിയോ അപമാനമോ ഉപദ്രവമോ ഉണ്ടാക്കുക (വകുപ്പ് 3 (i)(ii)) | |
| 2 | അന്തസ്സിന് ന്യൂനത ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ (വകുപ്പ് 3 (i)(iii)) | |

**ജി.എസ്.ആർ 424 (ഇ) പ്രകാരം പരിഷ്കരിച്ചത്.**

| | | |
|---|---|---|
| 3 | ഭൂമി അനധികൃതമയി കൈവശപ്പെടുത്തുകയോ ഭൂമിയിൽ കൃഷി നടത്തുകയോ ചെയ്യുന്നത് (വകുപ്പ് 3(i)(iv)<br>5. ഭൂമിയോ വസ്തു വകകളേയോ,<br><br>ജലത്തേയോ സംബന്ധിച്ചുള്ള കുറ്റങ്ങൾ (വകുപ്പ് 3(1)(V) | കുറ്റകൃത്യത്തിന്റെ തീവ്രതയും സ്വഭാവവും അനുസരിച്ച് കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 1,00,000 രൂപയോ അതിൽ കൂടുതലോ അങ്ങനെ യുള്ള ഭൂമിയോ വസ്തു വകകളോ ജലസേചന സൗകര്യമോ ആവശ്യമാണെന്ന് കാണുന്ന പക്ഷം സർക്കാർ ചെലവിൽ തന്നെ പുനഃ സ്ഥാപിച്ച് നൽകേണ്ടതും കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് മുഴുവൻ നഷ്ടപരിഹാര തുകയും നൽകേണ്ടതുമാണ്. |

3. സംസ്ഥാനസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, അതിക്രമങ്ങൾ തടയുന്നതിനും പട്ടികജാതിയിലേയോ പട്ടി കവർഗ്ഗത്തിലേയോ അംഗങ്ങൾക്കിടയിൽ സുരക്ഷിത ബോധം പുനസ്ഥാപിക്കുന്നതിനും ഉള്ള സമുചിത നടപടി നിർദ്ദേശിച്ചു കൊണ്ട് ഒന്നോ അതിൽകൂടുതലോ പദ്ധതികൾ ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട രീതി നിർദ്ദേശിച്ചു കൊണ്ടുള്ളത് തയ്യാറാക്കാവുന്നതാണ്.

വകുപ്പ്— (18) നിയമത്തിൽ കീഴിലുള്ള ഒരു കുറ്റം ചെയ്യുന്ന ആളു കൾക്ക് ക്രിമിനൽ നടപടി നിയമത്തിലെ 438-ാം വകുപ്പ് ബാധകമാ കുന്നതല്ലെന്ന് നിയമത്തിലെ 438- ാം വകുപ്പിലുള്ള യാതൊന്നും ഈ നിയമത്തിൻ കീഴിലുള്ള ഒരു കുറ്റം ചെയ്തതായുള്ള ആരോ പണത്തിന്മേൽ ഏതെങ്കിലും ആളുടെ അറസ്റ്റ് ഉൾക്കൊള്ളുന്ന ഏതെങ്കിലും കേസിലെ സംബന്ധിച്ചിടത്തോളം ബാധകമാകുന്ന തല്ല.

വകുപ്പ്—(19) നിയമത്തിൽ കീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയാ യുള്ള ആളുകൾക്ക് ക്രിമിനൽ നടപടി നിയമത്തിലെ 360 -ാം വകുപ്പോ കുറ്റക്കാരുടെ പ്രൊബേഷൻ നിയമത്തിലെ വ്യവസ്ഥ കളോ ബാധകമാകുന്നതല്ലെന്ന് ഈ നിയമത്തിൻ കീഴിലുള്ള ഒരു കുറ്റം ചെയ്തതിന് അപരാധിയാണെന്ന് കാണപ്പെട്ട പതി നെട്ടു വയസ്സിന് മുകളിൽ പ്രായമുള്ള ഏതൊരാളിനും ക്രിമിനൽ നടപടി നിയമത്തിലെ 360-ാം വകുപ്പിലുള്ള വ്യവസ്ഥകളും 1958-ലെ 20 വ്യവസ്ഥകളും ബാധകമാകുന്നതല്ല.

| | | |
|---|---|---|
| 6 | ബീഗാർ അല്ലെങ്കിൽ അടിമപ്പണി അല്ലെങ്കിൽ നിർബന്ധിത തൊഴിൽ എന്നിവ ചെയ്യിപ്പിക്കുന്നത് [( വകുപ്പ് 3(i)(vi)] | കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 1,00,000 / രൂപ ഇതിൽ 25% പ്രഥമ വിവര റിപ്പോർട്ട് സമർപ്പിക്കുന്ന ഘട്ടത്തിലും 50% ചാർജ്ജ്ഷീറ്റ് കോടതിയിൽ സമർപ്പി ക്കുമ്പോഴും ബാക്കി 25% കീഴ് കോടതി പ്രതിക്കെതിരെ കുറ്റ സ്ഥാപനം നടത്തുമ്പോഴും |
| 7 | വോട്ടവകാശം വിനിയോഗിക്കുന്നത് സംബന്ധിച്ച് [( വകുപ്പ് 3(i)(vii)] | കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്ര തയും അനുസരിച്ച് കുറ്റകൃത്യത്തിനി രയായ ഓരോ വ്യക്തിക്കും 85,000 രൂപ, 25% FIR, 50% ചാർജ് ഷീറ്റ്, 25%കുറ്റസ്ഥാപനം |

| | | |
|---|---|---|
| 8 | വ്യാജമോ ദുരുദ്ദേശപരമോ ശല്യപ്പെടുത്തുന്നതോ ആയ വ്യവഹാരം [( വകുപ്പ് 3(i)(viii)] | 85,000 രൂപ അല്ലെങ്കിൽ നിയമ നടപടിക്ക് ചെലവായ തുകയും നഷ്ടപരിഹാരവും അല്ലെങ്കിൽ ഇവയിലേതാണ് കുറവ് അത് 25% FIR, ,50% ചാർജ് ഷീറ്റ്, 25% കുറ്റ സ്ഥാപനം |
| 9 | വ്യാജമോ നിസ്സാരമോ ആയ വിവരം [(വകുപ്പ് 3(i)(ix)] | |
| 10 | അപമാനിക്കുകയോ പ്രകോപിപ്പി ക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത്. [( വകുപ്പ് 3(i)(x)] | കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് കുറ്റകൃത്യ ത്തിനിരയായ ഓരോ വ്യക്തിക്കും 100000 രൂപ വരെ. ചാർജ് ഷീറ്റ്, കോടതിയിൽ സമർപ്പിക്കുമ്പോൾ തുകയുടെ 50%.25%കുറ്റസ്ഥാപനം. |
| 11 | ഒരു സ്ത്രീയെ അനാദരിക്കുകയോ മാനഭംഗപ്പെടുത്തുകയോ ചെയ്യു ന്നത് [( വകുപ്പ് 3(i)(xi)] | കുറ്റകൃത്യത്തിനിരയായ ഓരോ വ്യ ക്തിക്കും 200000 രൂപ . ഈ തുക യിൽ 25% വൈദ്യപരിശോധനയ്ക്ക് ശേഷവും ബാക്കി 50% ചാർജ്ജ് ഷീറ്റ് 25% വിചാരണ തീർന്ന ശേഷവും നൽകേണ്ടതാണ്. |
| 12 | സ്ത്രീയെ ലൈംഗിക ചൂഷണം നടത്തുന്നത് [(വകുപ്പ് 13(i)(xii)] | |
| 13 | ജലസ്രോതസ്സിനെദുഷിപ്പിക്കുന്നത് [(വകുപ്പ് 3(i)(xiii)] | 375000 രൂപ വരെ പിഴ അല്ലെങ്കിൽ അങ്ങനെയുള്ള ഉറവ വൃത്തിയാക്കു ന്നതിനും സാധാരണ സ്ഥിതി പുന സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള ചെലവ് ജില്ലാ ഭരണകൂടത്തിന് യുക്തമെന്ന് തോന്നുന്ന ഘട്ടങ്ങളിൽ തുക നൽകാവുന്നതാണ്. |
| 14 | കീഴ്നടപ്പ് പ്രകാരം വഴി നടക്കാ നുള്ള അവകാശം നിഷേധിക്കുന്നത് [(വകുപ്പ് 3(i)(xiv)] | വഴി നടക്കാനുള്ള അവകാശം പുനസ്ഥാപിക്കുന്നതിനുള്ള ചെലവും നഷ്ടപരിഹാരത്തു കയും ഉൾപ്പെടെ 425000 രൂപ വരെ പിഴ 25% FIR, കുറ്റപത്രം സമർപ്പിക്കുമ്പോൾ തുകയുടെ 50%, 25% പ്രതിയെ കീഴ്ക്കോടതി ശിക്ഷിക്കുമ്പോൾ. |

| | | |
|---|---|---|
| 15 | വീട് വിട്ട് പോകുന്നതിന് ഇടയാക്കുക [( വകുപ്പ് 3(i)(xv)] | അങ്ങനെയുള്ള സ്ഥലത്തിനും താമസത്തിനുമുള്ള അവകാശം പുനസ്ഥാപിച്ച് നൽകുന്നതിലേക്കും 100000/രൂപ നഷ്ട പരിഹാരവും വീട് നശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ സർക്കാർ ചെലവിൽ പുനർ നിർമ്മാണം 25% FIR 50% ചാർജ് ഷീറ്റ്, 25% കുറ്റസ്ഥാപനം. |
| 16 | വ്യാജമായ തെളിവ് നൽകുന്നത് [( വകുപ്പv 3(2)(i)&(ii)] | കുറ്റകൃത്യത്തിനിരയായ വ്യക്തിക്ക് കുറഞ്ഞത് 400000/- രൂപ നഷ്ട പരിഹാരം അല്ലെങ്കിൽ നേരിട്ട നാശനഷ്ടത്തിനോ ഹാനിക്കോ മുഴുവൻ നഷ്ടപരിഹാരം. 25% FIR, 50% ചാർജ് ഷീറ്റ്, 25% കുറ്റസ്ഥാപനം. |
| 17 | ഇന്ത്യൻശിക്ഷാ നിയമപ്രകാരം 10 വർഷമോ അതിലധികമോ തടവുശിക്ഷ ലഭിക്കുന്ന കുറ്റകൃത്യങ്ങൾ ചെയ്യുന്നത് [( വകുപ്പ് 3(2)(v)] | കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് കുറഞ്ഞത് 400000 രൂപയെങ്കിലും നഷ്ടപരിഹാരം.ഈ പട്ടികയിൽ മറ്റു വിധത്തിൽ പറഞ്ഞിട്ടുള്ള പക്ഷംമേൽ തുകയിൽ മാറ്റം വരുന്നതാണ്. 25% FIR, ചാർജ് ഷീറ്റ്, 25% കുറ്റസ്ഥാപനം. |
| 18 | ഒരു പബ്ലിക് സർവ്വൻസിനാൽ അധാർമ്മികമായി പീഡിക്കപ്പെടുന്നത് [( വകുപ്പ് 3(2)(vii)] | സംഭവിച്ച നാശനഷ്ടത്തിനോ പരിക്കിനോ ഉള്ള മുഴുവൻ നഷ്ടപരിഹാരം 200000/- |
| 19 | പരാധീനത<br>പരാധീനത എന്നതിന്റെ നിർവചനം Personal disabilities (equal opportunities, protection of rights and full participation Act) 1995, വകുപ്പ് 2 പ്രകാരം മുള്ളതും ഭാരത സർക്കാരിന്റെ സാമൂഹ്യനീതിയും ശാക്തീകരണവും പുറത്തിറക്കി | കുറ്റകൃത്യത്തിനിരയായ ഓരോ വ്യക്തിക്കും കുറഞ്ഞത് 375000/- രൂപ എങ്കിലും നഷ്ടപരിഹാരം. ഇതിൽ 50% പ്രഥമവിവര റിപ്പോർട്ട് സമർപ്പിക്കുമ്പോഴും25% കുറ്റപത്രം സമർപ്പിക്കുമ്പോഴും 25% കീഴ്കോടതി ശിക്ഷ വിധിക്കുമ്പോഴും നൽകേണ്ടതാണ്. കുറ്റകൃത്യത്തിനിരയായ |

| | | |
|---|---|---|
| | യിട്ടുള്ള 01.06.2001-ലെ വിജ്ഞാപനം 154-ാം നമ്പരിൽ മാർഗനിർദ്ദേശങ്ങളിൽ പ്രകാരം വിലയിരുത്താവുന്നതാകുന്നു ടി വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് ഷെഡ്യൂളിലെ അനക്സർ 2-ൽ പരാമർശിക്കുന്നു.<br><br>(a)100% അംഗവൈകല്യം ഉള്ള വ്യക്തി.<br>(b)അംഗവൈകല്യം 100%ത്തിനു താഴെയും 50%നു മുകളിലും ആണെങ്കിൽ<br>(c)അംഗവൈകല്യം50%ത്തിനു താഴെയാണെങ്കിൽ | ഓരോ വ്യക്തിക്കും കുറഞ്ഞത് 825000/-രൂപ വരെ നഷ്ട പരിഹാരം. ഇതിൽ 50% മെഡിക്കൽ റിപ്പോർട്ട് സമർപ്പിക്കു മ്പോഴും 50% കുറ്റപത്രം കോട തിക്ക് നൽകുമ്പോഴും നൽകേണ്ട താണ്.<br>8,25000/-<br>4,25,000/-(50:50)<br>2,50,000/-(50:50) |
| 20 | കൊലപാതകം, മരണം | കുറ്റകൃത്യത്തിനിരയായവർക്ക് 8,25,000/- രൂപ നഷ്ടപരിഹാരം, പോസ്റ്റ് മോർട്ടം കഴിഞ്ഞ ശേഷം തുകയുടെ 50% വും കീഴ്ക്കോടതി ശിക്ഷ വിധിച്ച ശേഷം തുകയുടെ ബാക്കി 50%വും നൽകേണ്ടതാണ്. |
| 21 | കൊലപാതകം, മരണം, കൂട്ടക്കൊല, ബലാൽസംഗം, കൂട്ട ബലാൽസംഗം, സ്ഥിരമായ അംഗവൈകല്യം, കവർച്ച എന്നിവയ്ക്ക് ഇരയാകുന്നത്. | മുകളിൽ പറഞ്ഞിട്ടുള്ള സഹായ ങ്ങൾക്ക് പുറമേ പീഡനം നടന്ന് മൂന്ന് മാസത്തിനുള്ളിൽ താഴെ പറയുന്ന പ്രകാരമുള്ള സഹായങ്ങൾ വ്യവസ്ഥ ചെയ്യാവുന്ന താണ്.<br>1.മരണപ്പെട്ട പട്ടി കജാതി/പട്ടിക വർഗത്തിൽപ്പെട്ട ഒരംഗത്തിന്റെ വിധവയ്ക്കോ അല്ലെങ്കിൽ മറ്റു ആശ്രിതർക്കോ മാസം തോറും 5000 രൂപ വീതം പെൻഷൻ അല്ലെങ്കിൽ മരണപ്പെട്ട ആളുടെ കുടുംബത്തി ലെ ഒരംഗത്തിന് ജോലി അല്ലെങ്കിൽ കൃഷിഭൂമിയോ വീടോ<br>2.കുറ്റകൃത്യത്തിന് ഇരയായ വ്യക്തി കളുടെ കുട്ടികളുടെ വിദ്യാഭ്യാസ ത്തിനും പരിപാലനത്തിനും |

| | | |
|---|---|---|
| | | വേണ്ടുന്ന മുഴുവൻ തുക കുട്ടികളെ ആശ്രമം സ്ക്കൂളുകളിലോ റസിഡൻഷ്യൽ സ്കൂളുകളിലോ പ്രവേശിപ്പിക്കാവുന്നതാണ്.<br>3. മൂന്നു മാസത്തേക്ക് അത്യാവശ്യമായ ഭക്ഷണ സാധനങ്ങളും അവപാചകം ചെയ്യുന്നതിനുള്ള ഉപകരണങ്ങളും. |
| 22. | വീട് പരിപൂർണ്ണമായി നശിപ്പിക്കുകയോ അഗ്നിയ്ക്ക് ഇരയാക്കുകയോ ചെയ്യുന്ന | സർക്കാർ ചെലവിൽ വീട് നിർമ്മിച്ച് നൽകുകയോ സർക്കാർ വീട് നൽകുകയോ ചെയ്യേണ്ടതാണ്. |

# 2. വനാവകാശം അംഗീകരിക്കൽ ആക്റ്റ് 2006

### വനാവകാശ നിയമം 2006

2006 ഡിസംബർ 29- ന് പ്രസിഡന്റിന്റെ അനുമതി ലഭിച്ച ഈ നിയമം,2007 ജനുവരി 2-ന് പ്രസിദ്ധീകരിക്കപ്പെട്ടു. ഇതു നടപ്പാക്കാനാവശ്യമായ കേന്ദ്ര നടപടിചട്ടങ്ങൾ 2008 ജനുവരി 1-ന് ലഭ്യമായി.

കേന്ദ്ര സർക്കാറിന്റെ പട്ടികവർഗ്ഗ മന്ത്രാലയമാണ് ഈ നിയമം നടപ്പാ ക്കുന്നതിന് നേതൃത്വം നൽകുന്നത്. സംസ്ഥാനതലത്തിൽ നേതൃത്വ ചുമതല വനം-റവന്യൂ-തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടുകൂടി പട്ടികവർഗ്ഗ വികസനവകുപ്പിനും.

ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ഗ്രാമസഭകളാണ് വനാവകാശം സംബന്ധിച്ച പ്രാരംഭ നടപടിക്ക് തുടക്കമിടേണ്ടിത്. എന്നാൽ കേരളത്തിൽ ഈ നിയമത്തിന്റെ നടത്തിപ്പിനായി ഗ്രാമസഭയെന്നാൽ 'ഊരുസഭയാണെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്

## നിയമത്തിന്റെ ഉദ്ദേശ്യം

വനത്തിനുള്ളിൽ താമസിച്ചുവരുന്നവർക്ക് വിവിധ ഇടപെടലുകൾകൊണ്ട് വനഭൂമിക്കും വനവിഭവങ്ങൾക്കും മേൽ നിഷേധിക്കപ്പെട്ട അവകാശങ്ങൾ ഏതാനും നിബന്ധനകളോടുകൂടി അംഗീകരിച്ചു രേഖപ്പെടുത്തി നൽകുന്ന നിയമമാണിത്. ഇതോടൊപ്പം പരിസ്ഥിതി പരിപാലനവും, ജൈവവൈവിദ്ധ്യ സംരക്ഷണവും വനവാസികളുടെ ഉത്തരവാദിത്വമായി മാറ്റുന്നതും ഈ നിയമത്തിന്റെ മറ്റൊരു ഉദ്ദേശ്യമാണ്.

### വനവാസികൾ ആരെല്ലാം?

1. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി സമൂഹങ്ങൾ: 13.12.2005 വരെ വനത്തിനകത്ത് ജീവിച്ചുപോരുന്ന ആദിവാസി കുടുംബങ്ങൾ/സമൂഹങ്ങൾ.

2. മറ്റു പരമ്പരാഗത വനവാസികൾ: 13.12.2005 തീയ്യതിയിൽ 75 കൊല്ലക്കാലമെങ്കിലും (അല്ലെങ്കിൽ 25 കൊല്ലം വീതമുള്ള തുടർച്ചയായ മൂന്നു തലമുറകൾ) വനാശ്രിതരായി വനത്തിനകത്ത് ജീവിച്ചുപോരുന്നവർ.

എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം അർഹരായ മറ്റു പരമ്പരാഗത വനവാസികൾക്ക് അവരുടെ വനാവകാശങ്ങൾ ഇതിനോടകം തന്നെ അംഗീകരിച്ച് നൽകിയിട്ടുള്ളതിനാൽ ഈ നിയമം ആദിവാസികൾക്ക് മാത്രമാണ് ബാധകമാവുക

## അവകാശങ്ങൾ

1 2005 ഡിസംബർ 13-ന് മുമ്പ് കൈവശമുള്ള വനഭൂമി ഏതാണോ അതിന് കുടുംബത്തിന്റെ/സമൂഹത്തിന്റെ പേരിൽ കൈവശാവകാശം കിട്ടും.

2 പരമാവധി 4 ഹെക്ടർ ഭൂമിക്ക് മാത്രമാണ് ഇപ്രകാരം അവകാശമുണ്ടായിരിക്കുക.

3 വിവാഹിതരായപക്ഷം ഭാര്യാഭർത്താക്കൻമാരുടെ പേരിൽ കൂട്ടായും, അല്ലാത്തപക്ഷം ഒറ്റയ്ക്കും പ്രമാണപത്രം ലഭിക്കും.

4 ഈ ഭൂമിയിൽ മക്കൾക്കുമാത്രമേ പാരമ്പര്യമായി അവകാശം ലഭിക്കൂ. മക്കൾ ഇല്ലെങ്കിൽ ഏറ്റവും അടുത്ത ബന്ധുക്കളാവും അവകാശികൾ.

5 ഈ ഭൂമിവിൽക്കുന്നതും അന്യാധീനപ്പെടുത്തുന്നതും നിയമ വിരുദ്ധമാണ്.

6 ഇവിടെ ഒറ്റയ്ക്കോ കൂട്ടായോ താമസിക്കുകയും കൃഷി ചെയ്ത് അനുഭവങ്ങൾ എടുക്കുകയും ആവാം.

## മറ്റ് അവകാശങ്ങൾ

1 ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിച്ചോ അല്ലാതെയോ വിപണനം ചെയ്യുന്നതിനുമുള്ള അവകാശം.

2 കാലാകാലങ്ങളായി തടസ്സമില്ലാതെ അനുഭവിച്ചു വന്നിരുന്ന മറ്റു സമുദായ അവകാശങ്ങൾ (ഉദാ:- ചോലനായ്കൻ സമുദായത്തിന്റെ ജന്മം പോലുള്ള അവകാശങ്ങൾ).

3 മത്സ്യവും മറ്റു ജലലഭ്യവിഭവങ്ങളും ശേഖരിക്കുന്നതിനുള്ള അവകാശം.

4 കന്നുകാലികളെ മേയ്ക്കുവാനുള്ള അവകാശം.

5 തർക്കമുള്ള വനഭൂമിക്ക് മേലുള്ള അവകാശം.

6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സംസ്ഥാനഗവൺമെന്റോ നൽകിയിട്ടുള്ള പാട്ടം, പട്ടയം, ഗ്രാന്റുകൾ എന്നിവയെ അവകാശ പ്രമാണങ്ങളായി പരിവർത്തനം ചെയ്യുവാനുള്ള അവകാശം.

7 വനത്തിനുള്ളിലെ ഊരുകൾ/പഴയ ആവാസ സ്ഥലങ്ങൾ, സർവ്വേ ചെയ്യപ്പെടാത്തതോ/രേഖപ്പെടുത്തിയതോ/വിജ്ഞാപനം ചെയ്യപ്പെട്ടതോ അല്ലാത്തതോ ആയ മറ്റു കുടിപാർപ്പുകൾ എന്നിവയെ റവന്യൂ ഭൂമിയാക്കി മാറ്റുവാനുള്ള അവകാശം.

8 പരമ്പരാഗതമായി സംരക്ഷിച്ചു പോരുന്ന സമൂഹവനവിഭവങ്ങളെ തുടർന്നും സംരക്ഷിക്കുവാനും, പുനരുജ്ജീവിപ്പിക്കുവാനും, പരിപാലി ക്കുവാനുമുള്ള അവകാശം.

9 അവരവരുടെ തനതു ആചാരാനുഷ്ഠാനങ്ങൾ നിലനിർത്താനുള്ള അവകാശം.

10 പാരമ്പര്യാറിവുകൾ സമുദായത്തിന്റെ പൊതുസ്വത്തായി നില നിർത്തുവാനുള്ള അവകാശം. (ഉദാ:- കാണി സമുദായത്തിന്റെ ആരോഗ്യപച്ച പോലുള്ളവ)

11 സംസ്ഥാനവികസനപദ്ധതികളുടെ ഭാഗമായി അർഹമായ പുന:രധി വാസം ലഭിക്കാതെ വനാവകാശികളാരെങ്കിലും സ്വന്തം ഭൂമി യിൽനിന്നും മാറ്റിയിട്ടുണ്ടെങ്കിൽ അവർക്ക് സ്വന്തം ഇടത്തിലോ (അ ഞ്ചുകൊല്ലം കഴിഞ്ഞിട്ടും പ്രസ്തുത പദ്ധതികൾ നടപ്പിലായിട്ടില്ലാ എന്നുണ്ടെങ്കിൽ) മറ്റേതെങ്കിലും ഇടത്തിലോ മാന്യമായ പുന:രധി വാസത്തിനുള്ള അവകാശം.

## പുന:സ്ഥാപിക്കാത്ത അവകാശം

* ഈ നിയമം വന്യ മൃഗങ്ങളെ വേട്ടയാടുവാനുള്ള പാരമ്പര്യാ വകാശം അംഗീകരിച്ചിട്ടില്ല. കൂടാതെ

* പാരമ്പര്യമായി ഉണ്ടായിരുന്ന അവകാശങ്ങൾക്ക് പുറമെ പുതു തായി യാതൊരുവിധ അവകാശങ്ങളും ഈ നിയമം അനുവദിക്കു ന്നില്ല.

## പ്രാക്തനഗോത്രവിഭാഗങ്ങളുടെ പ്രത്യേക അവകാശങ്ങൾ

വനാന്തരങ്ങളിൽ ജീവിക്കുന്ന പ്രാക്തനഗോത്ര വിഭാഗങ്ങൾക്കും (ഉദാ:- ചോലനായ്കൻ)ക ാർഷികപൂർവ്വസ മൂഹങ്ങൾക്കും( ഉദാ:-മ ലൈ പണ്ടാരം) അവരുടെ ആവാസമേഖലകളിൽ സ്വതന്ത്രമായി വ്യാപരിക്കു വാനുള്ള അവകാശം

### വനഭൂമി പൊതു ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാനുള്ള അവകാശം

സർക്കാരിന്റെ കീഴിൽ വരുന്ന താഴെ പറയുന്ന സൗകര്യങ്ങൾക്ക് (ഹെ ക്ടറിന് 75 ൽ കൂടുതൽ മരങ്ങൾ മുറിക്കാതെ) ഗ്രാമസഭയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി ഒരു ഹെക്ടർ വനഭൂമി കേന്ദ്ര സർക്കാർ അനുവദിക്കുന്നതാണ്.

♦ വിദ്യാലയങ്ങൾ

♦ ചികിത്സാലയങ്ങൾ

♦ അംഗൻവാടികൾ

♦ ന്യായവില കടകൾ

♦ വൈദ്യുതി-ടെലിഫോൺ സൗകര്യങ്ങൾ

- ജലസംഭരണികളും മറ്റു ചെറു ജലാശയങ്ങളും
- കുടിവെള്ള വിതരണ പദ്ധതികൾ
- മഴവെള്ള സംഭരണികൾ
- ചെറുകിട ജലസേചനകനാലുകൾ
- പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ
- വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ പരിശീലനത്തിനുമുള്ള കേന്ദ്രങ്ങൾ
- റോഡുകൾ
- സാമൂഹ്യകേന്ദ്രങ്ങൾ

മേൽപറഞ്ഞ വ്യക്തിഗത/സമുദായ വനാവകാശങ്ങൾ നേടുന്നതിനായി ഊരുസഭകൂടി തിരഞ്ഞെടുത്ത വനാവകാശ നിർണ്ണയ സമിതിക്ക് അപേക്ഷകൊടുക്കേണ്ടതും അതോടൊപ്പം ചുവടെ കൊടുത്തിട്ടുള്ള തെളിവുകൾ (ചുരുങ്ങിയത് രണ്ടെണ്ണമെങ്കിലും) നൽകേണ്ടതുമാണ്.

## വ്യക്തിഗത വനാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ

ഇലക്ഷൻ കാർഡ്, റേഷൻ കാർഡ്, വീട്ടുകരം രസീതുകൾ, വില്ലേജിൽ നിന്നു കൊടുത്ത സാക്ഷ്യപത്രങ്ങൾ, വീട്/കുടിൽ/ഭൂമി കൃഷിക്കുപയുക്തമാക്കിയതിന്റെ തെളിവുകൾ (ഭൂമി നിരപ്പാക്കൽ, ബണ്ടുകളുടെയും ചെക്ക്-ഡാമുകളുടെയും നിർമ്മാണാവശിഷ്ടങ്ങൾ തുടങ്ങിയവ), രാജഭരണ കാലത്തോ പ്രോവിൻഷ്യൽ ഭരണ കാലത്തോ രേഖാ മൂലം കൊടുത്ത അവകാശങ്ങളുടെ തെളിവുകൾ, ഭൂമി സംബന്ധിച്ച് പഴയ ലിഖിതങ്ങളിൽ പറയുന്ന വ്യക്തികളുമായി പിന്തുടർച്ചാബന്ധം സ്ഥാപിക്കാനാവശ്യമായ രേഖകൾ, പ്രസിദ്ധീകൃതമായ രേഖകൾ, ഗസറ്റിയർ/ സെൻസസ്/ സർവ്വെ, വില്ലേജ് രേഖകൾ, ഭൂരേഖാ ചിത്രങ്ങൾ, വനം വകുപ്പിന്റെ വർക്കിംഗ് പ്ളാൻ, മാനേജ്മെന്റ് പ്ലാൻ, മൈക്രോപ്ലാൻ, മറ്റ് റിപ്പോർട്ടുകൾ, പട്ടയം/പാട്ടം എന്നിവ സംബന്ധിച്ച രേഖകൾ; സർക്കാർ അന്വേഷണ റിപ്പോർട്ടുകൾ, ഉത്തരവുകൾ, വിജ്ഞാപനങ്ങൾ/ പത്രികകൾ/തീരുമാനങ്ങൾ, കോടതി ഉത്തരവുകളും വിധി ന്യായങ്ങളും, വനാവകാശങ്ങളുടെ അനുഭവം സംബന്ധിച്ചും ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ചും ആന്ത്രപോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ, കിർടാഡ്സ് പോലുള്ള ഗവേഷണസ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ, പാരമ്പര്യ നിർമ്മാണ ശേഷിപ്പുകളായ കിണറുകൾ, ശ്മശാനം, പുണ്യ ഭൂമി, നാട്ടിലെ വൃദ്ധജനങ്ങളുടെ (അപേക്ഷകൻ/അപേക്ഷകർ ഒഴിച്ചുള്ളവരുടെ) വായ്മൊഴി രേഖകൾ തുടങ്ങിയവ.

## സമൂഹ വനാവകാശം തെളിയിക്കുന്നതിനു വേണ്ട രേഖകൾ

ആചാരാനുഷ്ഠാനങ്ങൾ, കന്നുകാലി മേച്ചിൽ, വനവിഭവശേഖരണം എന്നിവയ്ക്കായി പാരമ്പര്യമായി പ്രയോജനപ്പെടുത്തി വന്നിരുന്ന പ്രദേശങ്ങൾ മനുഷ്യനും വളർത്തുമൃഗങ്ങളും ഉപയോഗിച്ചുവന്നിരുന്ന ജലസ്രോതസ്സുകൾ, ഔഷധ സസ്യങ്ങൾ ശേഖരിച്ചുവന്നിരുന്ന പ്രദേശങ്ങൾ, തുടങ്ങി ഏതെങ്കിലും തെളിവുകളുടെ പരോക്ഷാവശിഷ്ടങ്ങൾ, പ്രാദേശിക സമൂഹങ്ങളുടെ നിർമ്മാണശേഷിപ്പുകൾ, പവിത്ര വൃക്ഷങ്ങൾ, കാവുകൾ, കുളങ്ങൾ, ശ്മശാനങ്ങൾ, തുടങ്ങിയവ സമൂഹവനാവകാശത്തിനുള്ള തെളിവുകളായി പരിഗണിക്കും.

## നടപടിക്രമങ്ങൾ

വനാവകാശ നിർണ്ണയസമിതിക്ക് മുൻപാകെ ലഭിക്കുന്ന അപേക്ഷകൾ സമിതിയുടെ ശുപാർശകളോടുകൂടി ഗ്രാമസഭ (ഊരുസഭ) മുഖാന്തിരം സബ്കളക്ടർ/RDO ചെയർമാനായുള്ള സബ്ഡിവിഷണൽ കമ്മറ്റിക്ക് സമർപ്പിക്കുന്നു. സബ്ഡിവിഷണൽ കമ്മറ്റി അവരുടെ കണ്ടെത്തലുകൾ രേഖപ്പെടുത്തി അന്തിമ തീരുമാനത്തിനായി കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാ കമ്മറ്റിക്ക് സമർപ്പിക്കുന്നു.

## വനസംരക്ഷണ അധികാരങ്ങൾ

ഈ നിയമം നിലവിൽ വരുന്നതോടെ താഴെ പറയുന്ന വനസംരക്ഷണ അധികാരങ്ങൾ വനവാസികളുടെയും ഗ്രാമസഭയുടെയും കൂട്ടുത്തരവാദിത്തമായി മാറും.

1 വനം, തൊട്ടുകിടക്കുന്ന വൃഷ്ടി പ്രദേശങ്ങൾ, ജലസ്രോതസ്സുകൾ, വന്യജീവികൾ, ജൈവവൈവിധ്യം, മറ്റ് പരിസ്ഥിതി സംവേദിത പ്രദേശങ്ങൾ എന്നിവയുടെ സംരക്ഷണം.

2 വനവാസികളുടെ സാംസ്കാരികവും സ്വാഭാവികവുമായ പൈതൃകത്തെ ബാധിക്കുന്ന നശീകരണ പ്രവർത്തനങ്ങളിൽ നിന്നും അവരുടെ വാസസ്ഥലങ്ങളുടെ സംരക്ഷണം.

3 വനം - വന്യജീവി- സമൂഹ വനവിഭവ സംരക്ഷണത്തിനായി ഗ്രാമസഭ കൈക്കൊള്ളുന്ന തീരുമാനങ്ങൾ പാലിക്കപ്പെടുന്നുമെന്ന് ഉറപ്പുവരുത്തുക.

1980 വനസംരക്ഷണ നിയമത്തിൽ പറഞ്ഞിട്ടുള്ള ക്ലിയറൻസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങളിൽ നിന്നും മറ്റെല്ലാ ബാധ്യതകളിൽ നിന്നും പട്ടികഗോത്രവർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) ആക്റ്റ് 2006 പ്രകാരമുള്ള അവകാശങ്ങൾ നേടുന്നതിന് വനാവകാശികളെ വിമുക്തമാക്കിയിട്ടുണ്ട്.

### 3. ഭൂമി കൈയ്യേററം തടയൽ നിയമം

കേരള സംസ്ഥാന(ഭൂമി കൈമാറ്റ അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിക്കലും) നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അന്യാധീനപ്പെട്ട ഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് കോമ്പൻസേഷൻ നൽകുന്നതിനും വീണ്ടെടുത്ത ഭൂമിയിൽ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.

### 4. പെസ (Panchayath Extension to the scheduled Areas)

ഭരണഘടനയുടെ 244-ാം അനുച്ഛേദപ്രകാരമാണ് 5-ാം പട്ടിക പ്രദേശങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഇന്ത്യയിൽ ബീഹാർ, ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒറീസ്സ, രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, ആന്ധ്രാപ്രദേശ്, എന്നീ സംസ്ഥാനങ്ങളിൽ പട്ടികപ്രദേശങ്ങൾ ഉണ്ട്. നടപ്പിലാക്കുന്ന നിയമങ്ങൾ ആ മേഖലയ്ക്ക് യോജിച്ചതല്ലെങ്കിൽ അവയെ ഒഴിവാക്കുവാനും, ഭൂമി കൈമാറ്റം, ഭൂമി അനുവദിക്കുന്നതിനുള്ള നിയന്ത്രണം, ഗോത്രവർഗ്ഗക്കാരുടെ ഉപദേശക കൗൺസിൽ തുടങ്ങിയ സവിശേഷതകൾ വലിയ ഭൂപ്രദേശമോ ജില്ലയോ, താലൂക്കോ, വില്ലേജോ ആകാവുന്നതാണ്. ഇതിന്റെ വിസ്തൃതിയിൽ കാലാനുസൃതമുള്ള മാറ്റങ്ങൾ വരുത്തുന്നതിന് പ്രസിഡന്റിനാണ് അധികാരം. ഒരു പ്രദേശത്തെ പട്ടികവർഗ്ഗ മേഖലയായി ശുപാർശ നൽകാവുന്നതാണ്. ഇത്തരം മേഖലകളിലെ ഭരണ സംവിധാനം നിയന്ത്രിക്കപ്പെടുന്നത് സ്വയം നിയന്ത്രിത ആദിവാസി കൗൺസിലുകളിലൂടെയാണ് 1993 ലെ പഞ്ചായത്തിരാജ് ആക്ട് വന്നതിലൂടെ ............ നിയമപരമായി നിലവിൽ വന്നു. 1996 ൽ ഏരിയ കമ്മീഷന്റെ നിർദ്ദേശ പ്രകാരമാണ് പെസ (പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ദി ഷെഡ്യൂൾഡ് ഏരിയ ആക്ട്) നിലവിൽ വന്നത്. പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള ചൂഷണം തടയുന്നതിനും അവരുടെ പാരമ്പര്യ സ്വത്തിനും ജീവനും സംരക്ഷണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ നിയമം. 1996 ഡിസംബർ 24 നാണ് ഈ നിയമം കേന്ദ്രസർക്കാർ പാസ്സാക്കിയത്. 1996 ലെ പെസ നിയമത്തിലൂടെ പട്ടികവർഗ്ഗ മേഖലയിലെ ഗ്രാമസഭകൾക്ക് പഞ്ചായത്തീരാജ് സംവിധാനങ്ങൾക്ക് അപ്പുറം സ്വയം ഭരണാധികാരങ്ങൾ ലഭിക്കുന്നു. ഇക്കാരണത്താൽ പട്ടികവർഗ്ഗ മേഖല പ്രഖ്യാപനങ്ങളും, പെസ നിയമവും ഗോത്രഗ്രാമസഭകൾക്ക് ഒരു പരിധി വരെ സ്വയം ഭരണാധികാരം നൽകുന്നു. കേരളത്തിൽ അഞ്ചു ജില്ലകളിലെ 31 ഗ്രാമ പഞ്ചായത്തുകളിലും ഒരു നഗരസഭയിലും ഉൾപ്പെടുന്ന പ്രദേശങ്ങൾ ആദിവാസി മേഖലകളായി വിജ്ഞാപനം

ചെയ്യുന്നതിനായുള്ള നിർദ്ദേശം പട്ടികവർഗ്ഗ ക്ഷേമ മന്ത്രാലയം കേന്ദ്ര മന്ത്രി സഭയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. വയനാട്, കണ്ണൂർ, പാലക്കാട്, മലപ്പുറം, ഇടുക്കി ജില്ലകളിലെ ആദിവാസി മേഖലകളാണ് ആദ്യഘട്ടത്തിൽ ഭരണഘടനയുടെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തുക. അംഗീകാരം ലഭിച്ചാൽ ഈ പ്രദേശങ്ങൾ 1996 ലെ നിയമത്തിന്റെ (പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ദി ഷെഡ്യൂൾഡ് ഏറിയ ആക്ട് പരിധിയിലാകും. പ്രത്യേക മേഖലകൾ വിജ്ഞാപനം ചെയ്യുന്നതോടെ ആദിവാസി ഭൂരിപക്ഷ പ്രദേശങ്ങളുടെ ഭരണ സംവിധാനം അവരുടെ കൈകളിൽ ഉറപ്പുവരുത്തുവാനും ഭൂമി അന്യാധീനപ്പെട്ടത് തടയുവാനും ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്താനും സാധിക്കും. പട്ടികവർഗ്ഗ സമൂഹത്തിന്റെ വികസനചരിത്രത്തിൽന ാഴികക്കല്ലായിമ ാറുന്നതാണ്ഇ ൗന ിയമം. കേരളത്തിലെ 31 പഞ്ചായത്തുകളുടെയും മൂന്നു മുനിസിപ്പാലിറ്റികളുടേയും പരിധിയിലുള്ള 2,445ഊരുകൾ പട്ടികവർഗ്ഗ ജനതയുടെ സ്വയം ഭരണത്തിന്റെ കേന്ദ്രങ്ങളായി മാറുന്നു.

## 5. വിവരാവകാശ നിയമം 2005

### വിവരാവകാശ നിയമം/അറിയാനുള്ള അവകാശ നിയമം 2005

2005 മെയ് 11 നു ലോക്സഭ പാസ്സാക്കിയ വിപ്ലവാത്മകമായ നിയമമാണിത്. ജമ്മുകാശ്മീർ ഒഴികെയുള്ള മുഴുവൻ സംസ്ഥാനങ്ങളിലും ഈ നിയമം പ്രാബല്യത്തിൽ വന്നു.

## നിയമം എന്ത്?

പൊതു അധികാരകേന്ദ്രങ്ങളുടെ പ്രവർത്തനത്തെ സുതാര്യവും സത്യസന്ധവും അഴിമതി രഹിതവുമാക്കാൻ ഈ നിയമം സഹായകമായി. ഗവൺമെന്റ്/പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരൻമാർക്കും ലഭ്യമാക്കുകയെന്നതാണ് ഈ നിയമത്തിന്റെ ഉദ്ദേശ്യം.

രാജ്യസുരക്ഷപരമാധികാരം, യുദ്ധ തന്ത്രം, കോടതി വിലക്കു കാര്യങ്ങൾ, വ്യാപാര രഹസ്യങ്ങൾ തുടങ്ങി ചില പ്രത്യേക സംരക്ഷണ വിവരങ്ങൾ ഒഴിച്ച് ബാക്കിയെന്തും ഈ നിയമത്തിലൂടെ നമുക്ക് അറിയുവാൻ സാധിക്കും.

## ആരിൽ നിന്നെല്ലാം വിവരങ്ങൾ അറിയാം

1. സർക്കാർ സ്ഥാപനങ്ങൾ
2. സർക്കാർ ധനസഹായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ
3. സർക്കാർ ധനസഹായം ലഭിക്കുന്ന ഇതര സംഘടനകൾ

## 'വിവരം' എന്നാൽ എന്ത് ?

ഒരു പൊതു അധികാരിക്ക് ഏതു രൂപത്തിലും ലഭിക്കാവുന്ന രേഖകൾ ആണിത്.

- മെമ്മോകൾ
- ആധാരങ്ങൾ
- ഇ-മെയിൽ
- അഭിപ്രായക്കുറിപ്പ്
- പ്രസ് റിലീസ്
- ലോഗ് ബുക്ക്
- ഉത്തരവുകൾ
- സർക്കുലറുകൾ
- കരാറുകൾ
- റിപ്പോർട്ടുകൾ
- മാതൃകകൾ
- ഇലക്ട്രോണിക് രൂപത്തിലെ വിവരങ്ങൾ

## വിവരം ലഭിക്കുവാൻ അപേക്ഷ കൊടുക്കേണ്ടത് എവിടെ ?

സർക്കാർ ഓഫീസുകളിൽ വിവരങ്ങൾ നൽകുവാൻ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ എന്നിവരെ നിയമിച്ചിട്ടുണ്ട്. അപേക്ഷ നൽകേണ്ടത് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർക്കാണ്.ഇത് രേഖയായോ ഇലക്ട്രോണിക് മാധ്യമം വഴിയോ നൽകാം. ഇതിനുള്ള ഫീസ് 10 രൂപയാണ്. അപേക്ഷയിൽ അപേക്ഷകന്റെ വിലാസം കൃത്യമായി കാണിച്ചിരിക്കണം.

വിവരങ്ങൾ A4 വലിപ്പമുള്ള പേപ്പറിൽ ലഭിക്കാൻ ഓരോ പേജിനും 2 രൂപ നൽകണം. മോഡൽ, സാമ്പിൾ തുടങ്ങിയ ലഭിക്കുവാൻ യഥാർത്ഥവില നൽകണം. രേഖ പരിശോധനക്കാണെങ്കിൽ ആദ്യത്തെ ഒരു മണിക്കൂർ സൗജന്യമാണ്. അതിനുശേഷം ഓരോ 30 മിനിറ്റിനും 10 രൂപ നൽകണം.സി.ഡി. ഫ്ളോപ്പി വിവരങ്ങൾക്ക് 50 രൂപ.

പ്രസ്തുത തുക പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ 0070, അദർ അഡ്മിനിസ്ട്രേറ്റീവ് സർവീസ് 60 അദർ സർവീസസ് - 800 അദർ റസീറ്റ്സ് 42 അദൻ ഐെറ്റംസ്.ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കണം. ദാരിദ്രരേഖക്കു കീഴിലുള്ളവർക്ക് ഫീസ് ആവശ്യമില്ല.

## വിവരങ്ങൾ ലഭിക്കുവാനെടുക്കുന്ന സമയം.

30 ദിവസത്തിനകം അപേക്ഷകനു വിവരം കൊടുക്കണം. എന്നാൽ ഒരാളുടെ ജീവനെയോ സ്വാതന്ത്ര്യത്തേയോ ബാധിക്കുന്ന വിവരമാണെങ്കിൽ അത് 48 മണിക്കൂറിനകം നൽകണം.

## പിഴ

നിശ്ചിത സമയത്തിനുള്ളിൽ വിവരം നൽകാതിരുന്നാലോ ന്യായമായ കാരണങ്ങളല്ലാതെ അപേക്ഷ നിരസിക്കുകയോ, തെറ്റായ വിവരങ്ങൾ നൽകിയാലോ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 250-25000 രൂപ വരെ പിഴനൽകേണ്ടി വരും.

## അപ്പീൽ നൽകൽ

തനിക്കു ലഭിച്ച വിവരം അപൂർണ്ണമോ അവാസ്തവികമാണെങ്കിലോ ഒരു വ്യക്തിക്ക് അപ്പീൽ പോകാം.

ഈ അപ്പീൽ 2 തരത്തിലാണ്.

1. പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഉയർന്ന റാങ്കിലെ ഉദ്യോഗസ്ഥന്.

2. ഇൻഫർമേഷൻ കമ്മീഷന്.

ആദ്യത്തെഅ പ്പീൽവ ിവരംല ഭിച്ച3 0ദ ിവസത്തിനകവുംര ണ്ടാം അപ്പീൽ ആദ്യ അപ്പീൽ തീരുമാനത്തിനെതിരെ 90 ദിവസത്തിനുള്ളിൽ നൽകാം.

## 6. സേവനാവകാശ നിയമം

ലോകം വിരൽത്തുമ്പിലേക്ക് ചുരുങ്ങിയ ഹൈടെക് യുഗത്തിലും വരുമാനസർട്ടിഫിക്കറ്റിനും ജനനമരണ സർട്ടിഫിക്കറ്റിനും വേണ്ടി കാത്തു കിടക്കേണ്ടി വരുന്നത് നമ്മുടെ സിവിൽ സർവീസിനെ കാര്യക്ഷമമാക്കാൻ കൂടുതൽ കർശനമായ അഴിച്ചുപണികളുടെ പ്രസക്തിയിലേക്കാണ് വിരൽചൂണ്ടുന്നത്. ഈ ദിശയിൽ സ്വതന്ത്രഭാരതത്തിൽ ഇതുവരെ നടന്നിട്ടുള്ള ചുവടുവെയ്പുകളിൽ ഏറ്റവും വിപ്ലവാ

ത്മകമായ ഒന്നാണ് സേവനാവകാശനിയമം (Right to Service Act). വിവരാവകാശ നിയമത്തിന്റെ മാതൃകയിൽ സേവനം പൗരന്റെ അവകാശമാക്കുന്ന ഇന്ത്യയിലെ നിയമമാണ് സേവനാവകാശ നിയമം സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ വകുപ്പുകളും നടത്തുന്ന എല്ലാവിധ സേവനങ്ങളും ജനങ്ങളുടെ അവകാശമാണെന്ന് പ്രഖ്യാപിക്കുന്ന നിയമമാണ് ഇത്. സേവനങ്ങൾക്കായി സാധാരണക്കാർ സർക്കാർ ആഫീസുകളിൽ കയറിയിറങ്ങേണ്ടിവരുന്ന അവസ്ഥയ്ക്ക് ഒരു പരിഹാരം കൂടിയാണ് സേവനാവകാശ നിയമം. ഈ നിയമം അനുശാസിക്കുന്നതനുസരിച്ച് സർക്കാർ സേവനങ്ങൾ സമയന്ധിതമായി നൽകാത്തവർക്കു പിഴ അടക്കമുള്ള ശിക്ഷകൾ ഏറ്റു വാങ്ങേണ്ടിവരും. വിവരാവകാശ നിയമം പോലെ സേവനാവകാശനിയമവും ജനങ്ങളുടെ അവകാശവും ഭരണസുതാര്യതയും ഉറപ്പുവരുത്തുന്നു. ആയതിനാൽ സേവനാവകാശവും നിയമത്തെ ജനാധിപത്യ വ്യവസ്ഥിതിയിലെ ഏറ്റവും ശക്തമായ നിയമങ്ങളിൽ ഒന്നായിട്ടാണ് വിലയിരുത്തപ്പെടുന്നത്. ഇന്ത്യയിലെ 2018 ഒക്ടോബർ 18-ാം തീയതി മധ്യപ്രദേശാണ് ഈ നിയമം ആദ്യമായി നിലവിൽ കൊണ്ടുവന്നത്. സേവനാവകാശ നിയമം ലക്ഷ്യമിടുന്നത്. പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ നൽകാൻ വിസമ്മതിക്കുന്ന ഉദ്യോഗസ്ഥരെ നിയമത്തിനു മുന്നിൽ കൊണ്ടുവരിക.

## 7. സൗജന്യവും നിയമബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം

1. ആറു മുതൽ പതിനാലു വയസുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഒരു അയൽപക്കസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതുവരെ അവർക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ട്.

2. (1)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി, ഒരു കുട്ടിയും പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിൽ നിന്നും തുടരുന്നതിൽ നിന്നും അവനെയോ അവളെയോ തടയുന്ന യാതൊരു വിധത്തിലുമുള്ള ഫീസ് അല്ലെങ്കിൽ ചാർജ്ജുകൾ അല്ലെങ്കിൽ ചെലവുകൾ നൽകുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതല്ല. എന്നാൽ 1996- ലെ വൈകല്യമുള്ള വ്യക്തികൾ ( തുല്യ അവകാശങ്ങൾ, സംരക്ഷണവും പൂർണ പങ്കാളിത്തവും) ആക്റ്റ്(1996-ലെ 1) ലെ 2-ാം വകുപ്പിലെ ഖണ്ഡം 1-ന്റെ നിർവചനത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരം വൈകല്യമുള്ള ഒരു കുട്ടിക്ക് മേൽപ്പറഞ്ഞ ആക്റ്റിലെ അദ്ധ്യായം V- ലെ വ്യവസ്ഥകൾക്കനുസരിച്ച് സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം തുടരുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

സ്കൂളിൽ പ്രവേശനം നേടാത്തതോ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കാത്തതോ ആയ കുട്ടികൾക്കുള്ള പ്രത്യേക വ്യവസ്ഥകൾ

ആറു വയസിനു മുകളിൽ പ്രായമുള്ള ഒരു കുട്ടിക്ക് ഒരു സ്കൂളിലും പ്രവേശനം ലഭിക്കാതിരിക്കുകയും അങ്ങനെപ്രവേശനം ലഭിച്ചിട്ടുണ്ടെങ്കിൽ തന്നെ ആ കുട്ടിക്ക് പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കാൻ സാധിക്കാതിരിക്കുകയും ചെയ്യുന്ന സംഗതികളിൽ ആ കുട്ടിയുടെ വയസ്സിനാനുപാതികമായി ക്ലാസ്സിൽ പ്രവേശനം നൽകേണ്ടതാണ്. എന്നാൽ, ഒരു കുട്ടിക്ക് ആ കുട്ടിയുടെ വയസ്സിന് ആനുപാതികമായ ക്ലാസ്സിൽ നേരിട്ട് പ്രവേശനം നൽകിയിരിക്കുമ്പോൾ ആ കുട്ടിക്ക്, മറ്റു കുട്ടികളോടൊപ്പം എത്തുന്നതിലേയ്ക്കായി, അങ്ങനെയുള്ള രീതിയിലും, നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള സമയപരിധിക്കുള്ളിലും പ്രത്യേക പരിശീലനം ലഭിക്കുന്നതിനുള്ള അവകാശമുണ്ടായിരുക്കുന്നതാണ്. എന്നുമാത്രമല്ല, അത്തരത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പ്രവേശനം നൽകിയിട്ടുള്ള ഒരു കുട്ടിയ്ക്ക് പതിനാലു വയസ്സ് കഴിഞ്ഞാൽ പോലും പ്രാഥമിക വിദ്യാഭ്യാസം സൗജന്യമായി പൂർത്തീകരിക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.

മറ്റേതെങ്കിലും സ്കൂളിലേയ്ക്ക് മാറാനുള്ള അവകാശം

1. (1) ഒരു സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനുള്ള സൗകര്യങ്ങളില്ലാതിരിക്കുമ്പോൾ, തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിലേയ്ക്കായി, 2-ാം വകുപ്പിന്റെ ഖണ്ഡം (1)ന്റെ (2) (4) എന്നീ ഉപഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള സ്കൂളിലൊഴികെ മറ്റേതെങ്കിലും സ്കൂളിലേയ്ക്ക് സ്ഥലംമാറ്റം തേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

2. ഒരു കുട്ടി, സംസ്ഥാനത്തിനുള്ളിലെ ഒരു സ്കൂളിലേയ്ക്കോ സംസ്ഥാനത്തിന് പുറത്തുള്ള ഒരു സ്കൂളിലേയ്ക്കോ മാറ്റം ആവശ്യപ്പെട്ടിരിക്കെ, അങ്ങനെയുള്ള കുട്ടിയ്ക്ക് തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തികരിക്കുന്നതിലേയ്ക്കായി 2-ാം വകുപ്പിന്റെ ഖണ്ഡം (1) ന്റെ (3), (4) എന്നീ ഉപഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള സ്കൂളിലൊഴികെമറ്റേതെങ്കിലും സ്കൂളിലേയ്ക്ക് സ്ഥലംമാറ്റം തേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

3. അങ്ങനെയുള്ള മറ്റൊരു സ്കൂളിലേയ്ക്ക് പ്രവേശനം തേടുമ്പോൾ അവസാനം പഠിച്ചിരുന്ന സ്കൂളിലെ പ്രഥമാദ്ധ്യാപകൻ അല്ലെങ്കിൽ ചുമതലയുള്ള അദ്ധ്യാപകൻ അടിയന്തിരമായി ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് കാലതാമസം വരുത്തിയെന്നത് അങ്ങനെയുള്ള മറ്റേ സ്കൂളിൽ പ്രവേശനം വൈകിപ്പിക്കുന്നതിനോ നിരസിക്കുന്നതിനോ ഒരു

# പട്ടികവർഗ്ഗ വികസനവകുപ്പ്

## 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതി നേട്ടങ്ങൾ

### ഭവനനിർമ്മാണ പദ്ധതി

2018-19 വർഷത്തിൽ ഭവനനിർമ്മാണത്തിനായി 127.00 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തുന്നതിന് പുറമേ അഡീഷണൽ ആതറൈസേഷൻ മുഖേന5.39 കോടി രൂപയും ധനപുനർവിനിയോഗം മുഖേന11.52 കോടി രൂപ ഉൾപ്പടെ ആകെ143.91 കോടി രൂപ ചെലവഴിച്ച് ലൈഫ് മിഷൻ പദ്ധതിതയിലും വകുപ്പ് മുഖേനയും സ്പിൽ ഓവർ ഉൾപ്പടെ അനുവദിച്ച വീടുകളുടെ നിർമ്മാണത്തിനായി ചെലവഴിച്ചു. മിഷൻ മുഖേനഏറ്റെടുത്ത് പൂർത്തിയാകാതിരുന്ന വീടുകളിൽ 2018-19 വർഷം 3398 വീടുകൾ പൂർത്തീകരിച്ചു. ശേഷിക്കുന്നവ വിവിധ ഘട്ടങ്ങളിലായി പണി പുരോഗമിച്ചു വരുന്നു. ഭവനപുനരുദ്ധാരണ പദ്ധതി പ്രകാരം 473 വീടുകൾ പുനരുദ്ധരിച്ചു.

### 2 ഭൂമി നൽകുന്ന പദ്ധതി

1. 2018-19 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശങ്ങളിലെ പട്ടികവർഗ്ഗ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 33.994 ലക്ഷം രൂപ ചെലവഴിച്ച് ഒരാൾക്ക് 10 സെന്റ് വീതം 148 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങിനൽകി.

2. കാസർഗോഡ് ജില്ലയിൽ 25 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി 221.85ലക്ഷം രൂപ ചെലവഴിച്ച് 15.07 ഏക്കർ ഭൂമിവാങ്ങി നൽകി.

3. പുനലൂരിൽ 1 ഗുണഭോക്താവിന് 10 ലക്ഷം രൂപ ചെലവഴിച്ച് സെന്റ് രൂപനൽകി.

4. പുനരധിവാസ മേഖലയിൽ ഭൂമി നൽകിയ കുടുംബങ്ങൾ ഉൾപ്പടെയുള്ള 372 പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിനായി 5.90 കോടി രൂപ ചെലവഴിച്ചു.

5. ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ കുടിവെള്ള പദ്ധതിയ്ക്കായി 275.96 ലക്ഷം രൂപ ചെലവഴിച്ചു.

6. റോഡ് വികസനത്തിനായി 14.75 കോടി രൂപയുടെ ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

## 3 ഭക്ഷ്യസഹായ പദ്ധതി

മൺസൂൺ കാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ പട്ടിണി ഉണ്ടാകാതെ ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പട്ടിണി അനുഭവപ്പെടുന്ന പ്രത്യേക സാഹചര്യങ്ങളിലും പദ്ധതി നടപ്പിലാക്കുന്നു. ഭക്ഷ്യ സഹായ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ഇനങ്ങൾ ചുവടെ ചേർക്കുന്നു.

1. അരി - 15 കിലോ
2. ചെറുപയർ/വൻപയർ - 1 കിലോ
3. കടല - 1 കിലോ
4. വെളിച്ചെണ്ണ - 1 ലിറ്റർ

2018-19 വർഷം 25 കോടി രൂപ വകയിരുത്തിയതിൽ 17.88 കോടി രൂപ ചെലവഴിച്ച് 77,445 പേർക്ക് ഭക്ഷ്യ സഹായം വിതരണം നടത്തിയിട്ടുണ്ട്. പോഷഹാരക്കുറവ് അനുഭവപ്പെടുന്ന മേഖലകളിലും കിടപ്പുരോഗികൾക്കും പോഷഹാരകിറ്റുകൾ വിതരണം നടത്തുന്നുണ്ട്.

2018-19 വർഷം ഓണക്കാലത്ത് 7.11 കോടി രൂപ ചെലവഴിച്ച്159,261 പേർക്ക് ഓണകിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

## 4. കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി

കുടുംബശ്രീ മുഖേനെഅട്ടപ്പാടിയിൽ 2018-19 വർഷത്തേയ്ക്ക് 20800 ഗുണ ഭോക്താക്കളെ ഉൾപ്പെടുത്തി ഒരു വർഷത്തേയ്ക്ക് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്നതിനായി 4.36 കോടിരൂപയ്ക്ക് ഭരണാനുമതി ലഭിച്ചതിൽ ആദ്യഗഡുവായി 2.00 കോടി രൂപ ചെലവഴിച്ചു. ടി പദ്ധതി പ്രകാരം പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണനിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. നിലവിൽ അട്ടപ്പാടി, വയനാട്, ജില്ലകളിൽ കമ്മ്യൂണിറ്റി കിച്ചനുകൾ നടപ്പിലാക്കുന്നുവെങ്കിലും മറ്റ് ജില്ലകളിൽ കൂടി വ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 5. ഓണക്കോടി

60 വയസ്സിനും അതിനുമുകളിൽ പ്രായമുള്ള പട്ടികവർഗ്ഗക്കാരായ സ്ത്രീ, പുരുഷൻമാർക്ക് ഓണക്കാലത്ത് സൗജന്യ ഓണക്കോടി വിതരണത്തിനായി 2018-19വർഷം 56993 പേർക്ക് 4.90 കോടി രൂപ ചെലവഴിച്ച് ഓണക്കോടി വിതരണം നടത്തിയിട്ടുണ്ട്.

## 6. അംബേദ്ക്കർ സെറ്റിൽമെന്റ്

2018-19 വർഷത്തെ അംബേദ്ക്കർ സെറ്റിൽമെന്റ് സ്കീം എന്ന പദ്ധതിയിൽ 110.00 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയതിൽ 2017-18 വർഷം തെരഞ്ഞെടുത്ത 101 കോളനികളിൽ 92 കോളനികളുടെ ഡി.പി.ആർ ബന്ധപ്പെട്ട ഏജൻസികൾ തയ്യാറാക്കി നൽകുകയും ആയതിലേക്ക് നടപ്പുവർഷം 42 സങ്കേതങ്ങളിൽ പ്രവർത്തികൾ ആരംഭിക്കുന്നതിലേക്കായി എസ്റ്റിമേറ്റ് തുകയുടെ 20% മൊബൈലേഷൻ അഡ്വാൻസ് അനുവദിച്ച് പ്രവർത്തികൾ പുരോഗമിച്ച് വരുന്നു. ഇതിൽ 36 സങ്കേതങ്ങളിലെ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

## 3. സ്വയംതൊഴിലും നൈപുണ്യവികസനവും

സ്വയം തൊഴിലും നൈപുണ്യ വികസന പദ്ധതിയ്ക്കായി 2018-19 വർഷം വിവിധ സ്ഥാപനങ്ങൾ മുഖേനെ1196 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് 9.68 കോടി രൂപ ചെലവഴിച്ച് ചുവടെ പറയുന്ന പദ്ധതികളിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തുന്ന പരിശീലനപരിപാടികൾ നടപ്പിലാക്കി വരുന്നു.

ധന്വന്തരിഇ ൻസ്റ്റിറ്റ്യൂട്ട്ഒ ാഫ്പ ാരാമെഡിക്കൽസ യൻസ്എ ന്ന സ്ഥാപനം മുഖേനെആയുർവേദ പഞ്ച കർമ്മ തെറാപ്പി, ആയുർവേദ നഴ്സിംഗ്, ആയുർവേദ ഫാർമസി എന്നീ കോഴ്സുകൾ.

ആട്ടോ മൊബൈൽ ഇൻഡസ്ട്രി& ടൂറിസം പരിശീലനം

നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേനെ ഒരു വർഷത്തെസ ർട്ടിഫിക്കറ്റ്േ കാഴ്സ്( CBPST)മ ുഖേനെപ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ പരിശീലനം

സെന്റർ ഫോർ എക്സലൻസ് എന്ന സ്ഥാപനത്തിലൂടെ ഡെസ്ക്ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടിമീഡിയ, ഹാർഡ് വെയർ& സോഫ്റ്റ് വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.റ്റി കോഴ്സുകൾ മുൻസിഫ്/മജിസ്ട്രേറ്റ് എന്നീ തസ്തികകളിലേക്ക് നിയമനത്തിനായുള്ള പരീക്ഷാപരിശീലനം

അട്ടപ്പാടിയിൽ വസ്ത്ര നിർമ്മാണശാല:- ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം ലഭിച്ചവനിതകൾക്ക് വസ്ത്ര നിർമ്മാശാല സ്ഥാപിക്കുന്നതിനായി 2.19 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ജില്ലാ നിർമ്മിതിയെ ഏൽപ്പിച്ചു.

## ആരോഗ്യം

സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി 30,500 പട്ടികവർഗ്ഗക്കാർക്ക് നടപ്പിലാക്കുന്നതിനായി 2528.159 ലക്ഷം രൂപ ചെലവഴിച്ചു.

## മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾക്കായി 254 ലക്ഷം രൂപ വിനിയോഗിച്ചു

പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന പാരമ്പര്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ചവ്യാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രണ വിധേയമാക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ദ പരിശോധനസമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ഒരുപുതിയ തലമുറയെ വാർത്തെടുക്കുന്നതിനുമായി ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ആധുനിക സൗകര്യങ്ങൾ അടങ്ങിയ ജി.പി. എസ്. ഘടിപ്പിച്ചമൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ എല്ലാ ദിവസങ്ങളിലും ഓരോ കോളനികൾ സന്ദർശിച്ച് ചികിത്സാവിധികൾ നിശ്ചയിച്ച് മരുന്ന് നൽകുന്നു. കൂടാതെ വിദഗ്ദ ചികിത്സ ലഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

## കുടിവെള്ളം

വിവിധ കോളനിവികസനപദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയ കുടിവെള്ള പദ്ധതിക്കു പുറമേ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി 801 ഗുണഭോക്താക്കൾക്കായി 1.76 കോടി രൂപ ചെലവഴിച്ച് കുടിവെള്ളപദ്ധതിനടപ്പിലാക്കി വരുന്നു.

## വൈദ്യുതീകരണം

വിവിധ ജില്ലകളിലെ പട്ടികവർഗ്ഗ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായി 0.52 കോടി രൂപ അനുവദിച്ച് വൈദ്യുതീകരണ പദ്ധതിനടപ്പിലാക്കി

## ശുചിത്വം

വകുപ്പ് അനുവദിക്കുന്ന വീട് നിർമ്മാണത്തോടൊപ്പം കക്കൂസ് ഉൾപ്പടെ നൽകാറുണ്ട്. എന്നാൽ എറണാകുളം ജില്ലയിൽ ഉപയോഗ ശൂന്യമായ കക്കൂസുകൾക്ക് പകരം ശുചിത്വ മിഷനുമായി ചേർന്ന് 224 ശുചിത്വ കക്കൂസുകൾ നിർമ്മിക്കുന്നതിനായി 67.20 ലക്ഷം അനുവദിച്ച് പദ്ധതിനടപ്പിലാക്കി വരുന്നു.

## കമ്മ്യൂണിറ്റി ഹാൾ

2018-19വർഷം പാലക്കാട്, നിലമ്പൂർ, എന്നീ ജില്ലകളിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി 0.86 കോടി രൂപ ചെലവിട്ട് പദ്ധതി നടപ്പിലാക്കി വരുന്നു

## റോഡ്, കലുങ്ക് നിർമ്മാണം

കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ റോഡ്, കലുങ്ക് നിർമ്മാണം എന്നിവയുടെ നിർമ്മാണ പ്രവർത്തനത്തിനും, നവീകരണത്തിനുമായി 6.33 കോടി രൂപ ചെലവഴിച്ചു.

## 6 അടിയ പണിയ പാക്കേജ് പദ്ധതി

അടിയൻ, പണിയൻ പ്രാക്തനഗോത്ര വർഗ്ഗക്കാരുടെ വികസനപദ്ധതികൾ, വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം, അഗതി മന്ദിരങ്ങളുടെ പ്രവർത്തനം എന്നീ ആവശ്യങ്ങൾക്കാണ് പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയിലുൾപ്പെടുത്തി ചുവടെ പറയുന്ന മൂന്ന് അഗതി മന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നു.

1. കുഴിനിലംഅഗതിമന്ദിരം-മാനന്തവാടി
2. സുഗന്ധഗിരിഅഗതിമന്ദിരം-കൽപ്പറ്റ
3. കാരുണ്യാശ്രമം-അട്ടപ്പാടി

2018-19 ടി പദ്ധതിയ്ക്കായി 1.48 കോടിരൂപ ചെലവഴിച്ചു. കൂടാതെ ടി പദ്ധതിയിലുൾപ്പെടുത്തി ണിയ വിഭാഗത്തിനെപുനരധിവസിപ്പിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കൊടിവള്ളി നിയോജകമണ്ഡലത്തിലെക ട്ടിപ്പാറപ ഞ്ചായത്തിലെക ാക്കണഞ്ചേരിc കാളനിയും, നാദാപുരം നിയോജകമണ്ഡലത്തിലെ കാവിലുംപാറ പഞ്ചായത്തിലെ ഓടങ്കോട് കോളനിയും പുനരധിവസിപ്പിക്കുന്നതിനായി

യഥാക്രമം 2.75 ഏക്കർ, 3.24 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ആയതിൽ കാക്കണംഞ്ചേരി കോളനി പുനരധിവസിപ്പിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

### എസ്.സി.എ.ടു.ടി.എസ്.പി

2018-19 വർഷത്തിൽ 2.54 കോടി രൂപ 14 മൊബൈൽ ക്ലിനിക്കുകളുടെ പ്രവർത്തനത്തിനും സ്വയം തൊഴിലും നൈപുണ്യവികസനത്തിനുമായി 5.45 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

### പട്ടികവർഗ്ഗക്കാരുടെ കടം എഴുതിതള്ളുന്ന പദ്ധതി

കടംഎഴുതി തള്ളുന്ന പദ്ധതി നടപ്പാക്കുന്നതിനായി 2018-19 വർഷം 91 ഗുണഭോക്താക്കൾക്ക് വായ്പ എഴുതി തള്ളുന്നതിനായി 15.45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസം

- പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യമായി 2018-19 വർഷം 77215 കുട്ടികൾക്ക് 15.976 കോടി രൂപ ചെലവഴിച്ചു
- 2018-19 വർഷം പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യമായി 16939 കുട്ടികൾക്ക് 3554.00 ലക്ഷം രൂപ ചെലവഴിച്ചു.
- ട്രൈബൽ സ്കൂളിലെ 2198 കുട്ടികൾക്ക് യൂണിഫോം വിതരണത്തിനായി 2018-19 വർഷം 10.99 ലക്ഷം രൂപ ചെലവഴിച്ച്
- പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിനായി 376 സ്കൂളുകളിലെ 17247 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം നൽകിയിട്ടുണ്ട്.
- തെരഞ്ഞെടുത്ത പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന 195.69 ലക്ഷം രൂപ ചെലവഴിച്ച് 435 പട്ടിക വിദ്യാർത്ഥികൾക്ക് ലാപ് ടോപ് ടോപ്പ് വിതരണം ചെയ്തു.
- രക്ഷിതാക്കൾക്കുള്ള പ്രോത്സാഹനഗ്രാന്റ് ഇനത്തിൽ 28574 പേർക്ക് 1.09 കോടി രൂപ ചെലഴിച്ചു.
- ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനഗ്രാന്റ് ഇനത്തിൽ 880 കുട്ടികൾക്കും 0.999 കോടി രൂപ ചെലവഴിച്ചു.

- അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ് ഗ്രാന്റ് 1200 കുട്ടികൾക്ക് 0.39 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 2018-18 വർഷം 0.37 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.
- പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്റ്റഡി ടൂർ നടത്തുന്നതിനായി 560 കുട്ടികൾക്ക് .60 കോടി രൂപ ചെലവഴിച്ചു.
- പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച പ്രാരംഭ ചെലവുകൾക്കായി 2018-19 വർഷം 47 കുട്ടികൾക്ക് 2,35,000/- ചെലവഴിച്ചു. 9, 10 ക്ലാസ്സിൽ പഠിക്കുന്ന 12121 കുട്ടികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്

## സർഗ്ഗോത്സവം

2018- 19 വർഷം കനകക്കുന്നിൽ സംഘടിപ്പിച്ച സർഗ്ഗോത്സവം പരിപാടിയിൽ സീനിയർ വിദ്യാർത്ഥികൾക്കായി 20 ഇനങ്ങളിലും ജൂനിയർ വിദ്യാർത്ഥികൾക്കായി 20 ഇനങ്ങളിലും ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പടെ ആകെ 1244 കുട്ടികൾ മത്സരത്തിൽപങ്കെടുത്തു.

## കളിക്കളം

2018- 19 വർഷം കാര്യവട്ടംഎൽ.എൻ.സി.പി സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച കളിക്കളം പരിപാടിയിൽ 18 മത്സരയിനങ്ങളിലായി ജൂനിയർ, സബ് ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി 433 ആൺകുട്ടികളും 435 പെൺകുട്ടികളും ഉൾപ്പടെ 868 വിദ്യാർത്ഥികളും കളിക്കളം സ്പോർട്സ് മീറ്റിൽ പങ്കെടുത്തു.

## സാമൂഹ്യ പഠനമുറി

പട്ടികവർഗ്ഗകുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഊരുകളിൽ സാമൂഹ്യപഠനമുറി പ്രവർത്തിപ്പിക്കുന്നതിന് 2018-19 വർഷം കാസർഗോഡ് ജില്ലയിൽ 25 പഠനമുറികളിൽ സിവിൽ വർക്ക്, ഇലക്ട്രിക് വർക്ക് പൂർത്തീകരിക്കുകയും, മറ്റ് ഭൗതികസാഹചര്യം ഒരുക്കുന്നതിനുമായി 1.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഗോത്രബന്ധു

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക,ഭാഷാപ്രശ്നം പരിഹരിക്കുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വയനാട് ജില്ലയിൽ തെര

ഞ്ഞെടുത്ത 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗക്കാരിൽ നിന്നും നിയമിക്കപ്പെട്ട പേരിൽ 111 പേർ പിന്നാക്ക ഗോത്രവർഗ്ഗങ്ങളായ അടിയ, പണിയ, കാട്ടുനായ്ക്ക, ഊരാളി എന്നീ സമുദായങ്ങളിൽപ്പെട്ടവരാണ്. 241 പേരിൽ 9 പേർ പട്ടികവർഗ്ഗയുവാക്കളും 232 പേർ പട്ടികവർഗ്ഗയുവതികളുമാണ്. 2018-19 വർഷം അട്ടപ്പാടിയിൽ ടി പദ്ധതി പ്രകാരം 26 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ആകെ 14466 കുട്ടികൾക്കായി 267 മെന്റർ ടീച്ചർമാരെ നിയമിച്ച ഇനത്തിൽ 313.216 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## മോഡൽ റഷിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള വികസനപദ്ധതികൾ

- **പരിശീലനപരിപാടികൾ-** എസ്.എസ്.എൽ.സി /+2 പരാജിതരായവർക്ക് വീണ്ടും എഴുതുന്നതിനുള്ള പരശീലനപരിപാടികൾ നടപ്പിലാക്കി.

- **ഗിരിവികാസ്-** പാലക്കാട് ജില്ലയിൽ 50 പട്ടികവിദ്യർത്ഥികൾക്കായി 41.88 ലക്ഷം രൂപയും, വയനാട് ജില്ലയിൽ 60 കുട്ടികൾക്കായി 51.25 ലക്ഷം രൂപയും ടി പരിപാടിയ്ക്കായിചെലഴിച്ചു.

- **ഗുരുകുലം-** പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ ഗുരുകുലം പരിപാടി നടപ്പിലാക്കുന്നതിന് 40പട്ടികവർഗ്ഗ കുട്ടികൾക്കായി 31.25 ലക്ഷം രൂപ ചെലവഴിച്ചു.

- **കോച്ചിംഗ് ക്യാമ്പ്-** എസ്.എസ്.എൽ.സി /+2 വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്കായി കോച്ചിംഗ്ക്യാമ്പ് സംഘടിപ്പിച്ചു.

**റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ്-**

- വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ 1525 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ കോച്ചിംഗ് ക്യാമ്പ് പരിശീലനത്തിനായി 51.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

- **നവോദയ, സൈനിക് സ്കൂളുകളിൽ പരിശീലനം- അട്ടപ്പാടിയിൽ 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നവോദയ, സൈനിക് സ്കൂളുകളിൽ പ്രവേശനം നൽകുന്നതിനായി 23.16 ലക്ഷം രൂപ ചെലവഴിച്ച് കാർസൽ എന്ന സ്ഥാപനം മുഖേനപരിശീലനം സംഘടിപ്പിച്ചു.**

- **മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്- എൻട്രൻസ് പ്രവേശനപരീക്ഷയ്ക്കായുള്ള ക്രാഷ് കോഴ്സ്, ഒരു വർഷത്തെ കോഴ്സ്**

**എന്നീ പരിശീലനത്തിനായി 210 പട്ടികവർഗ്ഗ കുട്ടികൾക്കായി 125.01 ലക്ഷം രൂപ ചെലവഴിച്ചു.**

- **എം.ആർഎസ്സുകളിൽ സഹവാസ ക്യാമ്പ് , സ്പോക്കൺ ഇംഗ്ലീഷ് സ്പെഷ്യൽ ട്യൂഷൻ മുതലായ പരിപാടികൾ നടപ്പിലാക്കുന്നതിന് 56.17 രൂപ ചെലവഴിച്ചു.**
- 2018-19 വർഷം 711 സിക്കിൾസെൽ അനീമിയ രോഗികൾക്ക് 230.875 ലക്ഷം രൂപ ചെലവഴിച്ചു.
- കൈതാങ്ങ് പദ്ധതിയിൽ 2018-19 വർഷം 626 കുട്ടികൾക്ക് 72.777 ലക്ഷം രൂപ ധനസഹായമായി ചലവഴിച്ചു.
- പാരമ്പര്യ വൈദ്യൻമാർക്ക് വാർഷിക ധനസഹായം നൽകുന്നതിനായി 2018-19 വർഷം 28 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഹോസ്റ്റൽ എം.ആർ.എസ്സുകളുടെ നിർമ്മാണ പ്രവർത്തികൾ-**

- ഇരുമ്പുപാലം- പി.എച്ച്.എം നിർമ്മാണവുമായി ബന്ധപ്പെട്ട് 194.59ലക്ഷം രൂപ അനുവദിക്കുകയും, സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയും, ഇലക്ട്രിക്കൽ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുകയുമാണ്.
- ഷോളയൂർ- പി.എം.എച്ച് (60) നിർമ്മാണവുമായി ബന്ധപ്പെട്ട് 52.86 ലക്ഷം രൂപ അനുവദിക്കുകയും സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയും, ഇലക്ട്രിക്കൽ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുകയുമാണ്.
- ഷോളയൂർ- പി.എം.എച്ച് (100) നിർമ്മാണ പ്രവർത്തിയുടെ സ്ട്രക്ചറൽ വർക്കുകൾ പൂർത്തീകരിക്കുകയും, പ്ലാസ്റ്ററിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- മുള്ളൻകൊല്ലി പി.എം.എച്ച് നിർമ്മാണവുമായി ബന്ധപ്പെട്ട് 171.86 ലക്ഷംരൂപ അനുവദിക്കുകയും സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകിച്ചിട്ടുണ്ട്. ലാറ്ററൈസ് വർക്കുകൾ ഉടനെപൂർത്തീകിക്കുന്നതാണ്. പ്ലംബിംഗ് വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു.

**പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ**

മീനാക്ഷിപുരം പി.എം.എച്ച് നിർമ്മാണവുമായി ബന്ധപ്പെട്ട് 186.18 ലക്ഷം രൂപ അനുവദിക്കുകയും, സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയും, ഇലക്ട്രിക്കൽ വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു.

ആറളം പി.എം.എച്ച് നിർമ്മാണവുമായി ബന്ധപ്പെട്ട് 216.24 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തിയുടെ സ്ട്രക്ച്ചറൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്, പ്ലാസ്റ്ററിംഗ് പ്രവർത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

### മൾട്ടി പർപ്പസ് ഹോസ്റ്റൽ

ഷോർഷോർ മൾട്ടിപർപ്പസ് ഹോസ്റ്റൽ നിർമ്മാണവുമായി 192.11ലക്ഷം രൂപ അനുവദിക്കുകയും, സിവിൽ വർക്കുകൾ പൂർത്തീകകരിച്ച് ഇതിന്റെ ഉദ്ഘാടനം 2019 സെപ്റ്റംബർ 2-ാം തീയതി നിർവ്വഹിച്ചു.

- മാരമ്പള്ളി മൾട്ടിപർപ്പസ് ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് 127.21 ലക്ഷം രൂപ അനുവദിക്കുകയും പ്ലാസ്റ്ററിംഗ് പ്രവർത്തിയും പൂർത്തീകരിക്കുകയും (3 ലെവൽ) ഇലക്ട്രിക്കൽ പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

- പൂക്കോട് പി.എം.എച്ച് നിർമ്മാണവുമായി ബന്ധപ്പെട്ട് 250.35 ലക്ഷം രൂപ അനുവദിക്കുകയും, ഹോസ്റ്റൽ -പ്ലാസ്റ്ററിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടൈൽസ് വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. സ്കൂൾ- പ്ലാസ്റ്ററിംഗ് വർക്കുകൾ ഉടനെപൂർത്തീകരിക്കുന്നതാണ്. ടൈൽസ് വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. ക്യാന്റീൻ-കോൺക്രീറ്റ് വർക്കുകൾ പൂർത്തീകരിച്ചു

## പെൺകുട്ടികളുടെ സുരക്ഷ

### ഗോത്രവാത്സല്യ നിധി

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനായി 2017-18 വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 200 ലക്ഷം രൂപ വിനിയോഗിച്ച് 2018-19 വർഷം ലഭിച്ച 220 ലക്ഷം രൂപയും ഉൾപ്പടെ ആകെ 420.00 ലക്ഷം രൂപ വിനിയോഗിച്ച് 2017 ഏപ്രിൽ 1 ന് ശേഷം ജനിച്ച 1076 പെൺകുഞ്ഞുങ്ങളെ പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയായ എൽ.ഐ.സി യുമായി കരാറിൽ ഒപ്പുവെച്ച് സർക്കാർ ഉത്തരവിലെ മാനദണ്ഡപ്രകാരം ഇൻഷ്വർ ചെയ്തുകഴിഞ്ഞു.

### വിവാഹധനസഹായ പദ്ധതി

2018-19 വർഷം നിർദ്ധനരായ പട്ടികവർഗ്ഗ കുട്ടികൾക്കുള്ള വിവാഹ ധനസഹായ പദ്ധതിയിൽ 275 ലക്ഷം രൂപ ചെലവഴിച്ച് 275 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

## ഊരുകൂട്ടം

നടപ്പുവർഷം 2080 ഊരുകൂട്ടങ്ങളും ഊരുകൂട്ട സെമിനാറുകൾ നടത്തുന്നതിനുമായി 50.02 ലക്ഷം രൂപ ചെലവഴിച്ചു.

## ഗദ്ദിക

ഗദ്ദിക 2018-19 വർഷത്തിൽ കാസർകോഡ് ജില്ലയിലെ തൃക്കരിപ്പൂരിലും തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങലിലും സംഘടിപ്പിച്ചു.

## അതിക്രമം തടയൽ

പട്ടിക വർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയമാകുന്നവരെ പുനരധിവസിപ്പിക്കുക, ആശ്രിതർക്കുള്ള ധനസഹായം,വീടുകൾ, കിണറുകൾ, ഭൂമി എന്നിവ നഷ്ടമാകുന്ന കേസുകൾ അവ പുനരധിവാസ പരിപാടികൾക്കായി 140 ലക്ഷം വിനിയോഗിച്ച് 125 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി.

## എം.ജി.എൻ.ആർ.ഇ.ജി.എസ്-തൊഴിലിനുള്ള വേതനം

## എം.ജി.എൻ.ആർ.ഇ.ജി.എസ് കേരള ട്രൈബൽ പ്ലസ്

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, ട്ടിക വികസനവകുപ്പ്, എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി എം.ജി.എൻആർ.ഇ.ജി.എസ് സംസ്ഥാനമിഷന് 12.40 കോടി രൂപ അനുവദിച്ച 11729 കുടുംബങ്ങൾക്ക് അധികതൊഴിൽ നൽകി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

### എം.ജി.എൻ.ആർ.ഇ.ജി.എസ് എ വേതനം നൽകുന്നതിനുള്ള വകുപ്പിന്റെ കോർപ്പസ് ഫണ്ട്

തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തു വരുന്ന പട്ടികവിഭാഗക്കാർക്ക് കാലവിളംബം കൂടാതെ വേതനം ലഭ്യമാക്കുന്നതിന് 11.13 കോടി രൂപ റിവോൾവിംഗ് ഫണ്ടായി പദ്ധതി അട്ടപ്പാടിയിലെ ഷോളയൂർ, പുതൂർ പഞ്ചായത്തുകളിൽ കുടുംബശ്രീ ഊരുസമിതി വഴിയും വയനാട്ടിലെ പനമരം, മുട്ടിൽ, പുൽപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ.എ.ഡി.എസ് മുഖേമയുമാണ് നടപ്പിലാക്കുന്നത്.

## സി) പി.കെ.കാളൻ കുടുംബ പദ്ധതി

പി.കെ കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിചിതറിതാമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീമിഷനെയാണ് നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്നനിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായി രൂപീകരിച്ച 5.06 കോടി രൂപയുടെ മൈക്രോപ്ലാനുകൾ നടപ്പിലാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാനമിഷന് അനുവദിച്ചു നൽകി പദ്ധതിനടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ മലമ്പുഴ പഞ്ചായത്തിലെ ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാർകായുള്ള പദ്ധതികൾക്ക് 1.54 കോടി രൂപ സംസ്ഥാനകുടുംബശ്രീ മിഷന് അനുവദിച്ച് പൂർത്തീകരിച്ചു. എല്ലാ ജില്ലകളിലും മൈക്രോ പ്ലാനുകൾ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 2019–20 ബഡ്ജറ്റ്

| ക്രമ നം | പദ്ധതി വിഹിതം | പദ്ധതി വിഹിതം (രൂപ ലക്ഷം) |
|---|---|---|
| 1. | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) | 200.00 |
| 2. | പട്ടികവർഗ്ഗ വികസനവകുപ്പിന്റെ നവീകരണം | 250.00 |
| 3. | 1999-ജെല ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കലും. | 50.00 |
| 4. | ഭക്ഷണത്തിനുള്ള സഹായ/സുരക്ഷക്കുള്ള പരിപാടി | 2500.00 |
| 5. | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ | 350.00 |
| 6. | പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുക | 200.00 |
| 7. | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) | 5500.00 |
| 8. | ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള പദ്ധതികൾ | 375.00 |
| 9. | പൂൾഡ് ഫണ്ട് - പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട് | 500.00 |
| 10. | മാതൃകാ റസിഡൻഷ്യൽ സ്ക്കൂളുകൾ നടത്തതിനുള്ള ചെലവുകൾ. | 6000.00 |
| 11. | പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസനപരിശീലനത്തിനുമുള്ള സഹായം | 1000.00 |
| 12. | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) | 5600.00 |
| 13. | പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം | 200.00 |
| 14. | ട്രൈബൽ പ്രോമോട്ടർമാർ | 1494.00 |
| 15. | ഊരുകൂട്ടങ്ങളുടെ സംഘാടനം | 70.00 |
| 16. | മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം | 167.00 |
| 17. | ഹോസ്റ്റലുകളിലും എം. ആർ. എസ്സിലുമുള്ള കൗസിലർ മാർക്ക് ഓണറേറിയം | 100.00 |

| | | |
|---|---|---|
| 18. | പട്ടികവർഗ്ഗ ക്ഷേമത്തിനു വേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ | 130.00 |
| 19. | സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം | 90.00 |
| 20. | അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി | 60.00 |
| 21. | സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള സഹായം | 70.00 |
| 22. | അനാഥരായ കുട്ടികൾക്കുള്ള സഹായം | 115.00 |
| 23. | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | 225.00 |
| 24. | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം | 250.00 |
| 25. | ഭവനനിർമ്മാണം | 572.00 |
| 26. | പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻ മാർക്കുള്ള സാമ്പത്തിക സഹായം | 34.50 |
| 27. | സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം | 223.50 |
| 28. | പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം | 275.00 |
| 29. | ജനനി ജന്മരക്ഷ | 165.00 |
| 30. | അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കു പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി | 500.00 |
| 31. | പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധി–പ്പെടുത്തൽ | 2600.00 |
| 32. | അംബേദ്കർ സെറ്റിൽമെന്റ് വികസനപദ്ധതി (പുതുക്കിയ എ.റ്റി.എസ്.പി ഫണ്ട്/പ്രത്യേക പാക്കേജ്) | 10000.00 |
| 33. | പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി | |
| 34. | വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം | 10.00 |
| 35. | പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്രവാത്സല്യ നിധി) | 195.00 |
| 36. | ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം | 439.00 |
| | 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | 60.00 |
| 37. | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം | 1300.00 |
| 38. | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ:- | 3000.00 |
| 39. | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ:- | 0.01 |

| | | |
|---|---|---|
| 40. | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലനസ്ഥാപനം:- | 60.00 |
| 41. | പ്രാക്തനഗോത്ര വർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർുള്ള പദ്ധതി (സി.സി.ഡി പദ്ധതി) | 500.00 |
| 42. | കേരള സംസ്ഥാനപട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം | 0.01 |
| 43. | ആർട്ടിക്കിൾ 275 (1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുവരുടെയും നിയമം (2006) നടപ്പാക്കൽ (വനാവകാശ നിയമം) | 0.01 |
| 44. | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്രസഹായം) | 500.00 |
| 45. | 9-ാം ക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (100 % കേന്ദ്ര സഹായ പദ്ധതി ) 2225-02-277-37 | 375.00 |
| 46. | മാതൃകാ റസിഡൻഷ്യൽ സ്ക്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്രസഹായം ആർട്ടിക്കിൾ 275 (1) പ്രകാരം) | 300.00 |
| 47. | പട്ടികവർഗ്ഗക്കാർക്കായുള്ള വിവിധ സൗകര്യങ്ങളോടു കൂടിയ ഹോസ്റ്റലുകൾ (മൾട്ടി പർപ്പസ് ഹോസ്റ്റൽ) | 60000.00 |
| 48. | വനബന്ധു കല്യായോജന | 10000.00 |
| | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | |
| 49. | അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 % കേന്ദ്രാവിഷ്കൃത വിഹിതം) | 75.00 |
| 50. | ആൺകുട്ടികളുടെ  ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാനവിഹിതം 50 %) | 900.00 |
| 51. | പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്ക്കൂളുകളുടെയും, ആശ്രമം സ്ക്കൂളുകളുടെയും നിർമ്മാണം (50 % സംസ്ഥാനവിഹിതം) | 3000.00 |

# സംസ്ഥാനസർക്കാർ ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾ, പ്രതീക്ഷകൾ

## 1. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ഇൻഷുറൻസ് പദ്ധതി (ഗോത്ര വാത്സല്യ നിധി)

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കൽ, കഴിവ് മെച്ചപ്പെടുത്തുക, സാമൂഹ്യ പദവി ഉയർത്തുക, കൊഴിഞ്ഞു പോകുന്നത് തടയുക എന്നീ കാര്യങ്ങൾക്ക് വേണ്ടി ഒരു ഇൻഷുറൻസ് ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. ഇൻഷ്വർ ചെയ്യപ്പെടുന്ന പട്ടികവർഗ്ഗ പെൺകുട്ടികൾ 10-ാം ക്ലാസ് എത്തുമ്പോഴോ 18 വയസ്സ് ആകുമ്പോഴോ ആണ് ഈ ദീർഘകാല നിക്ഷേപ പദ്ധതി പൂർത്തിയാവുന്നത്. ഇത് അനുസരിച്ച് പെൺകുഞ്ഞിന്റെ ജനനരജിസ്ട്രേഷൻ തുടങ്ങി പ്രതിരോധ കുത്തിവയ്പ് സ്കൂൾ പ്രവേശനം തുടങ്ങിയ നടപടികളിലൂടെ പെൺകുട്ടി പത്താംക്ലാസിൽ എത്തുന്നതോടെ സ്വയം പര്യാപ്തത കൈവരിക്കുന്നത്. ഇൻഷുറൻസ് തുക ജീവിത നിലനിൽപ്പിനായോ ഉന്നത വിദ്യാഭ്യാസത്തിനായോ ഉപയോഗിക്കാവുന്നതാണ്.2017-18 - 2018-19 സാമ്പത്തിക വർഷങ്ങളിൽ 1076 പെൺകുട്ടികളെ എൽ.ഐ.സി മുഖേന ഇൻഷുർ ചെയ്തിട്ടുണ്ട്.

## 2. സാമൂഹ്യപഠനമുറി

പട്ടികവർഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനമുറി എന്ന പദ്ധതി പഠനകേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠനസൗകര്യങ്ങൾ ഒരുക്കുന്ന കെട്ടിടങ്ങളാണ് ഇതിനായി തയ്യാറാക്കുന്നത്. അതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളോ, മറ്റ് സമാനഇടങ്ങളോ കണ്ടെത്തുന്നതാണ്. കോളനിയിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കളെ ട്യൂട്ടർമാരായി തെരഞ്ഞെടുത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനകാര്യത്തിൽ സഹായിക്കുക, വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകൽ, പഠന സാമഗ്രികൾ വിതരണം, ലഘുഭക്ഷണം നൽകൽ എന്നിവയും കംപ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ലക്ഷ്യം വയ്ക്കുന്നത്. ഇവിടെ ട്യൂഷൻ എടുക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 15000/- രൂപാ ഓണറേറിയം ലഭിക്കുന്നതാണ്. അഭ്യസ്ത വിദ്യരായ യുവതീ യുവാക്കളുടെ തൊഴിലില്ലായ്മക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതിന് ഈ പദ്ധതി വഴി സാധിക്കും.

## 3. ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്രവിഭാഗ അദ്ധ്യാപകരുടെ സേവനം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ടിടിസി/ബിഎഡ് യോഗ്യതയുള്ള പ്രദേശത്തെ യുവവിദ്യാ സമ്പന്ന നെ(ആണോ/ പെണ്ണോ) ആദിവാസി ഭാഷയുടേയും മലയാള ഭാഷയു ടേയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വേണ്ട പരിശീ ലനം നൽകി പ്രൈമറി സ്കൂളിൽടീച്ചറോ വിദ്യാഭ്യാസ ഉപദേശക നായോ പ്രവർത്തിക്കാൻ പദ്ധതി വിഭാവനചെയ്യുന്നു. ഗോത്രവിഭാഗ ത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുകയും കൊഴിഞ്ഞുപോക്ക് കുറക്കുകയും 100 ശതമാനം ആദിവാസി കുട്ടി കൾക്കും സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും കുട്ടികൾക്ക് വേണ്ട പരി ശീലനം നൽകുന്ന ഉപദേശകനായോ സോഷ്യൽ വർക്കറായോ ടി അദ്ധ്യാപകൻ പ്രവർത്തിക്കുന്നു. കൂടാതെ വിദ്യാർത്ഥികളെ പരിചരിച്ചു കൊണ്ട് സമൂഹത്തിന്റേയും വിദ്യാർത്ഥികളുടേയും ഇടയിൽ മുഖ്യകണ്ണി യായി പ്രവർത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി വയനാട് ജില്ലയിൽ ആരംഭിച്ചു. വയനാട് ജില്ലയിൽ 241 ഉം അട്ടപ്പാടിയിൽ 26ഉം മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

## 4. ആറളം സമഗ്ര പാക്കേജ്

കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നബാർഡ് ആർ.ഐ.ഡി.എഫ് ധനസഹായത്തോടെ 42.67 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.

## 5. വയനാട് ഗോത്രഭാഷ പഠനകേന്ദ്രം

വിവരണാത്മക രീതിയിലും അപഗ്രഥനാപരമായ പ്രവർത്തനസമ്പ്രദായങ്ങളിലൂടെയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്ക്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക പ്രാഥമിക ദ്വിതീയ തലത്തിലുള്ള ഔദ്യോഗിക രേഖകൾ, സർവ്വെ വ്യ ക്തിഗത അഭിമുഖം ഫീൽഡ് വർക്ക് എന്നിവയുടെ സഹായത്തോടെ ശേഖരിച്ച് സമാഹരിക്കുന്ന പഠനകേന്ദ്രം. ടി പഠനകേന്ദ്രം കിർത്താഡ്സ് മുഖേനയാണ് നടത്തിവരുന്നത്.

## 6. പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി

പട്ടികവർഗ്ഗ കോളനികൾക്ക് പുറത്ത് ചിന്നിച്ചിതറി താമസിക്കുന്ന ഗോത്രവിഭാഗക്കാരുടെ വികസനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി. ഊരുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന കുടുംബശ്രീമിഷന്റെ സഹായത്തോടെ മൈക്രോപ്ലാൻ തയ്യാറാക്കിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

## 7. വിദേശ പഠനത്തിന് ധനസഹായം

സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിലേയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ് ടി. പദ്ധതി.

## 8 അംബേദ്ക്കർ സെറ്റിൽമെന്റ് വികസനപദ്ധതി (പുതുക്കിയ എ.റ്റി.എസ്. പി പദ്ധതി)

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. അടിയന്തരമായി നടപ്പാക്കേണ്ട അടിസ്ഥാനസൗകര്യങ്ങൾ, സാമ്പത്തിക വികസനപ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള അടിസ്ഥാനആവശ്യങ്ങൾ, പട്ടികവർഗ്ഗ സങ്കേതത്തിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണം, കുടിവെള്ളം, ശുചിത്വം, ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു.

## 9. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- കേരള ട്രൈബൽ പ്ലസ്

MGNREGS പദ്ധതി പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുതിന് 'കേരള ട്രൈബൽ പ്ലസ്' എ പദ്ധതി പട്ടിക വർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കുന്നു. ടി പദ്ധതി വഴി പട്ടികവർഗ്ഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമിടുന്നു.

തൊഴിൽ രഹിതരായവർ, തൊഴിൽ ചെയ്യാൻ സന്നദ്ധരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കായിട്ടാണ് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുക. സാമ്പത്തികവർഷത്തിൽ 100 തൊഴിൽ ദിനം പൂർത്തീകരിച്ച കേരളത്തിലെ എല്ലാ പ'ികവർഗ്ഗ കുടുംബങ്ങളും കേരള ട്രൈബൽ പ്ലസ് സ്കീമിൽ ഉൾപ്പെടുത്തുന്നു.

## 10. ഗോത്രജീവിക

ഗോത്രജീവിക പദ്ധതിയുടെ ഭാഗമായിപട്ടികവർഗ്ഗ ഭവന നിർമ്മാണ രംഗത്ത് പട്ടിക വർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനുമായി നിർമ്മാണ മേഖലയിലെ 7 ഇനങ്ങളിലായി കെട്ടിടപ്പണി, മരപ്പണി, കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, വയറിംഗ്, പ്ലംബിംഗ് എീ മേഖലകളിലായിപരിശീലനം നടപ്പിലാക്കി വരുന്നു.

## 11. (ഗോത്രരശ്മി) ശാക്തീകരണ -ബോധവത്ക്കരണ പരിപാടി

ഇടുക്കി ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗങ്ങളായ മാന്നാൻ, മുതുവാൻ, ഊരാളി, ഹിൽപുലയ, പളിയ തുടങ്ങിയ ഗോത്രവിഭാഗങ്ങളുടെ ജീവിത രീതികളിലെ സാംസ്ക്കാരിക തനിമ നിലനിർത്തിക്കൊണ്ട് പുതിയ ജീവിതോപാധി മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ കരുത്താർജ്ജിക്കുന്നതിനും പുതിയ വിദ്യാഭ്യാസത്തിലൂടെ അവർക്ക് ആത്മ വിശ്വാസം പകരുന്നതിനും ഉതകുന്ന പദ്ധതിയാണ് 'ഗോത്ര രശ്മി. പ്രസ്തുത പദ്ധതിയ്ല 60 ഗോത്ര രശ്നിഗ്രൂപ്പുകൾ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും മൂന്ന് മേഖലയിലാണ് ഗോത്രരശ്മി ഗ്രൂപ്പുകൾ പ്രവർത്തനങ്ങൾ നടത്തിയത്.

1. കല, സംസ്കാരം, ഗോത്രഭാഷാപഠനം,

2 ബോധവത്കരണം, ജീവിത നൈപുണ്യപ്രവർത്തനം, ആരോഗ്യ -വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

3. ജൈവ കൃഷി

പ്രസ്തുത പദ്ധതി ഇടുക്കി ജില്ലയിൽ പൂർത്തിയായിട്ടുണ്ട്.

## 12. മില്ലറ്റ് വില്ലേജ്

പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുതിനായി പട്ടികവർഗ്ഗ വികസനവകുപ്പും,കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ്. അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിൽ വകുപ്പിന്റെ വിഹിതമായ 4.87 കോടി രൂപയിൽ ആദ്യഗഡുവായി 48.50 ലക്ഷം രൂപ അനുവദിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

## അപ്പാരൽ പാർക്ക്, അട്ടപ്പാടി



## ഗോത്ര സാംസ്കാരിക കേന്ദ്രം, കൊച്ചി...പ്രവർത്തനോദ്ഘാടനം

